يا باغي الخير اقبل
Come On For Charity

# ക്രൈസ്തവ ദൈവസങ്കൽപം ഒരു മിഥ്യ

എം.എം. അക്ബർ

# بطلان عقيدة التثليث

تأليف : م. م. أكبر


The Cooperative Office For Call & Guidance to Communities at Rawdhah Area
Under the Supervision of Ministry of Islamic Affairs and Endowment and
Call and Guidance - Riyadh - Rawdhah
Tel. 4918051 Fax 4970561 - P.O. Box 87299 Riyadh 11642


المليبارية
١٠٣

എം.എം. അക്ബർ

# ക്രൈസ്തവ ദൈവസങ്കൽപം ഒരു മിഥ്യ

യുവത ബുക്ക് ഹൗസ്, പി. ബി. നമ്പർ 524.
കോഴിക്കോട് - 2

CHRISTIAN GOD CONCEPT- A MYTH
( malayalam )
kristhawa daiwa sangalpam oru midhya
ക്രൈസ്തവ ദൈവ സങ്കൽപം ഒരു മിഥ്യ
author: m.m. akbar parappenangadi
first impression: sept. 1990
copies: 2500
printers: new shibu areacode
publishers: niche of truth p.b. no : 507
areacode 673 639 kerala
distribution: yuvatha book house
p· b. no 524 kozhikode-2
price: rs. 10-00

Y B H 35 9/90 2500 En. 1.

മനുഷ്യന്റെ സാംസ്കാരികവും സാമൂഹ്യവുമായ ഉന്നമനവും വൈജ്ഞാനിക വികാസവും ലക്ഷ്യമാക്കികൊണ്ട് പ്രവർത്തിക്കുന്ന ഒരു പ്രസിദ്ധീകരണാലയമാണ് 'യുവത'. അധഃപതനത്തിൽനിന്നും ധാർമിക ച്യുതിയിൽ നിന്നുമുള്ള മനുഷ്യ മോചനത്തിന് 'യുവത' ഊന്നൽ നൽകുന്നു. വളരെ കുറഞ്ഞ കാലം കൊണ്ട് തന്നെ പുസ്തക പ്രസിദ്ധീകരണ രംഗത്ത് ശ്രദ്ധിക്കപ്പെട്ടുന്നൊരു സ്ഥാപനമായുയരാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ യുവതക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ വളർച്ച്യുടെ ഓരോ ബിന്ദുവിലും ഭാഗഭാക്കുകളാകാൻ അഭ്യർത്ഥിക്കുന്നു.

—യുവത

# പ്രസാധക കുറിപ്പ്

ഭൂമുഖത്ത് നിയുക്തരായ മുഴുവൻ ദൈവദൂതൻമാരും കണിശമായ ഏകദൈവത്വമാണ് പ്രബോധനം ചെയ്തത്. ബൈബിൾ പഴയ നിയമം ഈ വസ്തുത സംശയലേശമെന്യെ നമുക്ക് വ്യക്തമാക്കിത്തരുന്നു. ബൈബിൾ പുതിയ നിയമത്തിലും ഇതിനു വിരുദ്ധമായി യാതൊന്നുമില്ലെങ്കിലും സുവിശേഷങ്ങളിലെ ചില പദ പ്രയോഗങ്ങളെ അന്യഥാ വ്യാഖ്യാനിച്ചുകൊണ്ട് ത്രിയേക ദൈവ സങ്കൽപത്തിന് തെളിവുണ്ടാക്കാൻ ക്രൈസ്തവ സഭകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഏകദൈവത്തിൽ മൂന്ന് ആളത്വങ്ങളുണ്ടെന്നും സമർത്ഥിക്കാൻവേണ്ടി ക്രൈസ്തവ പണ്ഡിതൻമാർ നടത്തുന്ന ശ്രമങ്ങൾ യഥാർത്ഥത്തിൽ സഹതാപാർഹമായ വാചകാഭ്യാസങ്ങൾ മാത്രമാണ്. യുക്തിയുടെയോ ദിവ്യപ്രമാണങ്ങളുടെയോ യാതൊരു പിൻബലവും അതിനൊന്നും ഇല്ല. ഈ വിഷയം ലളിതമായും ഖണ്ഡിതമായും വ്യക്തമാക്കുന്ന ഈ ലഘു കൃതി ക്രൈസ്തവ ദൈവ സങ്കൽപത്തെ പഠനവിധേയമാക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. പടച്ചവൻ തുണക്കട്ടെ.

നിച് ഓഫ് ട്രൂത്തിന് വേണ്ടി ഈ പുസ്തകം തയ്യാറാക്കിയത് അന്തമാൻ ഇസ്ലാമിക് സെൻറർ ഡയരക്ടറും, സ്ററുവർട്ട്ഗഞ്ച് ഹൈസ്ക്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകനുമായ ജ. എം.എം. അക്ബറാണ്. എഡിററിംഗ് നിർവ്വഹിച്ചത് സുപ്രസിദ്ധ എഴുത്തുകാരൻ ജ. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയും. മാന്യ ദേഹങ്ങളോടുള്ള നിസ്സീമമായ കൃതജ്ഞത ഞങ്ങൾ രേഖപ്പെടുത്തുന്നു. അല്ലാഹു അവർക്ക് മതിയായ പ്രതിഫലം നൽകട്ടെ.

പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിൽ ഞങ്ങളോട് സഹകരിച്ചവർ ധാരാളമുണ്ട്. അവരിൽ ദമാം–ഇന്ത്യൻ ഇസ്ലാഹി സെൻറർ സാരഥി ജ. ഇമ്പിച്ചിക്കോയയെ ഞങ്ങൾ പ്രത്യേകം സ്മരിക്കുന്നു. അതുപോലെ അച്ചടി ഭംഗിയായി നിർവ്വഹിച്ച ന്യൂ ഷിബു പ്രസ് മാനേജ്മെൻറിനെയും തൊഴിലാളികളെയും.

ദക്ഷിണേന്ത്യയിലെ മികച്ച ഇസ്ലാമിക പ്രസിദ്ധീകരണാലയമായ 'യുവത ബുക്ക് ഹൗസ്' ഈ പുസ്തകത്തിൻെറ പൊതു വിതരണം ഏറെറടുത്തതിൽ ഞങ്ങൾ സന്തുഷ്ടരാണ്. 'യുവത'ക്ക് നന്ദി.

ഈ സംരംഭം പരലോക മോക്ഷത്തിന് ഉതകുന്ന ഒരു സൽകർമ്മമായി പടച്ചതമ്പുരാൻ അംഗീകരിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഡയരക്ടർ
നിച് ഓഫ് ട്രൂത്ത്

അരീക്കോട്
25-5-1990

## വായനക്ക് മുമ്പ്...

പരമ കാരുണികന്റെ നാമത്തിൽ
ത്രിയേകത്വം— ക്രൈസ്തവ ദൈവ സങ്കൽപത്തിന്റെ അടിത്തറ;
ലോകത്തിൽ ഏററവുമധികമാളുകൾ വിശ്വസിക്കുന്ന ആശയം.
മനുഷ്യന് മനസ്സിലാവാത്ത, ഉൾക്കൊള്ളാനാവാത്ത വിശ്വാസം.
സഭ പറയുന്നുവെന്നതിനാൽ മാത്രം വിശ്വസിക്കപ്പെടുന്ന തത്വം.
അതിന്റെ പ്രാമാണികതയാണിവിടെ പരിശോധിക്കപ്പെടുന്നത്.
മലബാറിൽ ഒന്നിലധികം സംഘടനകൾ
മുസ്ലിംകളെ ക്രൈസ്തവൽക്കരിക്കാനായി പ്രവർത്തിക്കുന്നു.
പരിശുദ്ധ ഖുർആനിൽനിന്ന് അറബി മൂലമടക്കം
എടുത്തുദ്ധരിച്ചുകൊണ്ട്
ക്രിസ്തുമത വിശ്വാസം പ്രചരിപ്പിക്കുന്ന
ഇരുപതോളം ഗ്രന്ഥങ്ങൾ മലയാളത്തിലുണ്ട്.
ആർക്ക് പ്രീസ്ററ് സക്കരിയാ ബ്യൂട്രസ് എഴുതിയ
'വിശുദ്ധ ത്രിത്വത്തിൽ ദൈവം ഏകനാണ്',
എം.എച്ച്. ഫിൻലെ എഴുതിയ
'നിങ്ങളുടെ ചോദ്യം ഇതാണെങ്കിൽ'
സി.ജി. ഫാൻഡർ രചിച്ച
'മീസാനുൽഹഖ്; സത്യത്തിന്റെ തുലാസ്'
കെ.കെ. അലവി എഴുതിയ
'ദൈവത്തിനു പുത്രനോ'
ക്ലെയർ ടിസ്ഡാൽ രചിച്ച
'Christian Reply to Muslim Objections'
എന്നീ പുസ്തകങ്ങളിലെ ത്രിത്വത്തെ പരാമർശിക്കുന്ന
ഭാഗങ്ങളാണ് ഇവിടെ വിമർശന വിധേയമാക്കിയിരിക്കുന്നത്.
സംശയങ്ങൾ സ്വാഭാവികമാണ്;
അവ തീർക്കാൻ ഈ ലേഖകൻ ബാധ്യസ്ഥനാണ്.
ക്രിസ്തുമത പ്രചാരകരുമായി പല പ്രാവശ്യം നടത്തിയ
കൂടിക്കാഴ്ചകൾ ഈ പുസ്തക രചനയിൽ
സ്വാധീനം ചെലുത്തിയിട്ടുണ്ട്; ഇതിലുന്നയിച്ചിരിക്കുന്ന
വാദങ്ങൾക്കൊന്നും തന്നെ തൃപ്തികരമായ
മറുപടി നൽകാൻ മിഷിനറിമാർക്ക് കഴിയില്ലെന്ന്
എന്നെ ബോധ്യപ്പെടുത്തിയത് ഇത്തരം കൂടിക്കാഴ്ചകളാണ്.
ഇവ്വിഷയകമായി ഇനിയും തുറന്ന ചർച്ചകളാവാം.
സംഹാരാത്മകമല്ലാത്ത സംവാദങ്ങളുമാവാം.
ഇതിലെ ബൈബിൾ വചനങ്ങൾ,
ബാംഗ്ലൂരിലെ 'ഇന്ത്യാ ബൈബിൾ സൊസൈററി' പുറത്തിറക്കിയ
'സത്യവേദ പുസ്തക'ത്തിൽനിന്നും

കൊച്ചിയിലെ 'പാസ്ററൽ ഓറിയൻേറഷൻ സെൻറർ'
പ്രസിദ്ധീകരിച്ച മലയാളം 'ബൈബിളി'ൽ നിന്നുമാണ്
ഉദ്ധരിച്ചിരിക്കുന്നത്.
ഖുർആൻ സൂക്തങ്ങളുടെ പരിഭാഷക്ക്
മൗലവി മുഹമ്മദ് അമാനിയുടെ
'വിശുദ്ധ ഖുർആൻ വിവരണ'മാണ് മുഖ്യ അവലംബം.
നന്ദിപറയേണ്ടത് പ്രധാനമായും
മിഷിനറിമാർക്കുതന്നെയാണ്.
പുസ്തകങ്ങളും ബൈബിൾ പതിപ്പുകളും
അയച്ചുതന്നത് അവരാണ്:
അവരുടെ ലക്ഷ്യം ഈയുള്ളവൻ
'രക്ഷിക്കപ്പെടുക'യായിരുന്നുവെങ്കിലും.
അവർ തന്നെയാണ് ഈ പുസ്തകത്തിനുള്ള
പ്രചോദനവും.
ആത്മാർത്ഥമായിട്ടാണ് അവരുടെ
പ്രവർത്തനങ്ങളെങ്കിൽ,
ഈ പുസ്തകം വായിക്കുന്ന മിഷിനറിമാർ
രക്ഷയ്ക്ക്വേണ്ടി, ക്രിസ്തുമതം വലിച്ചെറിഞ്ഞ്
ക്രിസ്തു പ്രബോധനം ചെയ്ത മതത്തിലേക്ക്
കടന്നുവരുമെന്നാണ് എൻെറ പ്രതീക്ഷ—
അവരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ
നിത്യജീവൻ നേടിയെടുക്കാൻ വേണ്ടിയുള്ള
ജീവിത ദർശനത്തിലേക്ക് ക്ഷണിക്കുവാൻ
വേണ്ടിയാവുകയാണെങ്കിൽ, അതവർക്ക്
ഗുണം ചെയ്യട്ടെയെന്ന ആഗ്രഹമാണ് ഇതിന്നുള്ള പ്രേരണ.
സത്യം അറിഞ്ഞശേഷമുള്ള നിഷേധം
കൂടുതൽ കടുത്ത ദൈവികശിക്ഷക്ക് പാത്രീഭൂതമാക്കുമെന്ന കാര്യം
ഓർക്കുക; നാം നമ്മുടെ കടമ നിർവ്വഹിക്കുക മാത്രമാണ്.
ഇതെഴുതുവാനനുഗ്രഹിച്ച അല്ലാഹുവിന് സ്തുതി.
പ്രസിദ്ധീകരിക്കുന്ന നിച് ഓഫ് ട്രൂത്തിന് നന്ദി.
ക്രിസ്തുമത പഠനത്തിന് എന്നെ സഹായിക്കുകയും
പ്രചോദിപ്പിക്കുകയും ചെയ്ത സമദ് എളാപ്പയോടുള്ള
കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.
അല്ലാഹു ഇതൊരു സൽകർമ്മമായി സ്വീകരിക്കട്ടെ (ആമീൻ)
'സത്യം വന്നു; അസത്യംതകർന്നു; അസത്യം തകരുകതന്നെ ചെയ്യും.'
—ഖുർആൻ

**എം.എം. അക്ബർ**
**ഇസ്ലാമിക് സെൻറർ**
**സൗത്ത് അന്തമാൻ**

# താളുകളിൽ


പ്രസാധകക്കുറിപ്പ്

വായനക്ക് മുമ്പ്

വിശ്വസിക്കാനാവാത്ത വിശ്വാസം 9

ത്രിത്വം വേദപുസ്തക സത്യമോ ? 20

ആ വേദവാക്യം എവിടെപ്പോയി? 29

പിതാവ്; പുത്രൻ; പരിശുദ്ധാത്മാവ് 44

ക്രിസ്തു ഒരു മനുഷ്യൻ തന്നെ 53

ക്രിസ്തുവിന്റെ ജനനം 57

ക്രിസ്തു വിശ്വാസികൾ തയ്യാറാകുമോ? 61

ക്രിസ്തു ഒരു ഇസ്രായീൽ പ്രവാചകൻ 63

ക്രിസ്തു എന്ന മനുഷ്യൻ 66

ത്രിത്വം; അൽപം ചരിത്രം 71

തെളിവ് ഖുർആനിലും! 82

REFERENCES 96

"നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ"

—മത്തായി 4 : 10

## വിശ്വസിക്കാനാവാത്ത 'വിശ്വാസം'

''വിശുദ്ധൻ ത്രിത്വത്തിന്റെ പൊരുളു തേടി നാടുകൾ താണ്ടി യാത്രയായി. മനുഷ്യബുദ്ധിക്ക് മനസ്സിലാവാത്ത ത്രിയേക ദൈവ സങ്കൽപത്തിന്റെ അർത്ഥമറിയാനായി കാടുകളും മലകളും നദികളും താണ്ടി സമുദ്ര തീരത്തുകൂടി നടക്കുമ്പോൾ ഒരു ദിവസം വിശുദ്ധനൊരു കാഴ്ച കണ്ടു. ഒരു ചെറിയ കുഞ്ഞ് കടപ്പുറത്തൊരു കുഴിയുണ്ടാക്കി അടിച്ചുവീശുന്ന തിരമാലകളിൽ നിന്ന് സമുദ്രജലം കൈകുമ്പിളിൽ നിറച്ച് ആ കുഴിയിലേക്ക് ഒഴിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം ചോദിച്ചു:

'എന്താ കുഞ്ഞേ നീ ചെയ്യുന്നത്?'

കുട്ടി തലയുയർത്താതെ മറുപടി പറഞ്ഞു:

'കടലിലെ വെള്ളം മുഴുവൻ ഞാനീ കുഴിയിലേക്ക് നിറക്കാ.'

വിശുദ്ധൻ പ്രതിവചിച്ചു:

'ഈ മഹാ സാഗരത്തിലെ വെള്ളം മുഴുവൻ ഈ ചെറിയ

കുഴിയിലേക്ക് നിറക്കാൻ കഴിയുമോ മോനേ...... നീയെന്ത് വിഡ്ഢിത്തമാണീ ചെയ്യുന്നത്?'

കുട്ടി തലയുയർത്തി നോക്കി. എന്നിട്ട് പറഞ്ഞു:

'നിങ്ങൾ പൊരുൾ തേടി അലയുന്ന സങ്കൽപത്തിന്റെ അർത്ഥമറിയുക ഇതിലും ദുർഘടമാണ്.'

വിശുദ്ധന് ബോധോദയമുണ്ടായി. അദ്ദേഹം വന്ന വഴിക്ക് തിരിച്ചുപോയി. വേദ പുസ്തക സത്യങ്ങളിൽ സുപ്രധാനമായ ത്രിയേക ദൈവ വിശ്വാസം ചോദ്യംചെയ്യാതെ അംഗീകരിക്കൽ ഒരു ക്രൈസ്തവന്റെ ബാധ്യതയാണ്.''

ക്രൈസ്തവ ദൈവ സങ്കൽപത്തിന്റെ ആണിക്കല്ലായ ത്രിയേക വിശ്വാസത്തെപ്പററി ഒരു സുവിശേഷ പ്രവർത്തകനോട് ചോദിച്ചപ്പോൾ ലഭിച്ച മറുപടിയാണിത്. പൊതുവെ ത്രിയേക വിശ്വാസം മനുഷ്യബുദ്ധിക്ക് മനസ്സിലാവാത്തതാണെന്ന കാര്യത്തിൽ ക്രൈസ്തവർക്കിടയിലെ ഒട്ടുമിക്ക ഗ്രൂപ്പുകളും യോജിക്കുന്നു.

എന്താണ് ത്രിത്വം? മൂന്നാം നൂററാണ്ടിലെ പ്രസിദ്ധനായ ക്രിസ്ത്യൻ മത ശാസ്ത്രജ്ഞനും തത്വജ്ഞാനിയുമായിരുന്ന വിശുദ്ധ അഗസ്റ്റിൻ ത്രിത്വത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു:

'ദൈവിക ത്രിത്വത്തെക്കുറിച്ച് പഠിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് എനിക്കു മുമ്പെഴുതിയിട്ടുള്ള —എനിക്ക് വായിക്കാൻ കഴിഞ്ഞ— ഗ്രന്ഥങ്ങളുടെ കർത്താക്കളായ വേദ പുസ്തകത്തിന്റെ പഴയതും പുതിയതുമായ കാത്തോലിക വ്യാഖ്യാതാക്കളെല്ലാം തന്നെ വിശുദ്ധ വചനങ്ങൾ പ്രകാരം പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവിക ഏകത്വത്തിൽ ഒരുമിച്ചിട്ടുണ്ടെന്നും, അംശനീയമല്ലാത്ത തുല്യതയിലാണവയുടെ സത്തയെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാലവർ മൂന്ന് ദൈവങ്ങളല്ല; ഒരേയൊരു ദൈവം മാത്രം. എന്നിരുന്നാലും പിതാവാണ് പുത്രനെ ജനി

പ്പിച്ചതെന്നതിനാൽ പിതാവ് പുത്രനല്ല; പുത്രൻ പിതാവിനാൽ ജനിപ്പിക്കപ്പെട്ടതിനാൽ പുത്രൻ പിതാവുമല്ല; പരിശുദ്ധാത്മാവാകട്ടെ പിതാവും പുത്രനുമല്ല. പിതാവിൻെറയും പുത്രൻെറയും ആത്മാവ് മാത്രമാണതെങ്കിലും അത് സ്വയം തന്നെ പിതാവുമായും പുത്രനുമായും തുല്യതയിൽ സ്ഥിതി ചെയ്യുന്നു. ഏകത്വത്തിൻെറ ത്രിഭാവങ്ങളിലൊന്നാണത്. ത്രിത്വം, കന്യാമറിയമിൽ ജനിച്ച് പോൺടിയസ് പിലേറ്റിനു് കീഴിൽ ക്രൂശിക്കപ്പെട്ട് ശവമടക്കപ്പെട്ട് മൂന്നാംദിവസം ഉയിർത്തെഴുന്നേററവനല്ല —അവൻ പുത്രൻ മാത്രമാണ്. ത്രിത്വം, യേശു സ്നാനം ചെയ്യുമ്പോൾ പ്രാവു രൂപത്തിൽ ഇറക്കപ്പെട്ടവനോ കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷം 'ആകാശത്തു നിന്നുമുണ്ടായ കൊടുങ്കാററടിക്കുന്നതുപോലെയുള്ള ശബ്ദ'മോ 'ഓരോരുത്തരുടെയും മേൽ വന്നു നിൽക്കുന്നതായി കണ്ട അഗ്നിജ്വാലകളെപ്പോലുള്ള നാവുക'ളോ അല്ല— അത് പരിശുദ്ധാത്മാവ് മാത്രമാണ്. കർത്താവ്, യോഹന്നാൻ സ്നാപകനാൽ സ്നാനമേൽക്കുമ്പോൾ ആകാശത്തുനിന്നു കേട്ട 'നീ എൻെറ പുത്രൻ' എന്ന ശബ്ദത്തിൻെറയോ, മൂന്നു ശിഷ്യൻമാരോടുകൂടെ മലയിൽ നിൽക്കുമ്പോൾ ശ്രവിച്ച 'ഞാനതിനെ മഹത്വപ്പെടുത്തിയിരിക്കുന്നു. വീണ്ടും ഞാനതിനെ മഹത്വമുള്ളതാക്കും' എന്ന ശബ്ദത്തിൻെറയോ ഉടമസ്ഥനുമല്ല ത്രിത്വം— അവ പുത്രനോടുള്ള പിതാവിൻെറ വചനങ്ങൾ മാത്രമാണ്. എങ്കിലും, പിതാവും പുത്രനും പരിശുദ്ധാത്മാവും അഭിന്നമായതുപോലെ അവരുടെ പ്രവർത്തനങ്ങളും അഭിന്നമാണ്. ഇത് കാത്തോലിക വിശ്വാസമായിരിക്കുന്നിടത്തോളം എൻെറയും വിശ്വാസമാണ്.' 1

പിതാവും പുത്രനും പരിശുദ്ധാത്മാവും കൂടിയ ഏകദൈവം എന്ന ആശയം മനുഷ്യബുദ്ധിക്കു മനസ്സിലാവാത്തതിനാലാണ്

1. Saint Augustine: Basic Writings edited by Whitney-J-Oates (New York, 1948) Volume 2, Page 672.
Quoted by Mohammed Taqi Usmani: "What is Christianity" Page 3,

'ഇത് കാത്തോലിക വിശ്വാസമായിരിക്കുന്നിടത്തോളം എന്റെയും വിശ്വാസമാണ്' എന്നു പറയാൻ സെൻറ് അഗസ്റ്റിൻപ്പോലും പ്രേരിതനാകുന്നത്. മൂന്നു വ്യക്തികൾ— മൂന്നു രൂപത്തിലുള്ള പ്രവർത്തനങ്ങൾ— മൂന്ന് അസ്തിത്വങ്ങൾ— ഒരാൾ മറ്റൊരാളോട് സംസാരിക്കുന്നു, പരസ്പരം സഹായങ്ങളർത്ഥിക്കുന്നു— പക്ഷെ, മൂന്നുപേരും ഒന്നാണെന്ന് വിശ്വസിക്കണം! കാരണമത് കാത്തോലിക വിശ്വാസമാണ്! പത്രോസാകുന്ന പാറമേൽ സ്ഥാപിക്കപ്പെട്ട സഭയുടെ മൂലസിദ്ധാന്തമാണ്! മനുഷ്യന്റെ യുക്തിയോടും ബുദ്ധിയോടും ഇത്രയും ക്രൂരത കാണിക്കുന്ന സിദ്ധാന്തങ്ങളുൾക്കൊള്ളുന്നതുകൊണ്ടു തന്നെയായിരിക്കണം ബുദ്ധി ഉപയോഗിക്കുന്നവർക്കെതിരെ സഭ നിലകൊണ്ടതും ശാസ്ത്ര വസ്തുതകൾക്കെതിരെ കുരിശുയുദ്ധത്തിനു ഇറങ്ങി പുറപ്പെട്ടതും.

ത്രിത്വത്തിന് നൽകുന്ന ഓരോ വിശദീകരണവും കൂടുതൽ കൂടുതൽ സങ്കീർണ്ണത സൃഷ്ടിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. വിശുദ്ധ അഥനാസിസിന്റെ (St. Athanasius) നിസിൻ വിശ്വാസ (Nicene Creed – AD 325) പ്രമാണ പ്രകാരം ത്രിത്വത്തിന്റെ നിർവ്വചനം ശ്രദ്ധിക്കുക:

'യഥാർത്ഥത്തിലുള്ള ദൈവം ഏകദൈവം മാത്രമാകുന്നു. അവൻ അനശ്വരനും, ശരീര രഹിതനും, ഭാഗങ്ങളോ (Parts) വികാരങ്ങളോ ഇല്ലാത്തവനും അനന്തമായ ശക്തിയും വിജ്ഞാനവും വൈശിഷ്ട്യവുമുള്ളവനും ദൃഷ്ടിക്ക് ഗോചരമായതും അല്ലാത്തതുമായ എല്ലാററിന്റെയും സ്രഷ്ടാവും സംരക്ഷകനുമാണ് —ദൈവിക സ്വത്വത്തിലുള്ള ഈ ഏകത്വത്തിൽതന്നെ മൂന്നു വ്യക്തിത്വങ്ങൾ സ്ഥിതി ചെയ്യുന്നു— പിതാവും പുത്രനും പരിശുദ്ധാത്മാവും ഏക സത്തയും ശക്തിയും അനശ്വരതയുമുള്ളവരാകുന്നു.'[1]

ഭാഗങ്ങളില്ലാത്ത ദൈവം, സത്തയിൽ ഒരുവൻ മാത്രമായ

1. Art 1 of the 39 Articles. Quoted by W. St. Clair Tisdall: "Christian Reply to Muslim Objections" Page 150.

ദൈവം, വികാരങ്ങളില്ലാത്ത ദൈവം, അനശ്വരനും ശരീരരഹിതനുമായ ദൈവം, മൂന്നു വ്യക്തികളായി മാറുമ്പോൾ ഈ ഗുണങ്ങളെല്ലാം നഷ്ടപ്പെടുന്നു. ദൈവിക സത്തയിലെ രണ്ടാമത്തെ ആളത്വത്തിനും ശരീരവും വികാരങ്ങളുമുണ്ടായിരുന്നുവെന്ന് 'വിശുദ്ധ വേദ പുസ്തകം' തന്നെ വ്യക്തമാക്കുന്നു. ഇങ്ങനെ വിഭിന്നങ്ങളായ നിരവധി പ്രശ്നങ്ങളിൽ കുരുങ്ങി ത്രിത്വമെന്ന പ്രഹേളികക്ക് വിശദീകരണം നൽകുവാൻ പാടുപെടുന്ന സുവിശേഷകൻമാർ അനുയായികളെ ഉറപ്പിച്ചു നിർത്തുവാനായി പലപ്പോഴും പറയാറുള്ള കഥയാണ് ആദ്യം ഉദ്ധരിച്ചത്.

യുക്തിക്ക് മനസ്സിലാക്കാൻ കഴിയാത്ത ത്രിത്വത്തെ യുക്ത്യാധിഷ്ഠിതമായ ഉദാഹരണങ്ങളിലൂടെ സ്ഥാപിക്കാൻ ശ്രമിക്കാറുണ്ട്; ചില ക്രൈസ്തവ എഴുത്തുകാർ. ഇത്തരത്തിലുള്ള ഉദാഹരണങ്ങളിൽ ബൈബിൾ വചനങ്ങളെപ്പോലും തെററായി വ്യാഖ്യാനിക്കാൻ ചിലർ ധൃഷ്ടകാന്തി കാണിക്കാറുണ്ട്. പ്രമാദമുക്തമെന്ന് വിശ്വസിക്കപ്പെടുന്ന 'സത്യവേദ പുസ്തകത്തി'ലെ പദങ്ങൾ തന്നെ തെററായി വ്യാഖ്യാനിക്കുന്നവർക്ക് ശാസ്ത്രത്തെയും മററു ഭൗതിക വസ്തുതകളെയും തെററായി വ്യാഖ്യാനിക്കാൻ പ്രയാസം നേരിടുകയില്ലല്ലോ.

വിശുദ്ധ ത്രിത്വത്തെ മനുഷ്യബുദ്ധിക്ക് മനസ്സിലാകുന്ന രൂപത്തിലുള്ള ഉദാഹരണങ്ങളിലൂടെ വ്യാഖ്യാനിക്കാൻ ശ്രമിച്ച ക്ലെയർ ടിസ്ഡാൽ, എം.എച്ച്. ഫിൻലെ എന്നിവർതന്നെ അവസാനമെത്തുന്ന നിഗമനം ത്രിത്വം ഒരിക്കലും മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയില്ലെന്നാണ്. എങ്കിലും ത്രിത്വം യുക്തിക്കെതിരാണെന്ന വസ്തുത അംഗീകരിക്കുവാനവർ സന്നദ്ധരല്ല. 'ത്രിത്വത്തെപ്പററിയുള്ള ഉപദേശത്തെ മനുഷ്യയുക്തി കൊണ്ട് പൂർണ്ണമായി മനസ്സിലാക്കാമെന്നു് പറയുന്നില്ല'[1] എന്ന് സമ്മതിക്കുന്ന ഫിൻലെ പിന്നെ പറയുന്നത് 'ത്രിത്വമെന്നത് യുക്തിക്ക് നിരക്കാത്തതല്ല, പിന്നെയോ യുക്തിക്ക് അ

1. എം.എച്ച്. ഫിൻലെ— ''നിങ്ങളുടെ ചോദ്യം ഇതാണെങ്കിൽ'' പേജ്: 41.

തീതമായതാണ്'' 1 എന്നാണ്. ടിസ്ഡാൽ എഴുതുന്നതും ഇതു തന്നെ. It is above reason not contrary to reason. 2

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്വന്തമായ അസ്തിത്വമുള്ളതായി ബൈബിൾ വചനങ്ങൾ വ്യക്തമാക്കുന്നു. അപ്പോൾ $1+1+1=3$ എന്ന ലളിതമായ ഗണിത സൂത്രവാക്യ പ്രകാരം ദൈവം മൂന്നാകേണ്ടതല്ലേയെന്ന ചോദ്യത്തിന് $1\times1\times1=1$ ആണെന്നും മൂന്ന് ഒന്ന് ഗുണിച്ചാൽ ഒന്നാണെന്ന തിനാൽ മൂന്ന് ദൈവങ്ങൾ കൂടിയാൽ ഏകദൈവമായി മാറുമെന്നുമാണ് എം. എച്ച്. ഫിൻലെ 3 യുടെ വാദം. മൂന്ന വ്യത്യസ്ത വ്യക്തിത്വങ്ങളെ ഗുണന ചിഹ്നത്തിലൂടെ ഒന്നാക്കിമാററുന്ന 'ചെപ്പടിവിദ്യ' കണ്ടാൽ ഒന്നാം ക്ലാസിൽ ഗണിതം പഠിക്കുന്ന കുട്ടികൾപോലും നാണിച്ചുപോകും. മുപ്പത്തിമുക്കോടി 'ഒന്നുകൾ' ഗുണിച്ചാലും 'ഒന്നാ'യിരിക്കും ഉത്തരമെന്ന വസ്തുതയുടെ വെളിച്ചത്തിൽ പരബ്രഹ്മത്തിൻെറ ഭാഗങ്ങളാണ് മുപ്പത്തിമുക്കോടി ദൈവങ്ങളുമെന്ന ഹൈന്ദവ അദ്വൈത തത്വത്തിനും ഗണിത ശാസ്ത്രത്തിൻെറ പിൻബലമവകാശപ്പെടാൻ കഴിയും. ഇത്തരം വില കുറഞ്ഞ ഉദാഹരണങ്ങൾ എഴുത്തുകാരുടെയും അവർ സ്ഥാപിക്കാനുദ്ദേശിക്കുന്ന ആശയത്തിൻെറയും വില കുറയ്ക്കാൻ മാത്രമെ പര്യാപ്തമാവൂ.

ഒരു ചതുരക്കട്ടയെ ദൈവത്തോടുപമിച്ച് അതിൽ നീളം, വീതി, ഉയരം എന്നിവ അടങ്ങിയിരിക്കുന്നതുപോലെ ദൈവത്തിൻെറ ഏകത്വത്തിൽ മൂന്നു പേർ അടങ്ങിയിരിക്കുന്നുവെന്നാണ് മറെറാരു വിശദീകരണം.4 ഈ രൂപത്തിൽ വ്യാഖ്യാനിക്കാൻ തുടങ്ങിയാൽ എന്താണ് വ്യാഖ്യാനിച്ചൊപ്പിക്കാൻ കഴിയാത്തത്. 'നീളം' ഒററക്കോ 'വീതി' ഒററക്കോ 'ഉയരം' ഒററ

1. എം. എച്ച്. ഫിൻലെ— ''നിങ്ങളുടെ ചോദ്യം ഇതാണെങ്കിൽ'' പേജ്: 41.
2. W. St. Clair Tisdall: Christian Reply to Muslim Objections. Page: 151.
3. നിങ്ങളുടെ ചോദ്യം ഇതാണെങ്കിൽ. പേജ്: 35.
4. Ibid. Page: 36.

ക്കോ ചതുരക്കട്ടയായി പറയപ്പെടാത്തതുപോലെ പിതാവിനെയോ പുത്രനെയോ പരിശുദ്ധാത്മാവിനെയോ ഒററക്ക് ദൈവമായി വ്യവഹരിക്കാൻ പററുകയില്ലെന്ന് മിഷ്യനറിമാർ സമ്മതിക്കുകയാണെങ്കിൽ ഈ ഉദാഹരണത്തിൽ അല്പം ന്യായമുണ്ടായേനേ. പക്ഷെ, 'പിതാവായ ദൈവ'ത്തെ വിളിച്ച് പ്രാർത്ഥിച്ച ക്രിസ്തു[1] വും 'കർത്താവായ പുത്രനെ' വിളിച്ച് പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനികളും ത്രിത്വത്തെക്കുറിച്ചറിയാത്തവരാണെന്നും അവരുടെ ചെയ്തി തെററാണെന്നും സമ്മതിക്കേണ്ടി വരുമെന്ന് മാത്രം.

ജലത്തിന് ($H_2O$) ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളിൽ ഐസ്, ദ്രാവകജലം, നീരാവി എന്നീ രൂപങ്ങളുണ്ടല്ലോ; ഇതുപോലെ ദൈവത്തിനും മൂന്ന് അവസ്ഥകളുണ്ട്. അതാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്നാണ് മറെറാരു വിശദീകരണം[2]. മൂന്നിലധികം അവസ്ഥകളുള്ള വസ്തുക്കളുടെ വെളിച്ചത്തിൽ അത്രയും എണ്ണം ദൈവങ്ങളുണ്ടെന്നും, എങ്കിലും അവയെല്ലാം ഒന്നാണെന്നും വാദിക്കാൻ സന്നദ്ധമാവുന്നതിനെക്കുറിച്ച് എന്തു പറയുന്നു? അല്ലെങ്കിലും ദൈവത്തിൻെറ മൂന്ന് അവസ്ഥകളാണ് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവയെന്ന് മിഷിനറിമാർക്ക് അഭിപ്രായമുണ്ടോ? ഇല്ലെങ്കിൽ പിന്നെ ഈ വിശദീകരണത്തിന് എന്തർത്ഥമാണുള്ളത്? മൂന്ന് അവസ്ഥകളാകുമ്പോൾ ദ്രാവകജലത്തെ ഐസും നീരാവിയുമാക്കി ഊഷ്മ പരിവർത്തനത്തിലൂടെ മാററിയെടുക്കാമെന്നതുപോലെ പിതാവിനെ പുത്രനായും പുത്രനെ പിതാവായും പരിശുദ്ധാത്മാവിനെ പിതാവുംപുത്രനുമായും മറിച്ചും മാററിയെടുക്കാൻ കഴിയുമെന്ന് ഫിൻലെക്ക് അഭിപ്രായമുണ്ടോ? എങ്കിൽ ഊഷ്മ മാററത്തെപ്പോലെ ദൈവത്തിൻെറ ഏത് പരിതസ്ഥിതിയിൽ മാററമുണ്ടായാലാണ് ഈ മാററം നടക്കുക? ഇതുപോലെത്തന്നെയാണ് പ്രകാശം, ചൂട്, ശബ്ദം എ

---

1. ക്രിസ്തുവും ത്രിത്വവുമായി ബന്ധമൊന്നുമുണ്ടായിരുന്നില്ലെന്ന് തുടർന്നുള്ള പേജുകളിൽനിന്ന് മനസ്സിലാവും.
2. Ibid. Page: 37.

ന്നിവ വൈദ്യുത തരംഗങ്ങളാൽ ഉണ്ടാവുന്നതിൽ കണ്ടെത്തുന്ന ത്രിത്വവും.

ഇത്തരം ഉദാഹരണങ്ങൾ ത്രിത്വമെന്ന പ്രഹേളികയുടെ സങ്കീർണ്ണത വർദ്ധിപ്പിക്കുന്നതോടൊപ്പം അതിന്റെ വാഹകരുടെ ബലഹീനതയും വ്യക്തമാക്കിത്തരുന്നു. ത്രികോണങ്ങൾ വരച്ച് ത്രിത്വം സ്ഥാപിക്കാൻ പാടുപെടുന്ന പടു വിഡ്ഢിത്തങ്ങൾക്ക് നാം വിമർശനമെഴുതേണ്ടതില്ല. അവ സ്വയം തന്നെ അവർക്കുള്ള വിമർശനമായി നിലകൊള്ളുന്നു; ചിന്തിക്കുകയും ബുദ്ധി ഉപയോഗിക്കുകയും ചെയ്യുന്നവർക്കുമുമ്പിൽ.

ദൈവസൃഷ്ടികളിലെല്ലാം ത്രിത്വം ഗവേഷണം ചെയ്തു ഇതുപോലെ ദൈവിക സത്തയിലും ത്രിത്വമുണ്ടെന്നാണ് മറ്റൊരു വാദം.[1] പ്രോട്ടോണും ന്യൂട്രോണും ഇലക്ട്രോണും പദാർത്ഥത്തിന്റെ അടിസ്ഥാനമായ ആറ്റത്തിലെ ഘടകങ്ങളായതുപോലെ, ത്രിമാനം (Three dimension) വസ്തുക്കളുടെ രൂപമായതുപോലെയെല്ലാം പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നിവർ ദൈവിക സത്തയിൽ ഒരുമിച്ചുകൂടിയിരിക്കുന്നുവെന്നാണ് വിശദീകരണം. മെസോൺ, ന്യൂട്രിനോ എന്നീ പ്രാഥമിക കണങ്ങളെക്കുറിച്ചോ അവയുടെയും അടിസ്ഥാനമായിരിക്കുന്ന ക്വാർക്കുകളെക്കുറിച്ചോ അറിയാതിരുന്നാൽ പ്രാഥമിക കണങ്ങളിൽ ത്രിത്വം കൽപ്പിക്കാൻ പ്രയാസമുണ്ടാവില്ല; പ്രപഞ്ചത്തെക്കുറിച്ച വ്യാഖ്യാനത്തിന് ഇന്ന് ചതുർമാനത്തിലധിഷ്ഠിതമായ സ്ഥലകാല നൈരന്തര്യമെന്ന ഐൻസ്റ്റീനിയൻ സിദ്ധാന്തമാണ് സ്വീകരിച്ചിരിക്കുന്നതെന്നും നാലിലും അധികം മാനങ്ങൾ (dimensions) കൽപ്പിക്കുന്ന സിദ്ധാന്തത്തിനാണ് പാക്കിസ്ഥാനിലെ അബ്ദുൽസലാമിന് നോബൽ സമ്മാനം കിട്ടിയതെന്നും അറിയാത്തവർക്ക് ത്രിമാന ദൈവത്തെ സങ്കൽപിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ലായിരിക്കാം. പക്ഷെ, ബുദ്ധിയും വിവേകവും വിവരവുമുള്ളവർക്കു മുന്നിൽ ഇത്തരം ഉദാഹരണങ്ങൾക്ക് നിലനിൽപ്പില്ലെന്നു മാത്രം.

1. Ibid. Page: 38 to 41.

ഇതുപോലെത്തന്നെയാണ് ടിസ്ഡാൽ അവതരിപ്പിക്കുന്ന മനുഷ്യനിൽ ആത്മാവും ശരീരവും മനസ്സും സ്ഥിതിചെയ്യുന്നതുപോലെയാണ് ദൈവിക സത്തയിലെ മൂന്ന് ആളത്വങ്ങളുടെ അസ്തിത്വമെന്ന വാദവും.1 ഒന്നാമതായി ആത്മാവും ശരീരവും മനസ്സും മനുഷ്യന്റെ ഭാഗങ്ങളാ (Parts) യതു പോലെ പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിന്റെ ഭാഗങ്ങളാണെന്ന് ക്രൈസ്തവർക്കഭിപ്രായമില്ല. രണ്ടാമതായി ശരീരം, ആത്മാവ്, മനസ്സ് എന്നിവ ഒന്നിച്ചു ചേരുമ്പോഴാണ് മനുഷ്യനാവുന്നത്. ശരീരത്തിനെയോ ആത്മാവിനെയോ മനസ്സിനെയോ ഒററക്ക് മനുഷ്യനെന്ന് വിളിക്കാറില്ല. ഇതുപോലെയല്ലല്ലോ, പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ഒററക്കൊററക്ക് ദൈവമെന്നും കർത്താവെന്നും രക്ഷകനെന്നും വിളിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ ഉദാഹരണവും തീരെ അനുയോജ്യമല്ല എന്നതാണ് യാഥാർത്ഥ്യം.

ത്രിത്വത്തിന്റെ മനസ്സിലാകായ്മക്കും ന്യായീകരണങ്ങൾ കണ്ടെത്താറുണ്ട് ചിലർ. 'ആത്മാവിന്റെ രൂപമോ അത് എവിടെ എങ്ങനെ സ്ഥിതി ചെയ്യുന്നുവെന്നോ മനസ്സിലാകാത്ത നാം ആത്മാവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കാറില്ലേ? ദൈവത്തിന്റെ രൂപത്തെക്കുറിച്ചറിയാതെത്തന്നെ മുസ്ലിംകൾ ദൈവത്തിൽ വിശ്വസിക്കുന്നില്ലെ .? വേണമെങ്കിൽ ഖുർആനിൽ തന്നെ പറയുന്നുണ്ട്; 'മുഹ്കമും' (വ്യക്തമായതും) 'മുതശാബിഹ്' (സദൃശമായത്) മായ ആയത്തുകളുണ്ടെന്ന്. 'മുതശാബിഹാ'യ ആയത്തുകളുടെ വ്യാഖ്യാനം തേടി വഴി പിഴച്ചു പോകരുതെന്ന് ഖുർആൻ തന്നെ മുന്നറിയിപ്പു തരുന്നുണ്ടല്ലോ. ഇതുപോലെ 'മുതശാബിഹാ'യ കാര്യങ്ങളിൽപെട്ടതാണ് ത്രിയേക വിശ്വാസം. ഇതാണ് ഈ വാദത്തിന്റെ സംക്ഷിപ്തം.

ഒന്നാമതായി, മനസ്സിലാക്കൽ അനിവാര്യമായിരിക്കുന്ന അടിസ്ഥാന തത്വങ്ങളോ, പ്രാമാണികമായ വല്ല പ്രശ്നങ്ങ

---

1. Christian Reply to **Muslim Objections. Page**: 152, 153.

ളോ കൽപ്പനകളോ നിയമങ്ങളോ നിരോധങ്ങളോ ഒന്നുംതന്നെ മുതശാബിഹായ ആയത്തുകൾ ഉൾക്കൊള്ളുന്നില്ല. എന്നാൽ ത്രിയേകത്വമാകട്ടെ, ആത്യന്തിക മോക്ഷത്തിനാവശ്യമായ അടിസ്ഥാന വിശ്വാസമാണ്. അതുകൊണ്ടുതന്നെ ഇവ തമ്മിലുള്ള താരതമ്യം അപ്രസക്തമാണ്.

യുക്ത്യാതീതമായ കാര്യം വിശ്വസിക്കുക മനുഷ്യന് അസാധ്യമാണ്. അതുകൊണ്ടാണ് ക്രിസ്തുമതം അപ്രായോഗികമാണെന്ന് വിമർശിക്കപ്പെടുന്നത്. ആത്മാവിന്റെ രൂപം എങ്ങനെയാണെന്ന് വിശ്വസിക്കണമെന്നില്ല; ഒരാൾ വിശ്വാസിയാകണമെങ്കിൽ. ആത്മാവുണ്ടെന്ന് വിശ്വസിച്ചാൽ മതി. ആത്മാവുണ്ടെന്ന വിശ്വാസം യുക്തിക്ക് മനസ്സിലാവാത്തതല്ല— ദൈവം ഉണ്ടെന്നും അവൻ ഏകനാണെന്നും വിശ്വസിച്ചാൽ മതി; ഒരാൾക്ക് വിശ്വാസിയാകണമെങ്കിൽ അവന്റെ രൂപം ഇന്ന മാതിരിയാണെന്ന് അറിയേണ്ടതില്ല. ദൈവത്തിന്റെ അസ്തിത്വത്തിലുള്ള വിശ്വാസം യുക്തിക്ക് മനസ്സിലാവാത്തതല്ലല്ലോ.

ഇതേ രൂപത്തിലല്ല ക്രൈസ്തവ വിശ്വാസം. ദൈവം ഉണ്ടെന്ന് വിശ്വസിച്ചാൽ പോരാ, അവൻ ഏകനാണെന്ന യുക്തിക്ക് മനസ്സിലാകുന്ന തത്വവും വിശ്വസിച്ചാൽ പോരാ. ഈ ഏകത്വത്തിൽ സ്വതന്ത്രമായ അസ്തിത്വവും വ്യക്തിത്വവും പ്രവർത്തന സ്വാതന്ത്ര്യവുമുള്ള മൂന്ന് ആളത്വങ്ങൾ സ്ഥിതിചെയ്യുന്നുവെന്ന് കൂടി വിശ്വസിക്കണം— എങ്കിലേ മോക്ഷം നേടാനാവൂ. അതുമാത്രമേ നിത്യജീവൻ നേടിത്തരൂ. ഈ വിശ്വാസം മനസ്സിലാക്കാനാണ് കഴിയാത്തത്. എനിക്ക് മനസ്സിലാകാത്ത കാര്യം ഞാനെങ്ങനെയാണ് വിശ്വസിക്കുക? വിശ്വാസത്തിന് ആദ്യം വേണ്ടത് എന്താണ് വിശ്വസിക്കുന്നതെന്ന അറിവാണല്ലോ. ഈ അറിവില്ലാതെ വെറുതെ 'ഞാനത് വിശ്വസിക്കുന്നു'വെന്ന വെറുംവാക്കിന് അർത്ഥമൊന്നുമില്ല. അറിയാത്ത കാര്യം വിശ്വസിക്കുവാൻ കഴിയില്ല.

ദൈവിക ഏകത്വത്തിന്റെ പദാർത്ഥാതീതമായ സത്ത

എങ്ങനെയാണെന്ന് മനുഷ്യന് മനസ്സിലാക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ആ 'സത്ത'യുടെ രൂപവും ഭാവവും ഇന്നിന്ന മാതിരിയാണെന്ന് വിശ്വസിക്കുവാൻ മനുഷ്യന് സാധിക്കില്ല. അതുകൊണ്ടാണ് ഇസ്ലാം ദൈവിക സത്തയുടെ രൂപഭാവങ്ങളിലുള്ള വിശ്വാസം മോക്ഷത്തിനുള്ള അനിവാര്യമായ കാര്യമായി എണ്ണാതിരുന്നത്. അവൻ സത്തയിൽ ഏകനാണെന്ന് വിശ്വസിച്ചാൽ മതി, അത് മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതാണ്. ഏകനായ ദൈവം —അവന് വിവിധങ്ങളായ ഗുണങ്ങൾ— അവനു മാത്രം കഴിയുന്ന പ്രവർത്തനങ്ങൾ— അവന്റെ ആജ്ഞാനുവർത്തികളായ മാലാഖമാർ— അവന്റെ സന്ദേശവുമായി വന്ന പ്രവാചകന്മാർ— അവങ്കൽനിന്നവതീർണ്ണമായ ഗ്രന്ഥങ്ങൾ— മരണശേഷമുള്ള പരലോകം— ഇവയൊന്നും സാമാന്യ യുക്തിക്കുപോലും മനസ്സിലാവാത്തതല്ല. അതുകൊണ്ടുതന്നെയാണ് ഇസ്ലാം ബുദ്ധിജീവികളുടെ മതമാണെന്ന് പറയുന്നത്.

ഏകനായ ദൈവമെന്ന ആശയം മനസ്സിലാക്കാൻ പ്രയാസമില്ല; അതുൾക്കൊള്ളാൻ പ്രയാസമില്ല; അതുകൊണ്ടുതന്നെ അത് വിശ്വസിക്കാനും ബുദ്ധിമുട്ടൊന്നുമില്ല. ത്രിയേകത്വമെന്ന ആശയം മനസ്സിലാക്കാൻ കഴിയില്ല; ഉൾക്കൊള്ളാൻ കഴിയില്ല; അതുകൊണ്ടുതന്നെ അത് വിശ്വസിക്കാനും മനുഷ്യന് കഴിയില്ല. വിശ്വസിക്കാൻ കഴിയാത്ത വിശ്വാസമാണ് ക്രൈസ്തവ ദൈവ സങ്കൽപത്തിന്റെ അടിസ്ഥാന തത്വം തന്നെയെന്നർത്ഥം— ഇന്നത്തെ ക്രിസ്തുമതം യഥാർത്ഥത്തിൽ അപ്രായോഗികമാണെന്ന വാദത്തിന് ഇവിടെ പ്രസക്തിയേറുന്നു.

## ത്രിത്വം, വേദ പുസ്തക സത്യമോ?

'ക്രിസ്ത്യാനികൾപോലും ത്രിത്വ സ്വഭാവത്തെക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കിയിട്ടുള്ളവരല്ല. എന്നാലും അത് ദൈവിക വെളിപാടിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമായതുകൊണ്ട് അതിനെ ഹൃദയപൂർവ്വം വിനയത്തോടെ സ്വീകരിക്കുകയാണ് ചെയ്യുന്നത്.'1

'ത്രിയേക തത്വത്തിനുള്ള തെളിവുകൾ ബൈബിളിൽ ഇഷ്ടംപോലെ കാണപ്പെടുന്നതിനാലാണ് ഞങ്ങളത് സത്യമാണെന്ന് വിശ്വസിക്കുന്നത്. പ്രവാചകന്മാരിലൂടെയും അപ്പോസ്തലന്മാരിലൂടെയും വിശേഷിച്ച് യേശുക്രിസ്തുവിലൂടെയും ദൈവമത് വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ വ്യക്തി വൈശിഷ്ട്യവും, പൂർത്തിയാക്കപ്പെട്ട പ്രവചനങ്ങളും, മഹത്തായ അധ്യാപനങ്ങളും, അമാനുഷ പ്രവർത്തനങ്ങളും, വിശ്വാസത്തിലൂടെ അവനിലെത്തിച്ചേരുന്ന ഓരോരുത്തർക്കും അവൻ നൽകിയ

1. എം.എച്ച്. ഫിൻലെ: നിങ്ങളുടെ ചോദ്യം ഇതാണെങ്കിൽ. പേജ്: 47.

വാഗ്ദാനത്തിൻെറ സഫലീകരണവും —നമ്മുടെ വൈയക്തിക അനുഭവങ്ങളിൽനിന്നും മനസ്സിലാക്കുന്നതുപോലെ— എല്ലാം അവൻെറ അവകാശവാദങ്ങൾ ശരിയായിരുന്നുവെന്നതിനുള്ള തെളിവായി നിലകൊള്ളുന്നു. ഈ അവകാശ വാദങ്ങളിൽ ത്രിയേക തത്വം ഉൾക്കൊള്ളുന്നു'1

'ദൈവത്തിൻെറ ഏകത്വത്തെ ത്രിത്വോപദേശം ഖണ്ഡിക്കുന്നുവെന്നാണ് ചില മുസ്ലിം സ്നേഹിതന്മാർ ഉറപ്പിച്ചു പറയുന്നത്. എന്നാൽ ഈ രണ്ടുപദേശങ്ങളും ദൈവവചനത്തിൽ വെളിപ്പെട്ടിരിക്കുന്നതിനാൽ അവ അന്യോന്യം വിരുദ്ധമായിരിപ്പാൻ സാദ്ധ്യമല്ല'2

യുക്തികൊണ്ടോ ബുദ്ധികൊണ്ടോ സ്ഥാപിക്കാൻ കഴിയാത്ത ത്രിയേക വിശ്വാസത്തെക്കുറിച്ച് അവസാനമായി സുവിശേഷ പ്രവർത്തകർക്ക് പറയാനുള്ളതാണിത്. ത്രിത്വത്തെക്കുറിച്ച് മനസ്സിലായില്ലെങ്കിലും അത് വേദപുസ്തക സത്യമായതിനാൽ കണ്ണടച്ച് വിശ്വസിക്കണമെന്നാണ് സാരം. ഇത് ഒരു പരിധിവരെ നമുക്ക അംഗീകരിക്കാം. ത്രികാലജ്ഞാനിയായ ദൈവത്തിൻെറ വെളിപാടുകളെക്കുറിച്ച് പരിമിതജ്ഞാനമുള്ള മനുഷ്യന് സംശയങ്ങളുണ്ടാവാം. അവ ദൈവിക വെളിപാടാണെന്ന് ഉറപ്പുണ്ടെങ്കിൽ വിശ്വസിക്കുക മനുഷ്യൻെറ കടമയാണ്. (പക്ഷെ, പരമമായ മോക്ഷത്തിലേക്കു നയിക്കുന്നതെന്ന് ക്രൈസ്തവ സഭകൾ അംഗീകരിക്കുന്ന ത്രിയേകത്വത്തിൻെറ കാര്യം ഒന്നു വേറെയാണ്. എന്തു വിശ്വസിക്കണമെന്നറിയാതെ ഒരു കാര്യവും വിശ്വസിക്കാൻ കഴിയില്ലല്ലോ. എന്താണ് ത്രിയേകത്വമെന്നറിയാതെ അതിൽ വിശ്വസിക്കണമെന്നു പറയുന്നതാണ് പ്രശ്നം) ദൈവിക വെളിപാടാണെങ്കിൽ ത്രിത്വം എന്താണെന്നറിയാതെ തന്നെ വിശ്വസിക്കാമെന്ന് വാദത്തിനുവേണ്ടി നാം സമ്മതിക്കുക. എന്നാൽതന്നെ ദൈവിക

1. W. St. Clair Tisdall: Christian Reply to Muslim Objections. Page: 162.
2. C.G. Pfander, D D; The Mizanul Haqq. Page: 199.

വെളിപാടാണെന്ന് ഉറപ്പുള്ള സ്രോതസ്സുകളിൽനിന്ന ലഭിക്കുന്ന തെളിവുകഠം വേണമല്ലോ. അവ ദൈവിക വെളിപാടാണെന്ന് പൂർണ്ണമായ ബോധ്യവും വേണം.

ക്രൈസ്തവർ ദൈവിക വെളിപാടായി അംഗീകരിക്കുന്നത് പുതിയതും പഴയതുമായ നിയമങ്ങഠം അടങ്ങിയ ബൈബിളിനെയാണല്ലോ.1 ഇവ വൈരുദ്ധ്യങ്ങഠംകൊണ്ടും വൈചിത്ര്യങ്ങഠംകൊണ്ടും നിബിഡമാണ്.2

പുതിയതും പഴയതുമായ നിയമ പുസ്തകങ്ങഠം പ്രവാചകന്മാർ പ്രബോധനം ചെയ്ത ദൈവിക വെളിപാടിൻെറ ഭാഗമാണെന്നതിന്ന് യാതൊരു തെളിവുമില്ല. മൂസാനബി (അ) ക്ക അവതരിച്ച തൗറാത്താ (തോറ) ണെന്ന് യഹൂദരും ക്രൈസ്തവരുമംഗീകരിക്കുന്ന ന്യായ പ്രമാണത്തിൻെറ അഞ്ചു പുസ്തകങ്ങഠം (ഉൽപ്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം) മോശെ മരിച്ച് നൂററാണ്ടുകഠം കഴിഞ്ഞ് എഴുതപ്പെട്ടതാണെന്ന് അവ പരിശോധിച്ചാൽ തന്നെ ബോധ്യമാകും. ദാവൂദ് നബിക്കവതരിപ്പിക്കപ്പെട്ട സബൂർ ആണെന്ന് ക്രൈസ്തവരും ജൂതൻമാരും വിശ്വസിക്കുന്ന സങ്കീർത്തനങ്ങളു (Psalms) ടെ സ്ഥിതിയും തഥൈവ. യേശുവിൻെറതെന്ന് പറയപ്പെടുന്ന പുതിയ നിയമത്തിൻെറ അവസ്ഥയും മറെറാന്നല്ല.

പുതിയ നിയമത്തിലെ പ്രധാനപ്പെട്ട നാലു സുവിശേഷങ്ങളുടെ ആധികാരികതയിൽതന്നെ സംശയം പ്രകടിപ്പിക്കുന്നവരാണ്; ക്രിസ്തുമത പണ്ഡിതന്മാരിൽ പലരും.3 അവയുടെ കർ

1. ഭൂരിപക്ഷം വരുന്ന കത്തോലിക്കക്കാർ ഉത്തര കാനോനിക ഗ്രന്ഥങ്ങളെ അഥവാ അപ്പോക്രിഫാ പുസ്തകങ്ങളെ കൂടി ദൈവിക വെളിപാടിൻെറ ഭാഗമായി വിശ്വസിക്കുന്നു. പ്രൊട്ടസ്റ്റൻറു സഭകളൊന്നും അവ ബൈബിളിൻെറ ഭാഗമാണെന്നംഗീകരിക്കുന്നില്ല.
2. മുഹമ്മദ് അമാനി മൗലവി: ബൈബിളിൻെറ വിശ്വസനീയത, Ahmed Deedath: Is the Bible God's word ഇവ വായിക്കുക.
3. പി. ററി. കുരുവിള: ബൈബിഠം നൂററാണ്ടുകളിലൂടെ നോക്കുക

ത്താക്കളിൽ പലരും ക്രിസ്തുവിൻെറ സമകാലികരല്ല. പൂർണ്ണമായും വിശ്വാസ യോഗ്യരുമല്ല. പിന്നെയുള്ള ഇരുപത്തിയൊന്ന് ലേഖനങ്ങളിൽ ഭൂരിഭാഗവും എഴുതിയത് വിശുദ്ധ പൗലോസാണ്. (St Paul) ക്രിസ്തുവിൻെറ കാലഘട്ടത്തിൽ അദ്ദേഹത്തിൻെറ കഠിന വിരോധിയായി വർത്തിക്കുകയും, പിന്നീട് ക്രിസ്തുമതം[1] പ്രചരിക്കുന്നതു കണ്ടപ്പോൾ അതിൻെറ അപ്പോസ്തലനായി ചമയുകയും, നീക്കാൻ പാടില്ലെന്നു ക്രിസ്തു പറഞ്ഞ ന്യായപ്രമാണത്തിലെ പല നിയമങ്ങളും നീക്കുകയും ചെയ്ത പൗലോസിൻെറ പ്രസ്താവ്യങ്ങൾ ദൈവിക വെളിപാടുകളെന്ന നിലക്ക് സ്വീകരിക്കുക വയ്യ.

പൊതുവെ പറഞ്ഞാൽ പുതിയ നിയമത്തിൽ ക്രിസ്തുവിൻെറ പ്രസ്താവനകൾ തുലോം വിരളമത്രെ. സുവിശേഷങ്ങളിൽ പ്രധാനമായും ക്രിസ്തുവിൻെറ ജനനവും അൽഭുതങ്ങളും ക്രൂശാരോഹണവും ഉയിർത്തെഴുന്നേൽപ്പുമാണ് വിശദീകരിക്കുന്നത്. ക്രിസ്തുവിൻെറ മാതൃകാ ജീവിതത്തെക്കുറിച്ചോ ഉപദേശങ്ങളെക്കുറിച്ചോ വിശദമായി എഴുതാൻ സുവിശേഷകർത്താക്കൾ താൽപര്യം കാണിച്ചിട്ടില്ല. അവർ എഴുതിയതു തന്നെ വൈരുദ്ധ്യങ്ങളും വൈചിത്ര്യങ്ങളുംകൊണ്ട് നിബിഡമായതിനാൽ അവയും പൂർണ്ണമായി വിശ്വാസയോഗ്യമല്ല. ഇവയെ ദൈവിക വെളിപാടായി അംഗീകരിക്കുകയാണെങ്കിൽ ദൈവിക വചനങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ടാവാമെന്ന് സമ്മതിക്കേണ്ടി വരും.

എന്നാൽ ഇത്തരത്തിലുള്ളബൈബിളിൽതന്നെ പ്രവാചക പ്രബോധനങ്ങളിലൊന്നായി ത്രിയേകത്വം പരിചയപ്പെടുത്തുന്നില്ലെന്നതാണ് വാസ്തവം. പ്രവാചക പ്രബോധനങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട യാഥാർത്ഥ്യമാണ് ത്രിത്വമെന്ന ക്ലെയർ. ടിസ്ഡാലിൻെറ വാദം അടിസ്ഥാനരഹിതമാണ്. ബൈബിൾ പഴയ നിയമത്തിലെ 39പുസ്തകങ്ങളിലോ അപ്പോക്രിഫാ ഗ്രന്ഥങ്ങളിലോ ത്രിയേകത്വത്തെക്കുറിച്ച സൂചനകൾ പോലു

1. അന്ന് 'ക്രിസ്തുമത'ത്തിന് ആ പേരുണ്ടായിരുന്നില്ല.

മില്ല. മുൻപുള്ള പ്രവാചകന്മാരുടെയെല്ലാം പ്രബോധനം 'യിസ്രായീലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്'1 എന്ന ന്യായ പ്രമാണത്തിലെ ഏററവും വലിയ കൽപ്പനയുടെ അടിസ്ഥാനത്തിലായിരുന്നു. ഇതിൽനിന്നു വ്യത്യസ്തമായി പഴയ നിയമത്തിലെവിടെയെങ്കിലും പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന മുക്കൂട്ട് ദൈവത്തെക്കുറിച്ച് ഒരു പ്രസ്താവനയുമില്ലെന്ന് ഉറപ്പിച്ച് പറയാനാവും. തെളിവുകൾ ഹാജരാക്കേണ്ടത് ഉണ്ടെന്നു വാദിക്കുന്നവരാണ്. അതിനവർ തയ്യാറല്ല. അതിനവർക്ക് കഴിയുകയുമില്ല. കഴിയണമെങ്കിൽ തങ്ങളുടെ മുൻഗാമികൾ ചെയ്തതുപോലെ വേദപുസ്തകത്തിൽ തിരുത്തലുകൾ വരുത്തേണ്ടിവരും.

പഴയ നിയമത്തിൽ ദൈവം 'നാം' എന്നു പറയുന്നത് ബഹുത്വത്തെ കുറിക്കുന്നുവെന്നും അത് ത്രിത്വത്തിനുള്ള തെളിവാണെന്നുമാണ് ഒരു വാദം.2 പഴയ നിയമത്തിലെ ഉൽപ്പത്തി പുസ്തകത്തിലും മററുമായി ചില പ്രയോഗങ്ങളിൽ മാത്രമല്ല 3 ഖുർആനിലെ 'നാം' പ്രയോഗങ്ങളിൽകൂടി ത്രിയേകത്വത്തിന്റെ ലാഞ്ചനയുണ്ടെന്ന് വാദിക്കുകയാണ് ഫാണ്ടറും ടിസ്ഡാലുമെല്ലാം. ത്രിയേകത്വത്തെ ശക്തമായി വിമർശിക്കുന്ന 4 ഖുർആനിലെ പ്രയോഗങ്ങളിൽ പോലും ത്രിത്വം കണ്ടെത്തുന്നവർക്ക് ബൈബിൾ വചനങ്ങൾ തെററായി വ്യാഖ്യാനിക്കുവാൻ വിഷമമനുഭവപ്പെടില്ലല്ലോ.

ഇവിടെ ക്രിസ്തുമത പ്രചാരകർ മറുപടി പറയേണ്ട പല പ്രശ്നങ്ങളുമുണ്ട്. ത്രിയേകത്വത്തിലുള്ള വിശ്വാസം മോക്ഷത്തിലേക്കുള്ള മാർഗ്ഗമാണെങ്കിൽ ക്രിസ്തുവിനു മുമ്പ് വന്ന പ്രവാചകന്മാരൊന്നും തന്നെ എന്തുകൊണ്ട് ഈ തത്വം ജനങ്ങൾക്ക്

1. ആവർത്തനം 6 : 4.
2. C.G. Pfander: Mizanul Haqq & Clair Tisdall: Christian Reply to Muslim Objections.
3. ഉൽപ്പത്തി 1 : 26, 3 : 22, 11 : 7 എന്നിവ ഉദാഹരണം.
4. വി. ഖുർആൻ 5 : 73

മുന്നിൽ വ്യക്തമായവതരിപ്പിച്ചില്ല. 'നാം' എന്ന പ്രയോഗ ത്തിൽനിന്നും മുമ്പുള്ള പ്രവാചകന്മാരോ ക്രിസ്തു സ്വയംതന്നെ യോ ത്രിയേകത്വം മനസ്സിലാക്കിയെന്നതിന് യാതൊരു തെ ളിവുമില്ല. വി: പൗലോസ് പോലും 'നാം' പ്രയോഗം ത്രിത്വ ത്തിനുള്ള തെളിവാണെന്ന് വാദിച്ചിട്ടില്ല. ത്രിയേകത്വം ദൈ വിക സത്തയുടെ ആരംഭം[1] മുതൽക്കേ നില നിന്നിട്ടുണ്ടെങ്കിൽ, അതിൽ വിശ്വസിക്കൽ മാത്രമായിരിക്കുമല്ലോ എക്കാലത്തെ യും മോക്ഷത്തിലേക്കുള്ള മാർഗ്ഗം. ഒരു പ്രവാചകൻപോലും ഈ വസ്തുത മനസ്സിലാക്കിയില്ലെന്നോ അതല്ല മനസ്സിലാക്കിയി ട്ടും മറച്ചുവെച്ചുവെന്നോ എന്താണ് ക്രിസ്തുമത പ്രചാരകരുടെ അ ഭിപ്രായമെന്നറിയാൻ കൗതുകമുണ്ട്.

ക്രിസ്തു ഈ മുക്കൂട്ട് ദൈവത്തിലെ ഒരു ആളത്വമായിരുന്ന വെങ്കിൽ, ക്രിസ്തുവിന്റെ പ്രാർത്ഥനകളിലൊന്നും തന്നെ 'നാം' പ്രയോഗം കാണാതിരിക്കുന്നതിന്റെ കാരണമെന്താണ്? കുരി ശിൽ വെച്ച് —ക്രൈസ്തവ ഭാഷ്യ പ്രകാരം — മാനവരാശിക്കുവേ ണ്ടി രക്തം ചിന്തുകയെന്ന മഹത്തായ കർത്തവ്യം നിർവ്വഹി ക്കുമ്പോൾ ക്രിസ്തുവിന്റെ പ്രാർത്ഥനകളിലൊന്നും 'നാം' കാ ണുന്നില്ല. 'എന്റെ ദൈവമെ എന്റെ ദൈവമെ നീ എന്നെ കൈവിട്ടതെന്ത്'[2] എന്ന് വേദനിക്കുന്ന ക്രിസ്തു മുൻപ് പ്രാ ർത്ഥിച്ചത് 'പിതാവെ നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാ ത്രം എന്നിൽനിന്ന് നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടംതന്നെ ആകട്ടെ'[3] എന്നായിരുന്നു ഇവിടെ എ ന്തേ മുക്കൂട്ട് ദൈവത്തിലെ ആളത്വമായ ക്രിസ്തു, രക്ഷിക്കാ നും ശിക്ഷിക്കാനും കഴിവുള്ള ക്രിസ്തു, പിതാവിനോട് വിളി ച്ചു പ്രാർത്ഥിച്ചത്? മൂന്നുപേരും കൂട്ടു ചേർന്നിട്ടായിരുന്നു ദൈവ മെങ്കിൽ 'നീ' എന്നും 'നിന്റെ ഇഷ്ട'മെന്നും 'നിനക്ക്' എ

1. ദൈവത്തിന് ആരംഭവും അവസാനവുമില്ലെങ്കിലും ക്രിസ്തുമ തത്തിലെ സാങ്കേതിക ശബ്ദങ്ങൾ വിശദീകരിക്കുമ്പോൾ ദൈവ ത്തിനില്ലാത്ത പലതും സങ്കൽപ്പിക്കേണ്ടി വരും.
2. മത്തായി 27 : 46.
3. ലൂക്കോസ് 22 : 42.

ന്നും പ്രയോഗിക്കുന്നതിനു് പകരം 'നാം' എന്നും 'നമ്മുടെ ഇഷ്ട,മെന്നും 'നമുക്കു്' എന്നുമായിരുന്നില്ലേ പ്രയോഗിക്കേണ്ടിയിരുന്നതു്? ബാലിശമായ വിശ്വാസത്തിനു് ബാലിശങ്ങളായ തെളിവുകൾ അവതരിപ്പിക്കുമ്പോൾ കൂടുതൽ പരിഹാസ്യമാവുകയേ ഉള്ളുവെന്നു് സാരം.

ദൈവം ഖുർആനിലോ ബൈബിളിലോ 'നാം' എന്നു് സ്വയം സംബോധന ചെയ്തതിന്റെ താൽപര്യം അവൻ ത്രിയേക ദൈവമായതുകൊണ്ടാണെന്ന വാദം നിരർത്ഥകമാണെന്നു് മുകളിൽനിന്നു് മനസ്സിലായി. എങ്കിൽ എന്താണു് 'നാം' എന്ന പ്രയോഗം അർത്ഥമാക്കുന്നതു്? ദൈവം സത്തയിൽ ഏകനാണു്. ഈ പദാർത്ഥാതീതമായ ഏകത്വമാകട്ടെ മനുഷ്യ വിഭാവനകൾക്കതീതവുമാണു്. എന്നാൽ പ്രവർത്തനങ്ങളിലും ഗുണങ്ങളിലും അവൻ വൈവിധ്യത്തിന്റെ സമന്വയമാണു്. അവന്റെ പ്രവർത്തനങ്ങൾക്കു് തുല്യമായ പ്രവർത്തനങ്ങളോ ഗുണങ്ങൾക്കു് തുല്യമായ ഗുണങ്ങളോ സൃഷ്ടികൾക്കു് കൽപ്പിക്കുന്നതു് അക്ഷന്തവ്യമായ അപരാധമാണു്. പുകഴ്ത്തപ്പെടാനും ബഹുമാനിക്കപ്പെടാനും അതിന്റെ ഏററവും പരമമായ അവസ്ഥയിൽ അവകാശമുള്ളതു് അല്ലാഹുവിനാണു്. ഈ ഭൂമിയിൽ തന്നെ ബഹുമാനിക്കപ്പെടുന്നവർ 'നാം' എന്നു സ്വയം സംബോധന ചെയ്താൽ അവരിലെ ബഹുത്വമന്വേഷിച്ചു് ഗവേഷണത്തിനാരും ഒരുമ്പെടാറില്ല. അതവരുടെ ബഹുമാനസൂചകമായി നിലകൊള്ളുന്നു. വിവേകാനന്ദ 'സ്വാമികൾ' എന്ന സംബോധനാ രീതി സ്വീകരിച്ചിരിക്കുന്നതിനാൽ ഒന്നിലധികം വിവേകാനന്ദന്മാർ കൂടിച്ചേർന്നാണു് 'സ്വാമികൾ' ആയതെന്നു ഗവേഷണത്തിനു തുല്യമാണു് ദൈവം 'നാം' എന്നു സ്വയം സംബോധന ചെയ്തതുകൊണ്ടു് മാത്രം അവനിൽ ത്രിത്വമാരോപിക്കുന്നതു്.

ഇനി ബൈബിളിന്റെ അടിസ്ഥാനത്തിൽ തന്നെ ക്രിസ്തുവിന്റെ ഉപദേശങ്ങൾ പരിശോധിക്കുക. അതിലെവിടെയും ത്രിത്വത്തെക്കുറിച്ചു സൂചനകൾ കാണുക സാധ്യമല്ല. യേശു പാപികളെ വീണ്ടെടുക്കാനായിട്ടാണു് വന്നതെങ്കിൽ, മോക്ഷത്തിനു്

നിദാനമാകുന്ന അടിസ്ഥാന തത്വം അദ്ദേഹം തന്റെ അപ്പോസ്തലന്മാർക്ക് വ്യക്തമായി പറഞ്ഞു കൊടുക്കാതിരിക്കുമോ? ഇല്ല തന്നെ. അദ്ദേഹത്തിനു മറേറതൊരു പ്രവാചകനെയും പോലെത്തന്നെ തന്റെ അനുയായികളെ മോക്ഷത്തിലേക്ക് നയിക്കണമെന്നു ഉൽക്കടമായ അഭിവാഞ്ചയുണ്ടായിരുന്നു. അപ്പോൾ ത്രിയേക വിശ്വാസം മോക്ഷത്തിനു നിദാനമാകുമെങ്കിൽ അദ്ദേഹമത് തന്റെ അനുയായികൾക്ക് പറഞ്ഞുകൊടുക്കാതിരിക്കില്ല. ക്രിസ്തു വചനങ്ങളിലൊന്നും ത്രിയേക വിശ്വാസത്തെക്കുറിച്ച സൂചനകളില്ലെന്ന യാഥാർത്ഥ്യം വ്യക്തമാക്കുന്നത്, അത് അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള ആശയമോ രക്ഷിക്കപ്പെടുന്നതിനു അനിവാര്യമായ വിശ്വാസമോ അല്ലെന്നാണ്.

ആർക്ക് പ്രീസ്ററ് സക്കരിയാ ബ്യൂട്രസ് തന്റെ പുസ്തകത്തിൽ1 ത്രിത്വം ക്രിസ്തുവിൽനിന്നുള്ളതാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചിരിക്കുന്നു. അദ്ദേഹം അതിനുപോൽബലകമായി മത്തായിയുടെ സുവിശേഷത്തിലുള്ള ക്രിസ്തുവചനം ഉദ്ധരിക്കുന്നുണ്ട്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചുകൊണ്ട് ഞാൻ നിങ്ങളോട് കൽപ്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കി കൊൾവീൻ'2

'പിതാവ്' അഥവാ രക്ഷിതാവായ ദൈവം (യഹോവ), പുത്രൻ (യേശു), പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് അസ്തിത്വങ്ങൾ ഉണ്ടോ എന്നത് ഒരു തർക്കവിഷയമല്ല. അവർ മൂന്നുപേരും ഉണ്ടെന്നും അവർ മൂന്നും മൂന്നുപേർതന്നെയാണെന്നും മുസ്ലിംകൾ വിശ്വസിക്കുന്നു. 'പിതാവ്' മാത്രമാണ് ദൈവമെന്നും 'പുത്രനും' 'പരിശുദ്ധാത്മാവും' ദൈവത്തിന്റെ സൃഷ്ടികൾ മാത്രമാണെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്. അതിൽനിന്നു വ്യത്യസ്തമായി പിതാവും പുത്രനും പരിശു

1. Arch Priest Zachariah Butrus:God is One in the Holy Trinity Page: 12.
2. മത്തായി 28 : 19, 20.

ദ്ധാത്മാവും ഒന്നാണെന്നും അവ മൂന്നും കൂടിയാണ് ത്രിയേക ദൈവമുണ്ടായിട്ടുള്ളതെന്നും ഈ വചനം മനസ്സിലാക്കിത്തരുന്നില്ല. അങ്ങനെ മൂന്നുപേരുണ്ടെന്നും അവരുടെ നാമത്തിൽ സ്നാനം ചെയ്യുകയെന്നും മാത്രമാണ് ഈ വചനങ്ങൾ വ്യക്തമാക്കുന്നത്.

ഈ വചനത്തിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്ന് ഏകവചനമായി പറഞ്ഞുവെന്നതാണ് ത്രിത്വത്തിനുള്ള തെളിവായി ഉന്നയിക്കപ്പെടുന്നത്. മൂന്നുപേരുടെ പേരുപറഞ്ഞതനുസരിച്ച് 'നാമങ്ങളിൽ' എന്നു പ്രയോഗിക്കേണ്ടതായിരുന്നുവെന്നും അവർ മൂന്നും ഒന്നായതിനാലാണ് 'നാമത്തിൽ' എന്നു പറഞ്ഞതെന്നുമാണ് വാദം. അല്ലെങ്കിൽ, വ്യാകരണ പ്രകാരം 'നാമങ്ങളിൽ' എന്നു പ്രയോഗിക്കേണ്ടതായിരുന്നില്ലേ എന്നും ചോദിക്കുന്നു.

ഇത് യഥാർത്ഥത്തിൽ ഭാഷയിൽ പ്രയോഗിച്ചുവരാറുള്ള ഒരു രൂപമെന്നതിൽ കവിഞ്ഞ് മറ്റൊന്നുമല്ല. ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ബൈബിളിൽതന്നെ വേറെയും കാണാവുന്നതാണ്. പഴയ നിയമത്തിലെ ഒന്നാം പുസ്തകമായ 'ഉൽപ്പത്തി' നോക്കുക: 'അങ്ങനെ കർത്താവായ ദൈവം നിലത്തുനിന്ന് എല്ലാ കാട്ടുമൃഗങ്ങളെയും ആകാശത്തിലെ എല്ലാ പക്ഷികളെയും സൃഷ്ടിച്ച് മനുഷ്യൻ അവയെ എന്തു പേർ ചൊല്ലിവിളിക്കും എന്നു കാണുന്നതിന് അവയെ അയാളുടെ മുന്നിൽ വരുത്തി'[1] ഈ വചനത്തിലെ 'അവയെ എന്തു പേർ ചൊല്ലി വിളിക്കും' എന്ന ഏകവചന പ്രയോഗത്തിൽനിന്ന് എല്ലാ കാട്ടുമൃഗങ്ങളും പക്ഷികളും ഒന്നാണെന്ന് ഒരു സുവിശേഷ പ്രവർത്തകനും ഗ്രഹിക്കുമെന്നു തോന്നുന്നില്ല. മത്തായി 28: 19 ലെ വ്യാകരണം ഉൽപ്പത്തി 2: 19 നും ബാധകമാകണമല്ലോ. മത്തായിയുടെ സുവിശേഷത്തിലെ ഏകവചനപ്രയോഗ പ്രകാരം പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാണെന്നും അതുമൂലം ത്രിയേകത്വമുണ്ടെന്നും വാദിക്കുകയാണെങ്കിൽ ഉൽപ്പത്തിപ്രകാരം എല്ലാ പക്ഷികളും മൃഗങ്ങളും ഒന്നാണെന്നും (?) അതുമൂലം ബഹുഏകത്വം (Polynity) ഉണ്ടെന്നും സമ്മതിക്കേണ്ടി വരും. ക്രിസ്തു ത്രി

1. ഉൽപ്പത്തി 2 : 19,

യേകത്വം പ്രബോധനം ചെയ്തുവെന്ന് സ്ഥാപിക്കാൻവേണ്ടി ഉപയോഗിക്കുന്ന ഏക 'തെളിവി'ന്റെ ബാലിശതയിൽനിന്ന് തന്നെ ഈവാദം അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാം.

അപ്പോസ്തലൻമാരാരെങ്കിലും ത്രിയേക വിശ്വാസം പ്രബോധനം ചെയ്തിട്ടുണ്ടോ? ഇല്ലെന്നതാണ് വാസ്തവം. നാല് സുവിശേഷങ്ങളിലോ 'അപ്പോസ്തല പ്രവർത്തനങ്ങളി'ലോ ത്രിത്വത്തെക്കുറിച്ച് ഒരു സൂചനപോലുമില്ല. വിശുദ്ധ പൗലോസും അല്ലാത്തവരും എഴുതിയ ലേഖനങ്ങളിലൊന്നുംതന്നെ ത്രിയേക ദൈവത്തെക്കുറിച്ച് പരാമർശിക്കുന്നില്ല.

## ആ 'വേദവാക്യം' എവിടെപ്പോയി?

സക്കരിയാ ബ്യൂട്രസ് യോഹന്നാന്റെ ഒന്നാംലേഖനത്തിൽ നിന്ന് ത്രിയേകത്വത്തിന് തെളിവുദ്ധരിക്കുന്നുണ്ട്. അതിങ്ങനെയാണ്: 'സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്; ഈ മൂവരും ഒന്നുതന്നെ.' (1 യോഹന്നാൻ 5 : 8)[1] ബൈബിൾ പ്രകാരംതന്നെ ഇത് ക്രിസ്തു വചനമല്ലാത്തതിനാൽ അടിസ്ഥാന വിശ്വാസത്തിന് കൊള്ളുകയില്ലെന്ന് അഭിപ്രായക്കാരുണ്ട്. എങ്കിലും, ബൈബിളിലെ ഒരു വചനമെന്ന നിലക്ക്, പരിശുദ്ധാത്മ പ്രചോദിതമായി യോഹന്നാൻ എഴുതിയ ലേഖനമാണിതെന്ന് സങ്കൽപ്പിച്ചുകൊണ്ട് ക്രൈസ്തവ വിശ്വാസികൾക്ക് ഈ വചനം തെളിവായുദ്ധരിക്കാമായിരുന്നു.

പക്ഷെ, ഇന്ന് മലയാള ഭാഷയിൽ പുറത്തിറങ്ങുന്ന പുതിയ നിയമം ബൈബിളിൽ ഈ വചനം തീരെയില്ലെന്നതത്രെ വസ്തുത. 'ബിഷാറ'യും കേരളത്തിലെ മററു പ്രൊട്ടസ്ററന്റ് മിഷ്യനറി സംഘടനകളും വിതരണം ചെയ്യുന്ന ബാംഗ്ളൂരിലെ

1. മഞ്ചേരി, മർക്കസുൽ ബിഷാറ പുറത്തിറക്കിയ സക്കരിയാ ബ്യൂട്രസിന്റെ പുസ്തകത്തിന്റെ മലയാള പരിഭാഷയായ ''വിശുദ്ധ ത്രിത്വത്തിൽ ദൈവം ഏകനാണ്'' എന്ന പുസ്തകം പേജ്: 12.

ഇന്ത്യാ ബൈബിൾ സൊസൈററിയിൽ[1] അച്ചടിച്ച 'സത്യ വേദപുസ്തക'ത്തിലോ കൊച്ചിയിലെ പാസ്റ്ററൽ ഓറിയ ൻേറഷൻ പ്രസിദ്ധീകരിച്ചതും കേരളാ കത്തോലിക് ബിഷപ്പ് കൗൺസിൽസ് ബൈബിൾ കമ്മീഷൻ തയ്യാറാക്കിയതുമായ[2] 'ബൈബിളിലോ' ഈ വചനം ഇല്ല. ബൈബിൾ പരിശോധിക്കുന്ന ഏതൊരാൾക്കും ആയാസരഹിതമായി മനസ്സിലാക്കാൻ കഴിയുന്ന വസ്തുതയാണിത്. ഇതിനെ സംബന്ധിച്ച് മഞ്ജരി മർക്കസുൽ ബിഷാറ മുതൽ കേരളത്തിലെ പല സുവിശേഷ സംഘടനകളിലേക്കും ഈ ലേഖകൻ എഴുതി ചോദിച്ചു വെങ്കിലും ഇന്നുവരെ മറുപടി ലഭിച്ചിട്ടില്ല.

ഈ വചനം ബൈബിളിൻെറപേരിൽ ആക്ട് പ്രീസ്ററ് സക്കരിയാ ബ്യൂട്രസ് വ്യാജം പറഞ്ഞതാണോ? ഒരിക്കലുമല്ല. അദ്ദേഹം ഉപയോഗിക്കുന്ന ഇംഗ്ലീഷ് ബൈബിൾ കിംഗ് ജെയിംസ് വേർഷ[3] നായിരിക്കാം King James Version (K.J.V.) ബൈബിളിൽ ഇങ്ങനെ ഒരു വചനമുണ്ട്. "For there are three that bear record in heaven, the Father the word and the Holy Ghost: and these three are one" (The First Eipistle of John 5 : 7) ഈ വചനമായിരിക്കാം മിസ്ററർ ബ്യൂട്രസ് അദ്ദേഹത്തിൻെറ God is One in the Holy Trinity എന്ന പുസ്തകത്തിൽ ഉദ്ധരിച്ചത്. മലായളത്തിലേക്ക് ബ്യൂട്രസിൻെറ പുസ്തകം പരിഭാഷപ്പെടുത്തിയ വ്യക്തി ഈ വചനം മലയാള ബൈബിളിൽ

1. പ്രൊട്ടസ്ററൻറ് സഭകൾ അംഗീകരിച്ചിരിക്കുന്ന ബൈബിൾ ഇതാണ്.
2. കാത്തോലിക്കാ സഭ അംഗീകരിച്ച ബൈബിൾ ഇതാണ്.
3. കിംഗ് ജെയിംസിൻെറ ഉത്തരവുപ്രകാരം 54 വേദശാസ്ത്ര പണ്ഡിതൻമാരുടെ സമിതി 1604ൽ പൊതുവെ അംഗീകരിക്കപ്പെടുന്ന ഒരു ബൈബിൾ നിർമ്മിക്കാനായി നിയുക്തമായി. അവരുടെ ശ്രമഫലമായി ആംഗ്ലിക്കൻ സഭകൾക്ക് മുഴുവൻ അംഗീകൃതമായ ഒരു ഇംഗ്ലീഷ് ബൈബിൾ 1611 ൽ പുറത്തിറങ്ങി. സരളമായ ഭാഷയും സുന്ദരമായ സാഹിത്യശൈലിയും കൈമുതലായിട്ടുള്ള ഈ ഇംഗ്ലീഷ് ബൈബിളാണ് കിംഗ് ജെയിംസ് വേർഷൻ (King James Verson — K.J.V.) അഥവാ അംഗീകൃത വിവർത്തനം (Authorised Version — A.V.) എന്നറിയപ്പെടുന്നത്.

നോക്കാതെ നേരിട്ട് പരിഭാഷപ്പെടുത്തിയിരിക്കണം. അതിനാലാണ് മലയാളം ബൈബിളുകളിൽ ഒന്നിലും ഇല്ലാത്ത ഒരു വചനം ബൈബിളിന്റെ പേരിൽ മലയാളത്തിൽ അച്ചടിച്ച് വിതരണം ചെയ്യുകയെന്ന 'മഹാപാപം' ചെയ്യാൻ മർക്കസുൽ ബിഷാറ വിധിക്കപ്പെട്ടത്.

എന്തുകൊണ്ട് മലയാളം ബൈബിളിൽ ഈ വചനം ഇല്ല? എന്തിനാണത് നീക്കം ചെയ്തത്? ക്രൈസ്തവ ദൈവസങ്കൽപ്പത്തിന്റെ അടിസ്ഥാനാദർശം പ്രബോധനം ചെയ്യുന്ന ഏക വചനം നീക്കംചെയ്യാൻ കേരളത്തിലെ മുഴുവൻ സഭകളെയും പ്രേരിപ്പിച്ച കാര്യമെന്താണ്?

മലയാളം ബൈബിളിൽ മാത്രമാണോ ഈ വചനം എടുത്തുകളഞ്ഞിരിക്കുന്നത്? അല്ല. ഇന്ന് സർവ്വാംഗീകൃതമായ ഇംഗ്ലീഷ് ബൈബിളായ റിവൈസ്ഡ് സ്റ്റാൻേർഡ് വേർഷനിലും (Revised Standard Version) ഈ വചനം കാണുന്നില്ല. പ്രസ്തുത ബൈബിളിൽനിന്നും മലയാളം ബൈബിളിലേതു പോലെത്തന്നെ ഈ വചനം പൂർണ്ണമായും നീക്കം ചെയ്തിരിക്കുന്നു. കാരണമെന്ത്?

മുപ്പത്തിരണ്ട് അമേരിക്കൻ വേദ ശാസ്ത്ര പണ്ഡിതൻമാരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 1952 സെപ്തമ്പർ മുപ്പതാം തിയ്യതി വെളിച്ചം കണ്ട ബൈബിളാണ് റിവൈസ്ഡ് സ്റ്റാൻേർഡ് വേർഷൻ (R.S.V.) 'മൂലത്തോട് ഏററവും അടുത്തു നിൽക്കുന്നതും ഏററവും സൂക്ഷ്മമായതുമായ പരിഭാഷ' യെന്നു The Times വിശേഷിപ്പിച്ച R.S.V. , വീണ്ടും പുനഃപരിഷ്ക്കരിച്ചുകൊണ്ട് 1971 *1* ൽ പുറത്തിറക്കുകയുണ്ടായി.

'ഞാനേററവുമധികം ഇഷ്ടപ്പെടുന്നു, അത് വിശ്വാസനീയമാണ്' എന്നു പ്രൊഫസർ ററി. ഡബ്ളിയു. മാൻസൺ 2 അ

---

1. The Holy Bible (R.S.V) Regency Publishing House, Nashville, U.S.A. (1971)
2. പി. ററി. കുരുവിള—ബൈബിൾ നൂററാണ്ടുകളിലൂടെ പേജ്: 96

ഭിപ്രായപ്പെട്ട R.S.V. യുടെ മുഖവുരയിൽ അംഗീകൃത വിവർത്തനമായ കിംഗ് ജെയിംസ് വേർഷനി(K.J.V.)ൽ വളരെ ഗുരുതരമായ ചില തെററുകളുണ്ടായിരുന്നുവെന്ന് തുറന്ന പ്രസ്താവിക്കുന്നത് നോക്കുക:

'എങ്കിലും കിംഗ് ജെയിംസ് വേർഷനിൽ ഗുരുതരമായ തെററുകളുണ്ട്. (grave defects) പത്തൊൻപതാം നൂററാണ്ടിന്റെ പകുതിയോടെ ബൈബിൾ പഠനത്തിലുണ്ടായ പുരോഗതിയുടെയും കിംഗ് ജെയിംസ് വേർഷൻ അടിസ്ഥാനമാക്കിയതിനേക്കാൾ പുരാതനമായ കൈയെഴുത്ത് പ്രതികൾ കണ്ടെത്തിയതിന്റെയും ഫലമായി ഈ തെററുകൾ വളരെ അധികവും കൂടുതൽ ഗുരുതരവുമാണെന്ന് കണ്ടതിനാൽ ഇംഗ്ലീഷ് പരിഭാഷയിൽ മാററം വരുത്താൻ ഞങ്ങൾ പ്രേരിതരാവുകയാണുണ്ടായത്'' 1

യഥാർത്ഥ ബൈബിളിൽ ഇല്ലാത്ത പല പ്രസ്താവനകളും കിംഗ് ജെയിംസ് വേർഷനിൽ ഉണ്ടായിരുന്നു. അവ വളരെയധികവും ഗൗരവമുള്ളതു (Serious)മായിരുന്നു. കിംഗ്ജെയിംസ് വേർഷൻ, ലഭ്യമായതിൽ ഏററവും പുരാതനമായ ബൈബിൾ കയ്യെഴുത്ത് പ്രതികളുമായി താരതമ്യം ചെയ്ത്, അവയിൽ ഇല്ലാത്തതും K.J.V. യിൽ കടത്തിക്കൂട്ടിയതുമായ ആശയങ്ങളും വചനങ്ങളും വാക്യങ്ങളുമൊഴിവാക്കിക്കൊണ്ട് പരിഷ്ക്കരിച്ചതാണ് റിവൈസ്ഡ് സ്ററാൻേർഡ് വേർഷൻ (R.S.V.) അപ്പോൾ, K.J.V.യിൽ ഉള്ളതും R.S.V.യിൽ ഇല്ലാത്തതുമായ ബൈബിൾ വചനങ്ങൾ പുരാതന ബൈബിൾ പ്രതികളിലി

---

1. Yet the King James Version has grave defects: By the middle of the Nineteeth Century, the development of Biblical Studies and the discovery of many manuscripts more ancient than those up on which the King James Verson was based, made it manifest that these defects are somany and so serious as to call for revision of the English translation —Preface of Revised Standard Version (1971) Page: iii.

ല്ലെന്നും പിന്നീട് കൂട്ടിച്ചേർത്തതായിരിക്കുമെന്നും മനസ്സിലാക്കാം.

ഇത്തരത്തിൽ കൂട്ടിച്ചേർക്കപ്പെട്ട ഒരു വചനമാണ് സക്കരിയാ ബ്യൂട്രസ് ഉദ്ധരിച്ച പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നുതന്നെയാണെന്ന യോഹന്നാന്റെ ഒന്നാം ലേഖനം, അഞ്ചാം അദ്ധ്യായത്തിലെ ഏഴാം വചനം. ഈ വചനം K.J.V. യിൽ കാണുന്നു. അടിസ്ഥാനരഹിതമായ വചനങ്ങളുപേക്ഷിച്ചുകൊണ്ട് പരിഷ്കരിക്കപ്പെട്ട R.S.V. യിൽ കാണുന്നില്ല! അപ്പോൾ ഇത് പൗരാണിക കയ്യെഴുത്തു പ്രതികളിൽ ഇല്ലാത്തതാണെന്നുറപ്പാണ്. പിന്നീട് K.J.V. യിലോ അല്ലെങ്കിൽ K.J.V. നിർമ്മിക്കാൻ ആശ്രയിക്കപ്പെട്ട താരതമ്യേന ആധികാരികത കുറഞ്ഞ കൈയെഴുത്ത് പ്രതികളിലോ കടത്തിക്കൂട്ടിയതാണെന്ന് സുതരാം വ്യക്തമാകുന്നു.1

പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാണെന്ന ത്രിയേക വിശ്വാസത്തിന് ഉപോൽബലകമായി ഉദ്ധരിക്കാവുന്ന ഒരേയൊരു വചനമാണ് 1 യോഹന്നാൻ 5 : 7. ഈ ഏകവചനം അടിസ്ഥാനരഹിതമായി K.J.V. യിൽ എഴുതിച്ചേർത്തതാണെന്ന് നാം മനസ്സിലാക്കി.

ഇതുപോലെത്തന്നെ ത്രിയേക ദൈവ വിശ്വാസവും ക്രൈസ്തവ ദർശനത്തിൽ പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് ഇത് വ്യക്തമാക്കുന്നു. മുൻപുള്ള പ്രവാചകൻമാരോ ക്രിസ്തുവോ അപ്പോസ്തലൻമാരോ ആരുംതന്നെ പ്രബോധനം ചെയ്യാത്ത ത്രിയേക വിശ്വാസം ക്രിസ്തു മത 2 ത്തിലേതല്ല; പ്രത്യുത, ജാതികളുടെ ബഹുദൈവ വിശ്വാസത്തിൽനിന്നും കടമെടുത്തതാണ്. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു മതത്തെയും തകർക്കാൻ കഴിയില്ലെന്നു് മനസ്സിലാ

1. ബൈബിളിൽ യാതൊരു കൈകടത്തലുകളും നടന്നിട്ടില്ലെന്ന വാദവും ഇതോടെ പൊളിയുന്നു.
2. ക്രിസ്തു പ്രബോധനം ചെയ്ത ദൈവത്തിലേക്കുള്ള മാർഗ്ഗമെന്ന് വിവക്ഷ. സ്ഥാപനവൽകൃത ക്രിസ്തുമതമല്ല.

ക്കിയ ക്രിസ്തു വിരോധികളാണ് —അവർ ചിലപ്പോൾ വി ശുദ്ധൻമാരെന്ന് വിളിക്കപ്പെടുന്നവരാകാം— അദ്ദേഹം പ്രബോധനം ചെയ്ത മതത്തെ ആശയപരമായി തകർക്കാനായി ത്രിത്വമെന്ന സങ്കീർണ്ണ സിദ്ധാന്തത്തെ നിർമ്മിക്കുകയും അത് ക്രിസ്തുമതത്തിൽ കടത്തിക്കൂട്ടുകയും ചെയ്തത്.

മലയാളം ബൈബിളിൽനിന്നും 1952നു മുമ്പുതന്നെ ഈ വചനം നീക്കം ചെയ്യപ്പെട്ടിരുന്നു. അതിനുള്ള കാരണം മറെറാന്നാണ്. പത്തൊൻപതാം നൂററാണ്ടിൽ കേരളം കണ്ട ഏററവും വലിയ നവോത്ഥാന നായകനും ക്രൈസ്തവ പാതിരിമാരുടെ കണ്ഠ കോടാലിയുമായിരുന്ന സയ്യിദ് സനാഉല്ലാഹ്മക്തി തങ്ങളുടെ 'കഠോര കുടാരം' എന്ന ബൃഹദ്ഗ്രന്ഥത്തിൽ ബൈബിളിൽ ത്രിയേക വിശ്വാസത്തിനുപോൽബലകമായി ഉദ്ധരിക്കപ്പെടുന്ന 1 യോഹന്നാൻ 5: 7 വചനം അടിസ്ഥാന രഹിതമാണെന്ന് പ്രസ്താവിച്ചിരുന്നു. മക്തി തങ്ങൾ എഴുതുന്നു:

'ഈ വചനം (1 യോഹ 5:7) തീരെ സ്വയംകൃതമാണെന്ന് സ്കോട്ട് എന്നയാൾ ഓക്സ്ഫോർഡിൽ അച്ചടിക്കപ്പെട്ട തന്റെ വ്യാഖ്യാന പുസ്തകം 3ാം ബണ്ഡം 433 ാം ഭാഗത്തിലും, ഇംഗ്ലണ്ടിലെ മഹാവിദ്വാൻമാരായ ന്യൂട്ടൺ, ഗിബ്ബൺ മുതലായവർ സസൂക്ഷ്മം പരിശോധിച്ചതിലും ഈ വചനങ്ങൾ സ്വയം കൃതികളാണെന്ന് തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നു ജോൺ ഡെവൺപോർട്ട് എന്നയാൾ തന്റെ പുസ്തകം 388ാം ഭാഗത്തിലും പറഞ്ഞിരിക്കുന്നത് നോക്കിക്കൊൾക; ഇത്തരം നിർമ്മിത വചനങ്ങൾ നിങ്ങളുടെ പുസ്തകങ്ങളിൽ അനവധി കിടക്കുന്നു.' 1

മൗലവി സനാഉല്ലയുടെ പ്രചണ്ഡമായ പ്രചാരണപ്രബോധന പ്രവർത്തനങ്ങൾക്ക മുമ്പിൽ ചെറുത്തു നിൽക്കാനാവാതെ കേരളമണ്ണിലെ ക്രൈസ്തവ നേതൃത്വം അദ്ദേഹത്തിന്റെ

1. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ. പേജ്: 91.

ജീവിത കാലത്തുതന്നെ മലയാള ബൈബിളിൽനിന്നും ഈ വചനം നീക്കം ചെയ്തിരുന്നു. മക്തിതങ്ങൾ തന്നെ എഴുതുന്നത് നോക്കുക: 'മക്തി തങ്ങൾ ആഘോഷം' എന്ന പുസ്തകം നോക്കാം.

'മൂന്ന് ഒന്നായ ദൈവം' എന്നുണ്ടായ വചനം (ഒന്നാംയോഹ: 5 : 7) ക്രിസ്തീയ വിദ്വാൻമാരെക്കൊണ്ട് നീക്കിപ്പിച്ചു. ഇതിൽപരമായൊരു വിജയം ഇസ്ലാം മതത്തിന് ഉണ്ടാവാൻ ഇല്ല. ഇതിലും വലുതായൊരു സന്തോഷം ഇസ്ലാം ജനത്തിന് വരുവാനില്ലെന്ന കാര്യം അറിയുന്നവർ സമ്മതിക്കും. മൂഢൻമാർ സംശയിക്കും' 1

മലയാളം ബൈബിളിൽനിന്നും 1912ന് 2 മുമ്പ്തന്നെ മൂലഗ്രന്ഥത്തിലില്ലാത്ത വചനം, കേരളത്തിലെ ക്രൈസ്തവ നേതൃത്വത്തെകൊണ്ട് നീക്കം ചെയ്യിക്കാൻ ഇസ്വ്ലാഹീ പ്രവർത്തനത്തിന് കഴിഞ്ഞു. ഇംഗ്ലണ്ടിലും അമേരിക്കയിലുമെല്ലാമുള്ള ക്രൈസ്തവ നേതൃത്വത്തിന് ഈ അബദ്ധം കണ്ടുപിടിക്കാൻ 1952 3 വരെ കാത്തിരിക്കേണ്ടിവന്നു.

ഏതായാലും ഈ വചനമാണ് ത്രിത്വത്തിനുള്ള പ്രധാന തെളിവായി സക്കരിയാ ബ്യൂട്രസും 'ബിഷാറ' ക്കാരുമെല്ലാം എടുത്തുദ്ധരിച്ചിരിക്കുന്നത്. ഒന്നുകിൽ ഇവരാരും R.S.V. യും മലയാളം ബൈബിളും വായിച്ചിട്ടില്ല. 'ബിഷാറക്കാർ' മലയാളം ബൈബിൾ വായിക്കാതിരിക്കാൻ ഏതായാലും സാധ്യതയില്ല. അപ്പോൾ സാധാരണക്കാരെ വഴിപിഴപ്പിക്കുകയല്ലാതെ മറെറന്താണ് ഈ വചനമുള്ള പുസ്തകം പ്രസിദ്ധീകരിച്ചതിനു പിന്നിലുള്ള വികാരം?

ത്രിത്വത്തിന് ബൈബിളിൽ ഒരു തെളിവുപോലുമില്ലെ

1. സ്വലാഹുൽ ഇഖ്വാൻ: വാല്യം: 5, ലക്കം: 8. (കെ.കെ. മുഹമ്മദ് അബ്ദുൽകരീം എഴുതിയ ''സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ'' എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ നിന്ന്).
2. മക്തി തങ്ങൾ ഇഹലോക വാസം വെടിഞ്ഞ വർഷം.
3. 1952—R.S.V. പുറത്തിറങ്ങിയ വർഷം.

ന്നും, ഉദ്ധരിക്കപ്പെടുന്നവയൊക്കെ ബാലിശമാണെന്നും നാം മനസ്സിലാക്കി. ഇനി ബൈബിളിൽ ത്രിത്വത്തെ വിമർശിക്കുന്നുണ്ടോ എന്നു നമുക്ക് പരിശോധിക്കാം. ക്രിസ്തുവിന്റെയോ അപ്പോസ്തലൻമാരുടെയോ കാലത്ത് 'ക്രിസ്തുമതം' ത്രിയേക വിശ്വാസം സിദ്ധാന്തമായി സ്വീകരിച്ചിരുന്നില്ല എന്നതിനാൽതന്നെ അതിനു നേരിട്ടുള്ള വിമർശനങ്ങൾ ബൈബിളിൽ കാണുകയില്ല. പക്ഷെ, അഭിനവ ക്രിസ്ത്യാനികൾ പറയുന്ന ത്രിത്വോപദേശവുമായി പ്രകടമായിത്തന്നെ വൈരുദ്ധ്യം പ്രകടിപ്പിക്കുന്ന ഒട്ടനവധി കാര്യങ്ങൾ ബൈബിളിൽനിന്നുദ്ധരിക്കാൻ കഴിയും. ത്രിത്വത്തെക്കുറിച്ച് റവ: സി. ജി. ഫാൻഡർ എഴുതുന്നു:

1) 'പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാണ്; ഏക ദൈവം മാത്രമാണ്.
2) ദിവ്യമായ ഈ മൂന്ന് ആളത്വങ്ങളിൽ ഓരോരുത്തർക്കും അനിർവചനീയമായ ഓരോ പ്രത്യേകത മററുള്ളവരോടുള്ള ബന്ധത്തിൽ കാണാം.
3) ഈ മൂന്നു ആളത്വങ്ങളിൽ ആർക്കും സമ്പൂർണ്ണമായി മററുള്ളവരിൽനിന്നും വേർപെട്ടിരിപ്പാൻ സാധ്യമല്ല. എങ്കിലും ഓരോ വ്യക്തിയും സ്വയമായി ദൈവം തന്നെയാണ്.
4) ഈ സ്വർഗ്ഗീയ മൂർത്തികൾ ഓരോന്നും ദൈവമാകുന്നു. ഇവരിൽ ഓരോരുത്തരും മററു രണ്ടുപേരോടും നിത്യമായി യോജിച്ചിരിക്കുന്നു. അവർ തമ്മിൽ അന്യോന്യം വിഭജിക്കപ്പെടുവാനും കഴിയില്ല.
5) ഈ ഓരോ സ്വർഗ്ഗീയ വ്യക്തിക്കും ഒരേ പ്രകൃതിയും (ദാത്ത്) ഓരോരുത്തർക്കുമുള്ള പ്രഭാവം സമനിത്യവുമാകുന്നു.
6) ഈ അത്യുന്നത മൂർത്തികളിൽ ആദ്യവ്യക്തിക്ക് തിരുവെഴുത്തിൽ നൽകിയിരിക്കുന്ന സ്ഥാനപ്പേരുകൾ സ്രഷ്ടാവ് എന്നും പിതാവെന്നുമാണ്. രണ്ടാമത്തെ വ്യക്തിയെ ദൈവവചനമെന്നും ദൈവപുത്രനെന്നും

വീണ്ടെടുപ്പുകാരനെന്നും വിളിച്ചിരിക്കുന്നു. മൂന്നാമത്തെ വ്യക്തിയെ പരിശുദ്ധാത്മാവെന്നും വിശുദ്ധീകരിക്കുന്നവനെന്നും ആശ്വാസപ്രദനെന്നും കാര്യസ്ഥൻ എന്നും മററും വിളിക്കുന്നു.

7) ഈ മൂന്നു സ്വർഗ്ഗീയ വ്യക്തികളും പ്രകൃതിയിൽ ഒന്നായിരിക്കുന്നതുപോലെത്തന്നെ അവരുടെ ഇച്ഛയിലും ഉദ്ദേശത്തിലും ശക്തിയിലും അധികാരത്തിലും നിത്യമായ മററെല്ലാ ഗുണവിശേഷങ്ങളിലും അവർ തുല്യരാണ്.

8) എന്നിരിക്കലും പിതാവിനെ ദൈവത്വത്തിന്റെ ഉറവിടമായി ബൈബിൾ ചിത്രീകരിക്കുന്നു. ഈ അർത്ഥത്തിൽ പിതാവ് പുത്രനേക്കാൾ വലിയവനാണ്. (യോഹന്നാൻ 14 : 28) എങ്കിലും (ദാത്ത്) സ്വഭാവത്തിൽ അവർ ഒന്നു തന്നെയാണ്. (യോഹന്നാൻ 10 :30) 1

എന്നാൽ ബൈബിൾ പ്രകാരം പിതാവും പുത്രനും പരിശുദ്ധാത്മാവും സത്തയിലും രൂപത്തിലും ഭാവത്തിലും സ്വഭാവങ്ങളിലുമെല്ലാം വ്യത്യസ്തരാണ്. അവർ മൂന്നുപേരും ഒന്നല്ല തന്നെ. ക്രിസ്തുതന്നെ പറയുന്നത് കേൾക്കുക:

'യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവ്, നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടി സ്നേഹിക്കണം.' 2

ഈ വചനത്തിലെ 'നമ്മുടെ ദൈവമായ കർത്താവ്' എന്ന പ്രയോഗത്തിൽനിന്നും ഇതുപറയുന്ന വ്യക്തി കർത്താവല്ലെന്നു വ്യക്തമാണല്ലോ. ഇതു പറയുന്നത് ത്രിത്വത്തിലെ ഒരു ആള

1. റവ : സി.ജി. ഫാണ്ടർ : മീസാനുൽഹഖ്, സത്യത്തിന്റെ തുലാസ് പേ : 197.
2. മാർക്കോസ് 12: 29, 30.

ത്വമായി ആരോപിക്കപ്പെടുന്ന പുത്രനാണല്ലോ. അപ്പോൾ പുത്രനും കർത്താവും ഒന്നല്ലെന്നും രണ്ടും രണ്ടു വ്യത്യസ്ത അസ്തിത്വങ്ങളും വ്യക്തിത്വങ്ങളുമാണെന്നുമാണ് ഈ വചനം വ്യക്തമാക്കുന്നത്.

ആകാശാരോഹണത്തിനുമുമ്പ് മഗ്ദലനമറിയത്തോടു പറഞ്ഞ വചനങ്ങൾ ഇക്കാര്യം ഒന്നുകൂടി വ്യക്തമാക്കുന്നു. 'എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുത്തേക്ക് ഞാൻ കയറിപ്പോകുന്നു.' 1 എന്റെ ദൈവവും, എന്റെ പിതാവും തുടങ്ങിയ പദപ്രയോഗങ്ങളിൽനിന്നും 'ഞാൻ' ദൈവമല്ലെന്നും 'പുത്രനും, പിതാവും' രണ്ടുംരണ്ടുപേർ തന്നെയാണെന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. ദൈവത്തിന്റെ അംശമായിരുന്നു ക്രിസ്തുവെങ്കിൽ ഇത്തരമൊരു പ്രസ്താവന കാണുക സാധ്യമാണോ?

ക്രിസ്തു ശിഷ്യൻമാരും അപ്പോസ്തലൻമാരുമെല്ലാം മനസ്സിലാക്കിയത് ഈ സത്യം തന്നെയായിരുന്നു. ഏകനായ ദൈവം അയച്ച പ്രവാചകനാണ് യേശുക്രിസ്തുവെന്ന യാഥാർത്ഥ്യം യോഹന്നാൻ വ്യക്തമാക്കുന്നത് നോക്കുക: 'ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുക എന്നതാകുന്നു നിത്യജീവൻ' 2 ക്രിസ്തു ദൈവത്തിന്റെ ത്രിഭാവങ്ങളിൽ ഒരുവനാണെന്ന് യോഹന്നാൻ അറിഞ്ഞിരുന്നുവെങ്കിൽ ഇത്തരമൊരു പ്രസ്താവന അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കാൻ കഴിയുമോ?

'സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽനിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ: ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരുസ്വരം സ്വർഗ്ഗത്തിൽനിന്നുകേട്ടു' 3 ഈ വചനം ത്രിത്വ

1. യോഹന്നാൻ 20: 17
2. യോഹന്നാൻ 17 : 3 3. മത്തായി 3 : 16, 17

ത്തിനുള്ള തെളിവായി ചിലർ ഉദ്ധരിക്കാറുണ്ട്. യഥാർത്ഥത്തിൽ ഈ വചനം ത്രിയേകത്വത്തിന് തെളിവല്ലെന്നുമാത്രമല്ല, ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങൾക്കും സ്വതന്ത്രമായ അസ്തിത്വമുണ്ടെന്ന വസ്തുതകൂടി—ത്രിയേകത്വത്തിനു വിരുദ്ധമായ കാര്യം—ഇത് പഠിപ്പിക്കുന്നു; പുത്രൻ സ്നാനം ചെയ്തു കയറുന്നു, പരിശുദ്ധാത്മാവ് പ്രാവ് രൂപത്തിൽ ഇറങ്ങുന്നു, പിതാവ് സ്വർഗ്ഗത്തിലിരിക്കുന്നു— അഥവാ ഇതുമൂന്നും മൂന്നു പേർതന്നെയാണ്. അപ്പോൾ ഈ വചനവും ത്രിത്വത്തിലെ ആളത്വങ്ങളുടെ ഐകരൂപ്യമെന്ന ആശയത്തെ തകർക്കുന്നു. 'മൂന്ന് ആളത്വങ്ങളിൽ ആർക്കും സമ്പൂർണ്ണമായി മററുള്ളവരിൽനിന്നും വേർപ്പെട്ടിരിപ്പാൻ സാധ്യമല്ല' എന്ന ഫാണ്ടറുടെ പ്രസ്താവനക്ക് വിരുദ്ധമാണ് ബൈബിളിലെ ഈ വചനമെന്നർത്ഥം.

'പിതാവ് എന്നേക്കാൾ വലിയവനാണ്' 1 എന്ന വചനത്തിൽനിന്ന് രണ്ടുപേർക്കും ഒരേശക്തിയല്ല ഉള്ളതെന്ന് വ്യക്തമാകുന്നു. 'മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ ഞാൻ ഞാൻതന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും.' 2 'പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വതവേ ഒന്നും ചെയ്‌വാൻ കഴികയില്ല' 3 എന്നീ വചനങ്ങളിൽനിന്നും ക്രിസ്തുവിനു സ്വയം അത്ഭുതങ്ങളോ മററോ പ്രവർത്തിക്കാൻ കഴിയില്ലെന്നും 'പിതാവാ'ണ് അവയെല്ലാം പഠിപ്പിച്ചു കൊടുത്തതെന്നും സുതരാം വ്യക്തമാവുന്നു. പിതാവിനും പുത്രനും ഒരേ ശക്തിയും അധികാരവുമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ക്രിസ്തുവിൽനിന്നും ഇത്തരം പ്രസ്താവനകൾ പ്രതീക്ഷിക്കാൻ കഴിയുമോ? ഈ വചനങ്ങളിൽനിന്ന്, കേട്ടുപറയുന്ന ക്രിസ്തുവിനേക്കാൾ പഠിപ്പിച്ചുകൊടുക്കുന്ന പിതാ

1. യോഹന്നാൻ 14 : 28 2. യോഹന്നാൻ 8 : 28
3. യോഹന്നാൻ 5 : 19

വിന് ശക്തി കൂടുതലുണ്ട് എന്ന്തന്നെയാണ് മനസ്സിലാക്കാൻ കഴിയുന്നത്.

വിജ്ഞാനത്തിന്റെ കാര്യത്തിലും പിതാവ് പുത്രനെക്കാൾ മുന്തിനിൽക്കുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നു. 'ആ നാളും നാഴികയും സംബന്ധിച്ചോ, പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതൻമാരും പുത്രനുംകൂടെ അറിയുന്നില്ല' I നിത്യമായ എല്ലാ ഗുണവിശേഷങ്ങളിലും 'പിതാവും പുത്രനും' തുല്യമാണെന്ന ഫാണ്ടറുടെ വാദം ശരിയായിരുന്നുവെങ്കിൽ അറിവിന്റെ കാര്യത്തിലും അവർ രണ്ടുപേരും തുല്യരാകേണ്ടതായിരുന്നു. പക്ഷെ, ഈ വചനത്തിൽനിന്നും 'പുത്ര'നറിയാത്തത് 'പിതാവി'ന്ന അറിയാമെന്നും അതുകൊണ്ടുതന്നെ 'പുത്രൻ' 'പിതാവി'നേക്കാൾ വിജ്ഞാനം കുറഞ്ഞവനാണെന്നുമാണല്ലോ മനസ്സിലാക്കാൻ കഴിയുന്നത്.

പുത്രനും പിതാവിന്നും ഒരേ കഴിവും ഇച്ഛയുമായിരുന്നെങ്കിൽ പുത്രൻ പിതാവിനോട് സഹായമഭ്യർത്ഥിക്കുകയോ വിളിച്ചു പ്രാർത്ഥിക്കുകയോ ചെയ്യുകയില്ല. എന്നാൽ ബൈബിൾ പരിചയപ്പെടുത്തുന്ന ദൈവപുത്രനായ ക്രിസ്തു പിതാവിനോട് സഹായഭ്യർത്ഥന നടത്തിയതായും കരഞ്ഞ് പ്രാർത്ഥിച്ചതായും കാണാൻ കഴിയും 'അവനാകട്ടെ വിജനപ്രദേശങ്ങളിലേക്ക് പിൻവാങ്ങി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.'2 തന്റെ പ്രബോധന പ്രവർത്തനങ്ങൾ തകർക്കുവാനായി പിലാത്തോസും കൂട്ടരുമൊരുക്കിയ കുരിശിൽനിന്നും രക്ഷക്കായി ക്രിസ്തു ദൈവത്തോട് പ്രാർത്ഥിക്കുന്നത് നോക്കുക. 'അവൻ അവരിൽനിന്നു ഒരുകല്ലേറു ദൂരംമാറി മുട്ടിൻമേൽ വീണു പ്രാത്ഥിച്ചു; പിതാവേ, അങ്ങേയ്ക്കു ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും നീക്കേണമേ, എങ്കിലും എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം നിറവേറട്ടെ'3ബൈബിൾ പ്രകാരം, കുരിശിൽ കിടന്നുകൊണ്ടും

---

1. മാർക്കോസ് 13 : 32 2. ലൂക്കോസ് 5 : 16.
6. ലൂക്കോസ് 22 : 41, 42.

ക്രിസ്തു ദൈവത്തെ വിളിച്ചു കരയുന്നു. 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ ഉപേക്ഷിച്ചതെന്തുകൊണ്ട്''? 1

ദൈവത്തെ വിളിക്കുന്നതുപോലെ കർത്താവെന്നോ നല്ലവനെന്നോ തന്നെ വിളിക്കുന്നതിനെയും ക്രിസ്തു വിമർശിച്ചിട്ടുണ്ട്. 'എന്നെ നല്ലവനെന്ന് വിളിക്കുന്നതെന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല' 2 എന്ന് പഠിപ്പിക്കുന്ന ക്രിസ്തു തന്നെ 'കർത്താവേ, കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക' 3 എന്ന് മുന്നറിയിപ്പും നൽകുന്നു.

ഈ വചനങ്ങളെല്ലാം വ്യക്തമായിത്തന്നെ ത്രിയേകത്വത്തെ ഖണ്ഡിക്കുന്നു. ഇനി 'ദാത്തി'ൽ (സത്തയിൽ) പിതാവും പുത്രനും ഒന്നാണെന്നതിന് തെളിവായി സി.ജി. ഫാണ്ടർ ചൂണ്ടിക്കാണിച്ച 'ഞാനും പിതാവും ഒന്നാകുന്നു' എന്ന വചനം (യോഹന്നാൻ 10 : 30) അദ്ദേഹത്തിന്റെ വാദത്തിന് അനുകൂലമായ തെളിവ് നൽകുന്നുണ്ടോയെന്ന് നോക്കാം.

നമുക്ക് ഈ വചനം പൂർണ്ണമായി പരിശോധിക്കാം. 'എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. ഞാനവയ്ക്ക് നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചു പോവുകയില്ല. അവയെ എന്റെ അടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയുമില്ല. അവയെ എനിക്കു നൽകിയ പിതാവ് എല്ലാവരേയുംകാൾ വലിയവനാണ്. പിതാവിന്റെ കൈയിൽനിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല. ഞാനും പിതാവും ഒന്നാണ്.' 4

ഇവിടെ 'ഞാനും പിതാവും ഒന്നാണ്'' എന്ന് പ്രയോഗി

---

1. മാർക്കോസ് 15 : 34.
2. മാർക്കോസ് 10 : 18. 3. മത്തായി 7 ; 21.
4. യോഹന്നാൻ 10 : 26—30.

ച്ചത് ഞങ്ങൾ രണ്ടുപേരും ഒരു സത്തയിൽ പെട്ടവരാണ് എന്ന അർത്ഥത്തിലാണോ? അല്ല; പ്രത്യുത 'ഞങ്ങൾ രണ്ടുപേരും ഒററക്കെട്ടാണ്' എന്ന് സാധാരണ പറയാറുള്ളതുപോലെ ഐക്യത്തെ കുറിക്കുന്ന ഒരു പ്രയോഗമാണത്. ഈ വചനത്തിൽതന്നെ 'ആടുകളെ' എനിക്കുതന്ന പിതാവ് എല്ലാവരേക്കാളും വലിയവനാണ് എന്ന് വ്യക്തമാക്കുന്നതിൽനിന്നും സത്തയിൽ ഞാനും പിതാവും രണ്ടുപേർ തന്നെയാണെന്നാണ് മനസ്സിലാകുന്നത്.

'അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നത്പോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങിനെ അവിടുന്ന് എന്നെ അയച്ചിരിക്കുന്നുവെന്ന് ലോകം അറിയേണ്ടതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' 1 എന്ന ക്രിസ്തുവചനം യോഹന്നാൻ 10 : 30ന് വിശദീകരണമായി നിലകൊള്ളുന്നു ദൈവവും ക്രിസ്തുവും ഒന്നായതുപോലെ ശിഷ്യൻമാരും കൂടി അവരിൽ ഒന്നിച്ച് ഒററകെട്ടായിനിന്ന് ക്രിസ്തു പ്രവാചകനാണെന്ന സത്യം ലോകത്തിനുമുമ്പിൽ വെളിപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുകയാണ് ക്രിസ്തു ഇവിടെ ചെയ്യുന്നത്.

'ഞാനും, പിതാവും ഒന്നാകുന്നു'വെന്ന വചനം അവരുടെ രണ്ടുപേരുടെയും സത്തയിലെ ഏകത്വമാണ് കുറിക്കുന്നതെന്ന് വാദിക്കുകയാണെങ്കിൽ അവരും നമ്മിൽ ഒന്നായിരിക്കാൻവേണ്ടി എന്ന വചനപ്രകാരം ക്രിസ്തു ശിഷ്യൻമാർകൂടി ഈ സത്തയിലെ അംഗങ്ങളാണെന്ന് സമ്മതിക്കേണ്ടിവരും. യേശുവും ദൈവവും ഒന്നായതിനാൽ ക്രിസ്തു ദൈവമാണെങ്കിൽ അനുയായികളും ദൈവമായി മാറും. അങ്ങനെ പിതാവും പുത്രനും പരിശുദ്ധാത്മാവും പന്ത്രണ്ട് അപ്പോസ്തലൻമാരും കൂടിയ പതിനഞ്ച് പേരുള്ള ദൈവിക ഏകത്വം സ്ഥാപിക്കാൻ ശാസ്ത്രീയ തെളിവുകൾ തേടേണ്ടിവരും, ക്രിസ്തുമത പ്രചാരകർ.

ചുരുക്കത്തിൽ, ബൈബിളിലെ ഒരു വചനംപോലും ത്രി

---

1. യോഹന്നാൻ 17 : 21.

യേകത്വത്തെ വെളിവാക്കുന്നില്ലെന്ന യാഥാർത്ഥ്യം ഇത്തരം തെളിവുകളുടെ തകർച്ചയിൽ കൂടുതൽ കൂടുതൽ വ്യക്തമാവുകയാണ് ചെയ്യുന്നത്. ആദിമനുഷ്യനായ ആദംമുതൽ ക്രിസ്തുവിനോ ക്രിസ്തു ശിഷ്യൻമാരിൽ ആർക്കെങ്കിലുമോ അറിയുകപോലും ചെയ്യാതിരുന്ന ത്രിയേകത്വമെന്ന ആശയത്തിന് ബൈബിളിൽനിന്നും തെളിവന്വേഷിക്കുന്നത് വ്യർത്ഥമാണെന്നർത്ഥം.

# പിതാവ്; പുത്രൻ; പരിശുദ്ധാത്മാവ്

വിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളായ പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്ന് സത്തയും വ്യക്തിത്വങ്ങളുമുള്ളവരാണെന്ന് നാം മനസ്സിലാക്കി. എന്നാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ പ്രയോഗങ്ങൾകൊണ്ട് ബൈബിൾ അർത്ഥമാക്കുന്നതെന്താണ്? ജഢികമായ അർത്ഥത്തിലുള്ള പിതൃത്വമോ പുത്രത്വമോ ആണോ? നമുക്ക് പരിശോധിക്കാം.

<u>പിതാവ്:-</u> പിതാവ് എന്നതുകൊണ്ട് ബൈബിൾ വിവക്ഷിക്കുന്നത് ലോകത്തിന്റെ നിയന്താവ് എന്നത്രെ. ലോകങ്ങളെയും സകല ചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്നവൻ എന്ന അർത്ഥത്തിലാണ് ക്രിസ്തുവും മുൻപ്രവാചകൻമാരുമെല്ലാം പിതാവെന്ന് അഭിസംബോധന ചെയ്തതെന്നത്രെ ബൈബിൾ മനസ്സിലാക്കിത്തരുന്നത്. പരിമിതമായ ഒരു കുലദൈവത്തിന്റെ സങ്കൽപ്പമുണ്ടായിരുന്ന യഹൂദ പാരമ്പര്യ വിശ്വാസത്തിൽനിന്നു വ്യത്യസ്തമായി സകല ചരാചരങ്ങളുടെയും സ്രഷ്ടാവും സകല ജാതികളുടെയും പിതാവു

മാണ് ദൈവമെന്ന ധാരണ വളർത്തുക എന്ന ലക്ഷ്യം മാത്ര മാണ് പിതാവെന്ന അഭിസംബോധനക്ക് പിന്നിലുണ്ടായി രുന്നത്.

ഇസ്രായീൽ വംശത്തെ തന്റെ പ്രിയ പത്നിയായി വേൾക്കുകയും, കോപാവേശത്താൽ പണിയെടുത്ത് ഇരുന്ന് വിയർക്കുകയും, യാക്കോബുമായി ഗുസ്തി പിടിക്കുകയും ചെയ്യുന്ന ക്രുദ്ധനും ക്രൂരനുമായ ഒരു ഭർത്താവിനെപ്പോലെയുള്ള, പഴയ നിയമത്തിലെ യഹൂദ ഇടപെടലിൽ നിന്നുൽഭൂതമായ, ദൈവസങ്കൽപ്പത്തിനു വിരുദ്ധമായി ഏകനും കരുണാനിധിയും പരമകാരുണികനും തന്റെ സൃഷ്ടികളോട് പിതാവിനെപ്പോലെ വാൽസല്യമുള്ളവനുമാണ്. ദൈവമെന്ന ധാരണ വളർത്തുവാൻവേണ്ടിയായിരിക്കണം ക്രിസ്തുവും മുൻപ്രവാചകൻമാരുമെല്ലാം തന്നെ പിതാവെന്ന് സംബോധന ചെയ്തത്. ദൈവം പരമകാരുണികനാണെന്ന (റഹ്മാൻ) ആശയം മക്കായിലെ ബഹുദൈവാരാധകർക്ക് അന്യമായിരുന്നതുപോലെ മോശെയുടെ പ്രബോധിതരായ ഇസ്രായീല്യർക്കും അത് അരോചകമായി തോന്നിയിരിക്കാം. അവരോട് മോശെ പറഞ്ഞു: 'അവിടുന്നല്ലയോ നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ പിതാവ്? നിങ്ങളുടെ സ്രഷ്ടാവും പരിപാലകനും അവിടുന്നല്ലയോ?' 1 പിതാവെന്ന പ്രയോഗത്തിന് സ്രഷ്ടാവെന്ന അർത്ഥ കൽപ്പനമാത്രമെയുള്ളുവെന്ന് ഇതിൽനിന്നു വ്യക്തമാവുന്നു.

യെശയ്യാ പ്രവാചകൻ ഇക്കാര്യം കൂടുതൽ ഊന്നിപ്പറയുകയും ദൈവത്തിന് ഒരു ഭർത്താവിന്റെ രൗദ്രഭാവങ്ങളല്ല. നേരിട്ട് പ്രാർത്ഥിച്ചാൽ ശ്രവിക്കുന്ന, തെററു ചെയ്യുന്ന മക്കൾ ശരിയാവണമെന്ന് ഉൽക്കടമായ ആഗ്രഹമുള്ള, സ്നേഹവും വാത്സല്യമുള്ള ഒരു പിതാവാണ് ദൈവമെന്ന കാര്യം വ്യക്തമാക്കുകയും ചെയ്യുന്നു. 'എന്നാലും കർത്താവെ, അങ്ങ് ഞങ്ങളുടെ പിതാവാണ്; ഞങ്ങൾ കളിമണ്ണും അങ്ങ് കുശവനുമാണ്. ഞങ്ങൾ അങ്ങയുടെ കരവേലയാണ്. കർത്താവേ, അങ്ങ് അത്യധികം

1. ആവർത്തനം 32 : 6.

കോപിക്കരുതേ! ഞങ്ങളുടെ തിൻമകൾ എന്നേക്കും ഓർമ്മിക്കരുതേ.' 1

സ്രഷ്ടാവും പരിപാലകനുമായ പിതാവു മാത്രമായിരുന്നു മുൻപ്രവാചകൻമാരും ക്രിസ്തുവും പ്രബോധനം ചെയ്ത തത്വങ്ങൾ പ്രകാരം ആരാധനക്കർഹൻ. അതുകൊണ്ടാണല്ലോ ക്രിസ്തു 'എന്നെ കർത്താവെ, കർത്താവെ എന്നു വിളിക്കുന്നവൻ ഏവനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ അവന്റെ ഭവനമായ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്' 2 എന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം പറഞ്ഞത്.

ക്രിസ്തുവിനെ ആരാധിക്കാമെന്ന് വാദിച്ച പൗലോസ് പോലും ത്രിയേകത്വം പഠിപ്പിക്കുന്നില്ല. പിതാവ് മാത്രമാണ് ദൈവമെന്നായിരുന്നു അദ്ദേഹം പോലും പറഞ്ഞത്. പൗലോസ് എഴുതുന്നു. 'നമുക്ക് ഒരു ദൈവമേയുള്ളു, ആരാണോ സർവ്വതും സൃഷ്ടിച്ചത്, ആർക്കുവേണ്ടിയാണോ നാം ജീവിക്കുന്നത്, ആ പിതാവ്' 3 പിതാവാണ് ഏകദൈവമെന്നാണ് പൗലോസ്പോലും മനസ്സിലാക്കിയതെന്ന് ഈ വചനം വ്യക്തമാക്കുന്നു. ക്രിസ്തുവിനുശേഷം 325ാം വർഷത്തിൽ മാത്രം നിസിൻ കൗൺസിൽ അംഗീകരിച്ച ത്രിയേക വിശ്വാസം അതിന്റെ എത്രയോ മുമ്പ് ജീവിച്ച പൗലോസിനു് അറിയാതിരുന്നതിൽ അത്ഭുതമില്ലല്ലോ.

പുത്രൻ:- ദൈവത്താൽ പ്രത്യേകം നിയുക്തനായ മനുഷ്യനെന്ന അർത്ഥത്തിലാണ് 'ദൈവപുത്രൻ' എന്ന് ബൈബിളിൽ പ്രയോഗിച്ചിരിക്കുന്നതെന്ന് വേദഗ്രന്ഥത്തെക്കുറിച്ച് അൽപ്പ ജ്ഞാനമെങ്കിലുമുണ്ടെങ്കിൽ മനസ്സിലാക്കാം. ദൈവപുത്രൻ എന്ന പ്രയോഗത്തിന് ദൈവവുമായുള്ള വൈവാഹികബന്ധം മൂലം ജനിച്ചവൻ എന്നോ ത്രിയേക ദൈവത്തിൽ ഒരുവനെന്നോ,

1. യെശയ്യാവ് 64 : 8 , 9.
2. മത്തായി 7 : 21.
3. I കൊരിന്ത്യർ 8 : 6.

മാതാവിൽ മാത്രം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി ജനിച്ചവനെന്നുപോലുമോ അർത്ഥമില്ലെന്നാണ് ബൈബിൾ പ്രയോഗങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. 'ദൈവത്തിൽനിന്നും ജനിച്ചവൻ എന്നു പറയുന്നതിനാൽ അവൻ സൃഷ്ടിക്കപ്പെട്ടവനല്ല' 1 എന്നൊന്നും പുത്രൻ പ്രയോഗം അർത്ഥമാക്കുന്നില്ല. പഴയ നിയമം മുതൽതന്നെ പ്രായോഗിച്ചുവന്ന ഒരു സംജ്ഞയെന്ന നിലയ്ക്ക് മാത്രമാകുന്നു പുതിയ നിയമത്തിലും ഒരു പ്രവാചകനെന്ന നിലയ്ക്കു ക്രിസ്തുവിനെപ്പററി ദൈവപുത്രനെന്ന് പ്രയോഗിച്ചിരിക്കുന്നത്.

യിസ്രായീൽ അഥവാ യാക്കോബും സോളമനും എഫ്രയീമും ദാവീദുമെല്ലാം പഴയ നിയമത്തിന്റെ ഭാഷയിൽ ദൈവത്തിന്റെ ഏകജാതൻമാരാണ്. അവരെല്ലാം ദൈവപുത്രൻമാരാണ്.

'കർത്താവു പറയുന്നു. ഇസ്രായീൽ എന്റെ പുത്രനാണ്. എന്റെ ആദ്യജാതൻ' 2

ഞാൻ അവനു (സോളമന്) പിതാവും അവൻ എനിക്കു പുത്രനുമായിരിക്കും. 3

ഞാൻ ഇസ്രായീലിനു പിതാവാണ്, എഫ്രയീം എന്റെ ആദ്യജാതനും. 4

'നീ (ദാവീദ്) എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു ജൻമം നൽകി.' 5

ഇസ്രായീലിനെയും സോളമനെയും എഫ്രയീമിനെയും ദാവീദിനെയുമെല്ലാം ദൈവപുത്രൻമാരെന്നു സംബോധന ചെയ്തത് അവരെല്ലാം ത്രിത്വത്തിലെ ആളത്വങ്ങളാണ് എന്ന നിലക്കാണോ? അല്ലെങ്കിൽ, ദൈവപുത്രൻ എന്ന പ്രയോഗത്തി

1. വിശുദ്ധ ത്രിത്വത്തിൽ ദൈവം ഏകനാണ് പേജ് 23.
2. പുറപ്പാട് 4 : 22.
3. സാമുവൽ 7 : 14.
4. യിരെമ്യാവ് 31 : 9.
5. സങ്കീർത്തനങ്ങൾ 2 : 7.

ൻെറ പേരിൽ മാത്രം ക്രിസ്തുവിൽ ദിവ്യത്വം ആരോപിക്കുന്നത് ന്യായീകരണമർഹിക്കുന്നില്ല.

'ദൈവപുത്രൻ' എന്ന വിശേഷണം ദൈവത്തിൻെറ പ്രത്യേകക്കാരെ ഉദ്ദേശിച്ചുകൊണ്ടാണെന്നതിന് പഴയ-പുതിയ നിയമങ്ങൾ മുഴുവൻ സാക്ഷ്യം വഹിക്കുന്നു. ക്രിസ്തു മാത്രവുമല്ല, ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മുഴുവൻ ദൈവപുത്രൻമാരാകാൻ ക്രിസ്തു അവകാശം നൽകിയിട്ടുണ്ടെന്ന പുതിയ നിയമസൂക്തത്തിൽനിന്നു് ദൈവപുത്രൻ എന്ന പദത്തിന് കേവലമായ അർത്ഥമോ, ത്രിയേക ദൈവങ്ങളിൽ ഒരുവനെന്ന സാരമോ ഇല്ലെന്ന് സുതരാം വ്യക്തമാവുന്നു.

യോഹന്നാൻ എഴുതുന്നു. 'എന്നാൽ തൻെറ കൈകൊണ്ട് തൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാനുള്ള അവകാശം അവൻ കൊടുത്തു. 1

'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിൻെറ മക്കൾ ആകുന്നു' 2 വെന്നു പറഞ്ഞേടത്ത് പൗലോസും ഈ കാര്യം അംഗീകരിച്ചിരിക്കയാണ്. ഇതുപോലെ ദൈവത്തിൻെറ മാർഗ്ഗം പ്രചരിപ്പിക്കുന്നവർ മുഴുവൻ ദൈവമക്കളാണെന്ന് അപ്പോസ്തല പ്രവർത്തികൾ 17 : 29, റോമ 8 : 19, II കൊരിന്ത്യർ 6 : 18, ഫിലിപ്പിയർ 2 : 15, 1 യോഹന്നാൻ 3: 2 വെളിപാട് 21 : 7 തുടങ്ങിയ വചനങ്ങൾ പഠിപ്പിക്കുന്നു. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാൻമാർ. അവർ ദൈവത്തിൻെറ പുത്രൻമാർ എന്നു വിളിക്കപ്പെടും എന്ന് മത്തായി 3 യും പറയുന്നു.

ഇതിൽ നിന്നെല്ലാംതന്നെ ദൈവപുത്രൻ എന്ന പദത്തിൻെറ വിവക്ഷ ദൈവത്തിൻെറ ജഢികാർത്ഥത്തിലുള്ള പുത്രൻ എന്നോ ത്രിത്വത്തിലെ ഒരു ആളത്വമെന്നോ അല്ലെന്നും ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരോ അവൻെറ പ്രീതി

1. യോഹന്നാൻ 1 : 12.
2. റോമ 8 : 14.
3. മത്തായി 5 : 9.

ക്ക് പാത്രീഭൂതരായവരോ മാത്രമാണെന്നും പകൽ വെളിച്ചം കണക്കെ വ്യക്തമായി മനസ്സിലാവുന്നു.

ക്രിസ്തുവിനെ ദൈവപുത്രൻ എന്നു വിളിക്കുന്നതിൻെറ അർത്ഥം അദ്ദേഹംതന്നെ വ്യക്തമാക്കുന്നത് നോക്കുക: 'ദൈവത്തിൻെറ വചനം ലഭിച്ചവരെ' അവൻ ദേവന്മാർ എന്ന് വിളിച്ചുവെങ്കിൽ, ഞാൻ ദൈവപുത്രനാണ് എന്ന് പറഞ്ഞത്കൊണ്ട് പിതാവ് അഭിഷേകം ചെയ്തു ലോകത്തിലേക്ക് അയച്ച എന്നെപ്പററി 'നീ ദൈവദൂഷണം നടത്തേണ്ടുന്നു' എന്നു നിങ്ങൾ പറയുന്നുവോ?' 1 ദൈവ വചനം നൽകപ്പെട്ട ഇസ്രായീല്യരെ ദൈവം ദേവന്മാർ എന്ന് അഭിസംബോധന ചെയ്തതുപോലെ ദൈവം ലോകത്തിലേക്ക് മാർഗ്ഗദർശിയായി അയച്ച പ്രവാചകനെന്ന നിലക്ക മാത്രമാകുന്നു ക്രിസ്തുവിനെ ദൈവപുത്രനെന്നു വിളിച്ചതെന്നർത്ഥം.

ക്രിസ്തുവിനെ സംബന്ധിച്ചാകട്ടെ, ദൈവപുത്രൻ എന്ന സംബോധന സുവിശേഷങ്ങളിൽ തുലോം വിരളമാണ്. ദൈവപുത്രൻ എന്ന് കൂടുതൽ പ്രയോഗിച്ചിരിക്കുന്നത് പൗലോസിൻെറ ലേഖനങ്ങളിലാണ്. സുവിശേഷങ്ങളിൽ ദൈവപുത്രനെന്ന പ്രയോഗം കൂടുതൽ കാണുന്നത് യോഹന്നാൻെറ സുവിശേഷത്തിലാണ്.

പുതിയ നിയമത്തിൽ യേശുവിനെ സംബന്ധിച്ച് 'മനുഷ്യപുത്രൻ' എന്ന് 63 പ്രാവശ്യം പ്രയോഗിച്ചിരിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ച് 'മനുഷ്യൻ' എന്ന് മാത്രം 72 സ്ഥലങ്ങളിൽ പ്രയോഗിച്ചിരിക്കുന്നു. ഒരു മനുഷ്യനായ പ്രവാചകൻ മാത്രമായിരുന്നു ക്രിസ്തുവെന്നതിനു ഇതിൽപരം എന്തു തെളിവാണാവശ്യമുള്ളത്.

<u>പരിശുദ്ധാത്മാവ്</u> ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമെന്ന് ക്രൈസ്തവർ വിശ്വസിക്കുന്ന പരിശുദ്ധാത്മാവിനു ദി

1. യോഹന്നാൻ 10 : 35 , 36.

വ്യത്യാസമുണ്ടെന്ന് ബൈബിളിലെതന്നെ ക്രിസ്തുവചനങ്ങളി ലൊന്നും തന്നെ യാതൊരു സൂചനകളുമില്ല പരിശുദ്ധാത്മാ വിനെക്കുറിച്ച് തെററിദ്ധാരണയുണ്ടാക്കിക്കൊണ്ടാണ് പൗലോസ് തൻെറ പുതിയ മതം ക്രിസ്തുമതത്തിൻെറ ലേബലിൽ പ്രചരിപ്പിച്ചത്. ഈ ധാരണപ്പിശകുണ്ടാക്കുവാൻ വേണ്ടി അദ്ദേഹം എഴുതിയ ലേഖനങ്ങളിലെല്ലാം കിണഞ്ഞു പരിശ്രമിച്ചതായി കാണാൻ കഴിയും.

പരിശുദ്ധാത്മവ് എന്നു ബൈബിളും 'റൂഹുൽ ഖുദ്സ്' എന്നു ഖുർആനും പേരു വിളിച്ചിരിക്കുന്നത് ദൈവത്തിൻെറ പ്രധാന മാലാഖയായ ജിബ്‌രീൽ (ഗബ്രിയേൽ) നെയാണ്. ബൈബിളിൽ നിന്നുതന്നെ, സൂക്ഷ്മമായി പരിശോധിച്ചാൽ, ഇക്കാര്യം നമുക്ക് ബോധ്യമാകും. യേശുവിൻെറ അമ്മയായ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു മത്തായിയുടെ സുവിശേഷവും ഗബ്രിയേലാണ് ഗർഭത്തിനുത്തരവാദിയെന്നു ലൂക്കോസിൻെറ സുവിശേഷവും പറയുന്നതിൽനിന്നുതന്നെ വ്യക്തമായി മനസ്സിലാക്കാം.

'എന്നാൽ യേശു ക്രിസ്തുവിൻെറ ജനനം ഈ വണ്ണം ആയിരുന്നു. അവൻെറ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടി വരും മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു'. 1

'ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസറേത്ത് എന്ന ഗലീല പട്ടണത്തിൽ ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്ന ഒരു പുരുഷനു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു'. 2

മറിയമിൻെറ അടുക്കൽ വരുന്നത് ഗബ്രിയേൽ മാലാഖയാണ്. മറിയം ഗർഭിണിയാകുന്നത് പരിശുദ്ധാത്മാവിനാലാണ്. അപ്പോൾ ഗബ്രിയേലും പരിശുദ്ധാത്മാവും ഒന്നുതന്നെയെന്ന് വ്യക്തം.

1. മത്തായി 1 : 18. 2. ലൂക്കോസ് 1 : 26 , 27.

ക്രിസ്തു വാഗ്ദത്തം ചെയ്തിരിക്കുന്ന ആശ്വാസപ്രദനെന്നും കാര്യസ്ഥനെന്നും വിശുദ്ധീകരിക്കുന്നവനെന്നും വിളിക്കപ്പെട്ടിരിക്കുന്ന വ്യക്തി 'സത്യത്തിന്റെ ആത്മാവാണ്'; പരിശുദ്ധാത്മാവല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സത്യത്തിന്റെ ആത്മാവും പരിശുദ്ധാത്മാവും ഒന്നുതന്നെയെന്ന് വരുത്തിത്തീർക്കാനായി പൗലോസ് തന്റെ ലേഖനങ്ങളിൽ കിണഞ്ഞു പരിശ്രമിച്ചതായി കാണാൻ കഴിയും.

പരിശുദ്ധാത്മാവ് യേശുവിനു മുമ്പുതന്നെ ഉണ്ടായിരുന്നുവെന്ന് ബൈബിൾ വചനങ്ങളിൽ നിന്നും വ്യക്തമാണ്. യേശു സ്നാപക യോഹന്നാനിൽ നിന്നും സ്നാപനം ഏററയുടനെ ഉണ്ടായ സംഭവത്തിൽ നിന്നും ഇത് കൂടുതൽ മനസ്സിലാവുന്നു. 'സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വരുന്നത് അയാൾ കണ്ടു. ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം ഉണ്ടായി'. 1

ഇവിടെ പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നാണെന്ന് വ്യക്തമാവുന്നതോടൊപ്പം യേശുവിനു മുമ്പുതന്നെ പരിശുദ്ധാത്മാവ് ഉണ്ടായിരുന്നുവെന്ന് മനസ്സിലാവുകയും ചെയ്യുന്നു. എന്നാൽ ആശ്വാസപ്രദനെ അഥവാ സത്യത്തിന്റെ ആത്മാവിനെക്കുറിച്ച് ക്രിസ്തു പരിചയപ്പെടുത്തുന്നത് തന്നെ തന്റെ ശേഷം മാത്രം വരുന്ന വ്യക്തിയാണതെന്നാണ്. 'ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും.' 2 എന്നാണ് ക്രിസ്തു പറയുന്നത്.

ബൈബിളിൽ പറയുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രവാചകന്മാരിലോ അവരോട് ബന്ധപ്പെട്ടവരിലോ മാത്രവും, പൗലോസ് പറയുന്ന പെന്തക്കോസ്തു ദിനത്തിൽ വന്ന തീനാക്കുകളെപ്പോലുള്ള ആത്മാവിന്റെ പ്രവർത്തനം അപ്പോ

1. മത്തായി 3 : 16 , 17.    2. യോഹന്നാൻ 16 : 7.

സ്തലന്മാരിലോ ക്രിസ്തു ശിശ്യന്മാരിലോ മാത്രവും പരിമിതമായിരുന്നു. എന്നാൽ ക്രിസ്തു പറഞ്ഞ 'സത്യത്തിൻെറ ആത്മാവി'ൻെറ പ്രവർത്തനമാകട്ടെ ലോക വ്യാപകമാണ്. 'അവൻ വന്നു പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യം വരുത്തും'. 1 'സത്യത്തിൻെറ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കും' 2 എന്നീ വചനങ്ങളും 'സത്യത്തിൻെറ ആത്മാവി'ൻെറ സ്വഭാവവും 'പരിശുദ്ധാത്മാവി'ൻെറ സ്വഭാവവും രണ്ടും രണ്ടുതന്നെയാണെന്നു് വ്യക്തമാക്കുന്നു. 3

പരിശുദ്ധാത്മാവ്, ദൈവമാണെന്നു് ബൈബിളിൽ ഒരിടത്തും പറയുന്നില്ല. യേശുവിനു് ശേഷം വരുന്ന സത്യത്തിൻെറ ആത്മാവ് പരിശുദ്ധാത്മാവ് അല്ലതാനും. ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായി അവരോധിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിനും ദിവ്യത്വമില്ലെന്നു് ഇതിൽനിന്നും വ്യക്തമാകുന്നു.

1. യോഹന്നാൻ 16 : 8. 2. യോഹന്നാൻ 16 : 13.

3. ക്രിസ്തുപറഞ്ഞ 'സത്യത്തിൻെറ ആത്മാവ്' മുഹമ്മദ് നബിയാണെന്ന് മററു ബൈബിൾ വചനങ്ങളിൽ നിന്നും വ്യക്തമാവുന്നു. കൂടുതൽ വിവരത്തിന് പ്രൊഫ: അബ്ദുൽ അഹദ് ദാവൂദിൻെറ MOHAMMED IN THE BIBLE വായിക്കുക.

# ക്രിസ്തു, ഒരു മനുഷ്യൻ തന്നെ

'ക്രിസ്തു യഥാർത്ഥത്തിൽ ആരാണ്?' എന്ന ചോദ്യത്തിനുള്ള ആദ്യത്തെ ഉത്തരം 'അദ്ദേഹം ആരാണെന്നാണ് സ്വയം അവകാശപ്പെട്ടത്?' എന്ന മറുചോദ്യമാണ്. ഈ ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്തിക്കഴിഞ്ഞാൽ അദ്ദേഹത്തിന്റെ അവകാശവാദം എത്രത്തോളം ശരിയാണെന്ന് പരിശോധിച്ചാൽ മതിയല്ലോ. ആരുതന്നെയായിരുന്നാലും അവകാശപ്പെടാത്തത് അവർക്കുമേൽ ആരോപിക്കുന്നത് അവരോട്തന്നെ ചെയ്യുന്ന ഏററവും വലിയ അനീതിയായിരിക്കും.

ഹൈന്ദവ ദർശനപ്രകാരം ദൈവം ജഢത്തിൽ വെളിപ്പെടുകയും പത്തും അതിലധികവും 1 അവതാരങ്ങളിലൂടെ ലോക

1. സാധാരണ വ്യവഹരിക്കുന്നത് പ്രകാരം പത്ത് അവതാരങ്ങളാണ് ഉള്ളതെങ്കിലും 'അവതാരാഹ്യ സംഖ്യേയ, ഹരേഃ സത്വ നിധേർ ദ്വിജ' എന്ന ഭാഗവത വചന പ്രകാരം ഭഗവാന്റെ അവതാരങ്ങൾ അസംഖ്യവും ശ്രീ മഹാദേവി ഭാഗവത പ്രകാരം (സ്കന്ധം 1, അദ്ധ്യായം 3) മഹാ വിഷ്ണുവിന് ഇരുപത്തിയാറ് അവതാരങ്ങളുമാണുള്ളത്.

ത്തിൽ ധർമ്മസംസ്ഥാപനം സാധിക്കുകയും[1] ചെയ്തു അതു പുരാണങ്ങളുടെ അവസ്ഥയാണ്. എങ്കിലും നമുക്ക് ചോദിക്കാം-അവതാരങ്ങളായി അറിയപ്പെടുന്ന ആരെങ്കിലും തങ്ങാം ദൈവത്തിന്റെ ജഢാവിഷ്ക്കാരമാണെന്ന് അവകാശപ്പെട്ടിരുന്നോ? ഇല്ലെങ്കിൽ, അവരിൽ അത്തരമൊരു ആരോപണം നടത്തുന്നത് തീർച്ചയായും അനീതിയാണല്ലോ. ഇന്ത്യയുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെപ്പോലും അവതാരങ്ങളിലൊരുവനായി വ്യവഹാരിക്കുന്നവരാണ് 'തത്വമസി'യിലൂടെ ഉപനിഷത് വ്യാഖ്യാനത്തിൽ പ്രസിദ്ധി നേടിയ സുകുമാർ അഴീക്കോടിനെ[2] പോലെയുള്ളവർ. തീർച്ചയായും ഗാന്ധിജി അദ്ദേഹത്തിന്റെ സാഹിത്യങ്ങളിലൊന്നും ഇത്തരമൊരു അവകാശവാദം ഉന്നയിച്ചിട്ടില്ലാത്തതിനാൽതന്നെ ഈ ആരോപണം അടിസ്ഥാനരഹിതമാണെന്ന് ഒററ നോട്ടത്തിൽ തന്നെ നമുക്ക് പറയാനാകും.

അതേസമയം, സത്യസായിബാബ താൻ ദൈവാവതാരമാണെന്നു് വാദിക്കുന്നതിനാൽ തീർച്ചയായും അദ്ദേഹത്തിന്റെ വാദത്തിന് അർത്ഥമുണ്ടോയെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണ് നാം ചെയ്യേണ്ടത്.

ഇതുപോലെ, ക്രിസ്തു ദൈവവും, ത്രിയേക ദൈവത്തിലെ ഒരു ആളത്വവുമാണെന്നു് വാദിക്കുന്നവരോട് 'അദ്ദേഹം അങ്ങിനെ അവകാശവാദമുന്നയിച്ചിട്ടുണ്ടോ'? എന്നാണ് ആദ്യമായി നമുക്ക് ചോദിക്കാനുള്ളത്.

സുവിശേഷങ്ങളോ പുതിയ നിയമത്തിലെ മററു പുസ്തകങ്ങളോ ഒന്നുംതന്നെ താൻ ദൈവമാണെന്ന ക്രിസ്തുവിന്റെ ഒരു വചനംപോലും ഉദ്ധരിക്കുന്നില്ല. അതുകൊണ്ടുതന്നെ 'ക്രിസ്തു ദൈവമാണോ?' എന്ന ചർച്ചക്കു യഥാർത്ഥത്തിൽ പ്രസക്തിയില്ല.

---

1. ഭഗവദ് ഗീത അദ്ധ്യായം 4, ശ്ലോകം 7, 8.
2. സുകുമാർ അഴീക്കോട്: തത്വവും മനുഷ്യനും പേജ്: 74—84.

'ഞാനും പിതാവും ഒന്നാകുന്നു' 1 എന്ന ക്രിസ്തു വചനം അദ്ദേഹം ദൈവമാണെന്നതിന് തെളിവായി ഉദ്ധരിക്കപ്പെടാറുണ്ട്. ഈ വചനത്തിന്റെ വിവക്ഷ നടേ വിവരിച്ചിട്ടുണ്ട്. ഇത് ക്രിസ്തുദൈവമാണ് എന്ന അർത്ഥത്തിലായിരുന്നു പറഞ്ഞതെങ്കിൽ 'എന്നോട് കർത്താവെ കർത്താവെ എന്നു വിളിക്കുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ അവന്റെ രാജ്യമായ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്'' 2 എന്നു ക്രിസ്തു പറയുമായിരുന്നുവോ?

'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു 3 എന്ന ക്രിസ്തുവചനമാണ് ക്രിസ്തു ദൈവമാണെന്നതിനു് മറ്റൊരു തെളിവ്! ഈ വചനത്തിന്റെ സന്ദർഭംകൂടി പരിശോധിക്കുക'. ഫിലിപ്പോസ് അവനോട് കർത്താവെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം, എന്നാൽ ഞങ്ങൾക്കുമതി എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞത് 'ഞാൻ ഇത്ര കാലം നിങ്ങളോട്കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്ക കാണിച്ചു തരേണം എന്നു നീ പറയുന്നത് എങ്ങിനെ?' 4 ദൈവത്തെ ആർക്കും ഒരിക്കലും കാണുക സാധ്യമല്ലെന്നും യേശുവിലൂടെ ദൈവത്തെ അറിയുകയാണ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുക മാത്രമാണിവിടെ ചെയ്യുന്നത്.

യഥാർത്ഥത്തിൽ ദൈവത്തെ മനുഷ്യന് കാണാൻ കഴിയില്ലെന്ന വസ്തുതയിലേക്ക് പഴയ നിയമവും പുതിയ നിയമവും വെളിച്ചം വീശുന്നുണ്ട്. 'എന്നാൽ നിനക്ക് എന്റെ മുഖം കാണാനാവില്ല. എന്നെ കാണുന്ന മനുഷ്യൻ ജീവനോടെ ഇരിക്കയില്ല' 5 എന്നാണ് യഹോവ മോശയോട് പറഞ്ഞത്.

'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു'വെന്ന

1. യോഹന്നാൻ 10 : 30.
2. മത്തായി 7 : 21.
3. യോഹന്നാൻ 14 : 9.
4. യോഹന്നാൻ 14 : 8, 9.
5. പുറപ്പാട് 33 : 20.

ക്രിസ്തുവചനം നിവേദനം ചെയ്ത യോഹന്നാൻതന്നെ പ്രസ്തുത വചനത്തിന് വിശദീകരണം നൽകുന്നത് നോക്കുക. 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു' 1 ഈ വചനം പ്രത്യേകം ശ്രദ്ധിക്കുക. ഇതിൽ ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല' എന്നാണ് പറഞ്ഞിരിക്കുന്നത്. യേശുക്രിസ്തു ദൈവമായിരുന്നുവെങ്കിൽ പിതാവിനെ ആരും കണ്ടിട്ടില്ല എന്നല്ലേ പറയുമായിരുന്നുള്ളു. ക്രിസ്തുവിനെ അപ്പോസ്തലൻമാരും സമകാലികരും കണ്ടതാണല്ലോ. 'ദൈവത്തെ' എന്ന പദപ്രയോഗത്തിൽ ക്രിസ്തു പെടുകയില്ലെന്നർത്ഥം. യേശു ദൈവമല്ലെന്നതിന് ഇതിൽപരം മറ്റൊരു തെളിവിന്റെ ആവശ്യം തന്നെയില്ല. 'മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ' 2 എന്ന ദൈവത്തെക്കുറിച്ച പൗലോസിന്റെ വിശദീകരണത്തിൽനിന്നും 'നിങ്ങൾ അവന്റെ ശബ്ദം ഒരു നാളും കേട്ടിട്ടില്ല, അവന്റെ രൂപം കണ്ടിട്ടില്ല 3 എന്ന യോഹന്നാന്റെ പ്രസ്താവ്യത്തിൽനിന്നും ദൈവത്തെ മനുഷ്യന് കാണ്മാൻ കഴിയില്ലെന്നും മനുഷ്യർ കണ്ട ക്രിസ്തു ദൈവമല്ലെന്നും കൂടുതൽ വ്യക്തമായി മനസ്സിലാകുന്നു.

'എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നുവെന്ന വചനത്തിൽനിന്നും ക്രിസ്തു ദൈവത്തിന്റെ പ്രവാചകനാണെന്നും ദൈവിക സത്യങ്ങൾ വെളിപ്പെടുന്നത് യേശുവിലൂടെയാണെന്നതിനാൽ യേശുവിനെ കണ്ടവൻ—മനസ്സിലാക്കിയവൻ—ദൈവത്തെയും അറിഞ്ഞിരിക്കുന്നുവെന്നും മാത്രമാണ് മനസ്സിലാക്കേണ്ടത്. 'പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു' 4 വെന്നർത്ഥം. 'നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല, എന്നെ അയച്ച പിതാവിന്റേ 5 തത്രെയെന്ന ക്രിസ്തുവചനം 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' വെന്ന വചനത്തിന് വ്യാഖ്യാനമായി നിലകൊള്ളുന്നു.

1. യോഹന്നാൻ 1 : 18.
2. I തിമോഥിയോസ് 6 : 16.
3. യോഹന്നാൻ 5 : 37.
4. യോഹന്നാൻ 1 : 18.
5. യോഹന്നാൻ 14 : 24.

'ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പീൻ 1 എന്ന വചനവും ക്രിസ്തു ദൈവമാണെന്നതിന്ന് തെളിവായി ഉദ്ധരിക്കപ്പെടാറുണ്ട്. 'ഞാൻ പിതാവിൽ' ആണെന്ന യേശുവിൻെറ പ്രസ്താവനയിൽ നിന്നാണ് അദ്ദേഹം ദൈവമാണെന്ന നിഗമനത്തിലെത്തുന്നത്.

'അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിന്നും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' 2 എന്ന ക്രിസ്തുവചനം ശ്രദ്ധിക്കുക. ക്രിസ്തു പിതാവിൽ ആയതിനാൽ അദ്ദേഹത്തിൽ ദിവ്യത്വമുണ്ടെങ്കിൽ, ഈ വചനപ്രകാരം ശിഷ്യൻമാർ മുഴുവൻ ദൈവത്തിൽ ആയതിനാൽ അവരിലും ദിവ്യത്വമുണ്ടായിരിക്കണമല്ലോ. അപ്പോൾ ദൈവങ്ങളുടെ എണ്ണം വർദ്ധിക്കുകയും ബഹുദൈവത്വത്തിൽ നിന്ന് ബഹുദൈവത്വത്തിലേക്ക് ക്രിസ്തുമതം പരിണമിക്കുകയും ചെയ്യും.

ക്രിസ്തുവിൻെറ ജനനം:— ക്രിസ്തുവിൻെറ അൽഭുതകരമായ ജനനമാണ് അദ്ദേഹത്തിൻെറ ദിവ്യത്വത്തിനുള്ള ഒരു പ്രധാനപ്പെട്ട തെളിവായി ഉദ്ധരിക്കപ്പെടാറുള്ളത് പിതാവില്ലാതെ, പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി ജനിച്ചവൻ എന്ന നിലക്കാണ് ദൈവത്തിൻെറ പുത്രൻ എന്നു വിളിച്ചെതെന്നും, ദൈവാത്മാവിനാൽ (?) ജനിക്കപ്പെട്ടവനായതിനാൽ ദൈവം തന്നെയാണദ്ദേഹമെന്നും വാദിക്കപ്പെടുന്നു.

ഖുർആൻ, ക്രിസ്തുവിൻെറ അത്ഭുതകരമായ ജനനത്തെ അംഗീകരിക്കുന്നതോടൊപ്പംതന്നെ അദ്ദേഹത്തിൽ ദിവ്യത്വമാരോപിക്കുന്നതിനെ ശക്തിയായി വിമർശിക്കുന്നുണ്ട്. കന്യാമർയമിൻെറ അടുക്കൽ പരിശുദ്ധാത്മാവ് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ട് ക്രിസ്തുവിൻെറ ജനനത്തെക്കുറിച്ച് സുവിശേ

1. യോഹന്നാൻ 14 : 11. 2. യോഹന്നാൻ 17 : 21.

ഷം അറിയിച്ചതും ഈത്തപ്പനച്ചുവട്ടിൽനിന്നും പ്രസവം നടന്നതും തൊട്ടിലിൽവെച്ചുതന്നെ കുഞ്ഞ് സംസാരിച്ചതുമെല്ലാം വിശുദ്ധ ഖുർആൻ വിശദമായി വിവരിക്കുന്നുണ്ട് 1 ഇങ്ങനെയെല്ലാം വിവരിക്കുന്ന ഖുർആൻതന്നെയാണ് 'അല്ലാഹുതന്നെയാണ് മർയമിന്റെ മകൻ മസീഹ്-എന്നു പറയുന്നവർ തീർച്ചയായും സത്യനിഷേധികളായിരിക്കുന്നു' 2 വെന്നും 'മർയമിന്റെ മകൻ മസീഹ് ഒരു ദൂതൻ അല്ലാതെ (മറ്റൊന്നും)അല്ല. 3 എന്നും 'യഹൂദികൾ ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്ന് പറയുന്നു; ക്രിസ്ത്യാനികൾ മസീഹ് അല്ലാഹുവിന്റെ പുത്രനാണെന്നും പറയുന്നു. അത് അവരുടെ വായകൊണ്ടുള്ള വാക്കത്രെ. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനോട് ഇവർ സാമ്യം പുലർത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവരെ നശിപ്പിക്കട്ടെ! എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്' 4 എന്നും പറയുന്നത്. ക്രിസ്തുവിന്റെ ജനനവും അത്ഭുത സംഭവങ്ങളുമെല്ലാംഅംഗീകരിക്കുന്ന ഖുർആൻ അദ്ദേഹത്തിൽ ദിവ്യത്വത്തിന്റെ ലാഞ്ഛനപോലും ദർശിക്കുന്നതിനെ എതിർക്കുന്നു.

മാതാവിൽ മാത്രം പിതാവില്ലാതെ ജനിച്ചതുകൊണ്ട് മാത്രം ക്രിസ്തു ദൈവമാണെന്ന് വാദിക്കുകയാണെങ്കിൽ പിതാവും മാതാവുമില്ലാതെ ജനിച്ച ആദാമാണ് ദൈവമാകാൻ ഏററവും അർഹനെന്ന് ക്രൈസ്തവർ സമ്മതിക്കേണ്ടി വരും. ആദാമിനെ ദൈവപുത്രനെന്ന് ബൈബിൾ പരിചയപ്പെടുത്തുന്നതുകൊണ്ട് ദൈവിക ഏകത്വത്തിലെ മറെറാരു ആളത്വമാണ് ആദാം 5 എന്നുംസങ്കൽപിക്കേണ്ടി വരും. അപ്പോൾ ത്രിയേകത്വം ചതുർ ഏകത്വമായി (Tetranity) പരിണമിക്കേണ്ടി വരും.

അതുപോലെ, മഹാ പുരോഹിതനായ മെൽക്കി സേദക്, ക്രിസ്തുവിനേക്കാളും പരിശുദ്ധാത്മാവിനേക്കാളുമെല്ലാം ദൈവമാകാൻ അർഹനാണ്, പുതിയ നിയമത്തിന്റെ അഭിപ്രായ

1. സൂറത്തു മർയം 16 - 36, ആലുഇംറാൻ 42 - 50.
2. മാഇദ 19.
3. മാഇദ 78.
4. തൗബ 30.
5. ലൂക്കോസ് 3 : 38.

ത്തിൽ. സലേമിൻെറ രാജാവും, അത്യുന്നതനായ ദൈവത്തിൻെറ പുരോഹിതനുമെന്ന് പരിചയപ്പെടുത്തപ്പെട്ട മെൽക്കീസേദക്കിന് 'പിതാവോ മാതാവോ വംശപരമ്പരയോ ഇല്ല. അവൻെറ ദിവസങ്ങൾക്ക് ആരംഭമോ ആയുസ്സിന് അവസാനമോ ഇല്ല. ദൈവ പുത്രനും സദൃശനായ അവൻ എന്നേക്കും പുരോഹിതനാണ്'. 1

ആദിയും അന്ത്യവുമില്ലാത്ത, മാതാവും പിതാവുമില്ലാത്ത, മഹാ പുരോഹിതനായ 'മെൽക്കീസേദക്', ദൈവ പുത്രന് സദൃശനാണെന്ന വ്യാഖ്യാനത്തിൽ അഭയം തേടുകയാണ് ക്രൈസ്തവ സഭകൾ. ദൈവ പുത്രനെന്ന് വ്യവഹരിക്കപ്പെടുന്ന ക്രിസ്തുവിനുപോലും ആദിയും അന്ത്യവുമുണ്ടെന്നും മാതാവുണ്ടെന്നുമുള്ള വസ്തുതയുടെ വെളിച്ചത്തിൽ ക്രിസ്തുവെക്കാളും ദൈവമാകാൻ അർഹൻ 'മെൽക്കീ സേദക്' തന്നെയാണ്. (?) ഇങ്ങനെ, കണക്കാക്കാൻ തുടങ്ങിയാൽ ക്രിസ്തുമതം ചതുർ ഏകത്വത്തിലേക്കും പിന്നെ പഞ്ച ഏകത്വത്തിലേക്കും (Pentanity) പരിണമിക്കേണ്ടിവരുമെന്നർത്ഥം.

<u>അത്ഭുത പ്രവർത്തനങ്ങൾ</u>:— ക്രിസ്തു മനുഷ്യന് കഴിയാത്ത അത്ഭുത കൃത്യങ്ങൾ ചെയ്തുവെന്നതാണ് അദ്ദേഹത്തിൻെറ ദിവ്യത്വത്തിന് അനുകൂലമായി ഉദ്ധരിക്കപ്പെടാറുള്ള മറ്റൊരു തെളിവ്. എല്ലാ പ്രവാചകന്മാർക്കും അവരുടെ പ്രവാചകത്വത്തിനുള്ള തെളിവായി അമാനുഷിക ദൃഷ്ടാന്തങ്ങൾ നൽകിയിട്ടുണ്ട്. ഈ അമാനുഷിക ദൃഷ്ടാന്തങ്ങളിൽ പലതും ബൈബിൾ അംഗീകരിക്കുന്നുണ്ട്. പല ദീർഘദർശിമാരുടെയും അത്ഭുതങ്ങൾ ക്രിസ്തുവിൻേറതിന് തുല്യമോ, അതിലധികമോ ആയിരുന്നുവെന്നതിന്ന് ബൈബിൾ തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്.

—ഏലീശാ ശൂനേംകാരിയുടെ മരിച്ച കുട്ടിയെ ജീവിപ്പിച്ചു. 2

1. എബ്രായർ 7 : 3.
2. II രാജാക്കൻമാർ 4 : 32 - 37.

—അദ്ദേഹം ഇരുപത് അപ്പംകൊണ്ടും കുറച്ച് ധാന്യം കൊണ്ടും നൂറു പേരെ തീററി. 1

— അദ്ദേഹം സിറിയ രാജാവിൻെറ സേനാധിപതി നാമാൻെറ കുഷ്ഠരോഗം സുഖപ്പെടുത്തി. 2

—അദ്ദേഹം ആളുകൾക്ക് അന്ധതയുണ്ടാക്കുകയും ആ അന്ധത പിന്നീട് സുഖപ്പെടുത്തുകയും ചെയ്തു. 3

ഇങ്ങനെ പല അത്ഭുതങ്ങളും ഏലീശാ എന്ന ദീർഘദർശി ചെയ്തതായി '2, രാജാക്കന്മാരി'ൽ കാണാം. ഏലീശായുടെ അത്ഭുതങ്ങൾ യേശുവിൻെറതിനു് തുല്യമായതിനാൽ അദ്ദേഹം ദൈവമാണെന്നു് വാദിക്കാമോ?

—ഏലിയാവു എന്ന ദീർഘദർശി ഗൃഹനായികയുടെ കുഞ്ഞിനു് ജീവൻ കൊടുത്തു. 4 ഏലിയാവു ദൈവമാണോ?

ക്രിസ്തുവിനു്പോലും ചെയ്യാൻ കഴിയാത്ത അൽഭുതങ്ങൾ ചെയ്ത പ്രവാചകന്മാരെയും ബൈബിൾ പരിചയപ്പെടുത്തുന്നുണ്ട്.

—യെഹെസ്കേൽ ശ്മശാനത്തിലെ അസ്ഥികളെ മാംസംകൊണ്ടു് പൊതിയിപ്പിക്കുകയും ജീവനിടിക്കുകയും ചെയ്തു. 5 യെഹസ്കേൽ ക്രിസ്തുവിനേക്കാൾ കഴിവുള്ള ദൈവമാണെന്നു് പറയാൻ ക്രൈസ്തവ നേതൃത്വം സന്നദ്ധമാകുമോ?

ക്രിസ്തു കാണിച്ചുവെന്നു് പറയുന്ന അത്ഭുതങ്ങൾ അദ്ദേഹത്തിൻെറ പ്രവാചകത്വത്തിനുള്ള അമാനുഷിക ദൃഷ്ടാന്തങ്ങളായിരുന്നുവെന്നു സമ്മതിക്കുന്നതിനു് പകരം അതു് ദിവ്യത്വത്തിനുള്ള തെളിവായി വ്യാഖ്യാനിക്കുന്നവർ ഏലീശാ, ഏലിയാവു, യെഹസ്കേൽ തുടങ്ങി പല ദീർഘ ദർശിമാരെയും

1. II രാജാക്കൻമാർ 4 : 42 -44.
2. II രാജാക്കൻമാർ 5 : 1 - 14.
3. II രാജാക്കൻമാർ 6 : 18 - 21
4. I രാജാക്കൻമാർ 17 : 17 - 22
5. യെഹസ്കേൽ 37 : 6 – 10.

ദൈവമായി അംഗീകരിക്കേണ്ടി വരും. അപ്പോൾ ത്രിയേകത്വ ത്തിൽനിന്നും ബഹു ഏകത്വ (Polynity) മായി ക്രൈസ്തവ ദർശനത്തിന്റെ അടിസ്ഥാന സിദ്ധാന്തം മാറേണ്ടി വരും. അതിനുള്ള മറെറാരു പേരാണ് ബഹുദൈവ വിശ്വാസം (Polytheism). ബഹുദൈവ വിശ്വാസത്തിൽ നിന്നും ബഹുദൈവ വിശ്വാസത്തിലേക്ക് ക്രൈസ്തവ ദർശനം പരിണമിക്കേണ്ടി വരുമെന്നർത്ഥം.

'എനിക്ക് സ്വന്തം നിലക്ക് ഒന്നും ചെയ്‌വാൻ കഴിയുകയില്ല' 1 എന്ന ക്രിസ്തുവചനത്തിൽനിന്നുതന്നെ അദ്ദേഹം ചെയ്ത അത്ഭുതങ്ങളെല്ലാം പിതാവിന്റെ അനുഗ്രഹത്താൽ അവന്റെ സമ്മതത്തോടുകൂടി അവന്റെ കഴിവുകൊണ്ട് ചെയ്ത പ്രവാചകത്വത്തിനുള്ള തെളിവുകൾ മാത്രമാണെന്ന് വ്യക്തമാണ്.

## ക്രിസ്തു വിശ്വാസികൾ തയ്യാറാകുമോ?

ക്രിസ്തുവിനു മാത്രമല്ല ക്രിസ്തു ശിഷ്യന്മാർക്കുകൂടി അത്ഭുതങ്ങൾ ചെയ്യാനാകുമെന്നു ക്രിസ്തു പറഞ്ഞതായി ബൈബിൾ ഉദ്ധരിക്കുന്നതിൽനിന്നും ക്രിസ്തു ശിഷ്യന്മാരും ദൈവങ്ങളാണെന്നു തീരുമാനിക്കാൻ പററുമോ? 'വിശ്വസിക്കുന്നവരോട് കൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും; അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെ മേൽ കൈ വെക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും' 2 ഇതെല്ലാം ചെയ്യുമെന്നു പറയുന്ന ക്രിസ്തു ശിഷ്യന്മാരും ദൈവമാണെന്നു പറയാൻ സഭാ നേതൃത്വത്തിനു കഴിയുമോ?

ഇവിടെ മറെറാരു പ്രശ്നം കൂടിയുണ്ട്. എത്ര വിശ്വാസി

1. യോഹന്നാൻ 5 : 30. 2. മാർക്കോസ് 16 : 17, 18.

കാക്ക് ക്രിസ്തു പറഞ്ഞ ഈ അടയാളങ്ങൾ കാണിക്കാൻ കഴിയും? തങ്ങളെ ക്രിസ്തുവിനു സ്വയം സമർപ്പിച്ചുവെന്നു അവകാശപ്പെടുന്ന, പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരാണെന്ന് പറയുന്ന എത്ര സുവിശേഷ പ്രവർത്തകർ ക്രിസ്തു പറഞ്ഞ വിശ്വാസികളുടെ അടയാളങ്ങൾ പ്രവർത്തിക്കും?

—അവരിൽ എത്ര പേർ മാരക വിഷമുള്ള സർപ്പങ്ങളെ കൈയിലെടുക്കും? 1

—അവരിൽ എത്രയാളുകൾ പൊട്ടാസ്യം സയനേഡിനെപ്പോലുള്ള മാരക വിഷങ്ങളിലേതെങ്കിലും കുടിച്ച് തങ്ങൾക്ക് ക്രിസ്തുവിലുള്ള വിശ്വാസം തെളിയിക്കാൻ തയ്യാറാകും?

—അവരിൽ എത്ര പേർ കേൻസർ, എയിഡ്സ് തുടങ്ങിയ മാരക രോഗങ്ങൾ രോഗികളുടെമേൽ കൈ വെച്ച് മാററിക്കൊടുക്കും? 2

ഈ പരീക്ഷണങ്ങൾക്ക് തയ്യാറായി വിജയിച്ചവർ മാത്രമെ മാർക്കോസ് 16 : 17, 18 വചനങ്ങൾ പ്രകാരം വിശ്വാസികൾ എന്നറിയപ്പെടാൻ അർഹതുള്ളു. ആരാണ് വിശ്വാസത്തിൻെറ ഈ തെളിവുകൾ പ്രായോഗികമായി കാണിച്ചു തരാൻ തയ്യാറുള്ളവർ? ആരാണ് യഥാർത്ഥ വിശ്വാസികൾ? ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിച്ചുവെന്നു അവകാശപ്പെടുന്നവരിൽ ആരെങ്കിലും വിശ്വാസികളുടെ ചിഹ്നമായ 'മാരകമായ എന്തു കുടിച്ചാലുംഅതവരെ ഉപദ്രവിക്കുകയില്ല'യെന്ന അടയാളം ശരിയാണെന്നു തെളിയിക്കാനായി പൊട്ടാസ്യം സൈ

---

1. സർപ്പങ്ങളെ പിടിച്ചെടുക്കുന്ന കാര്യത്തിൽ ഇന്ത്യൻ സർപ്പാരാധകരും സർപ്പ യജ്ഞക്കാരും വൈദഗ്ദ്യമുള്ളവരാണ്. അവരോട് മൽസരിക്കാൻ പോലും പോപ്പു മുതൽക്ക് പാസ്ററു വരെയുള്ള 'രക്ഷിക്കപ്പെട്ട'വർക്കു കഴിയുമോ?

2. രോഗിയുടെ വിശ്വാസം ചില രോഗങ്ങൾ മാററിയ സംഭവങ്ങളുണ്ടായിട്ടുണ്ട്. മനഃശാസ്ത്രജ്ഞൻമാർ അതിനു വിശദീകരണവും നൽകുന്നുണ്ട്. ഇക്കാര്യം ക്രിസ്തു മതത്തിൽ മാത്രം പരിമിതമല്ലെന്ന വസ്തുതയും നാം മനസ്സിലാക്കേണ്ടതുണ്ട്.

നേഡിനെപ്പോലുള്ള ഏതെങ്കിലും മാരക വിഷം പരസ്യമായി കുടിക്കാൻ തയ്യാറുണ്ടോ? പോപ്പു മുതൽ സാധാരണ ക്രൈസ്തവർ വരെയുള്ളവരുടെ ആരുടെയെങ്കിലും വിശ്വാസം പൊട്ടാസ്യം സൈനേഡ് കഴിക്കാൻ മാത്രം ഉറപ്പുള്ളതാണോയെന്ന വെല്ലു വിളിക്കു മുമ്പിൽ നിശ്ശബ്ദരാവുക മാത്രമേ, അവർക്കു നിവൃത്തി യുള്ളു.

അപ്പോൾ, ഒന്നുകിൽ ക്രിസ്തു അങ്ങനെ പറഞ്ഞിട്ടില്ല. അല്ലെങ്കിൽ ക്രിസ്തു പറഞ്ഞപോലുള്ള വിശ്വാസികൾ ഇവി ടെയെങ്ങുമില്ല. അഥവാ ഈ വെല്ലുവിളി സ്വീകരിക്കാത്തവ രൊന്നുംതന്നെ വിശ്വാസികളല്ല. അവരുടെ വിശ്വാസം പുനഃപ രിശോധനക്ക് വിധേയമാക്കണമെന്നർത്ഥം.

ക്രിസ്തുവും അനുയായികളും മാത്രമല്ല, കള്ള ക്രിസ്തുമാ രും വ്യാജ പ്രവാചകന്മാരും പോലും അൽഭുതങ്ങൾ കാണിക്കു മെന്നു യേശു പറയുന്നു 'കള്ള ക്രിസ്തുമാരും വ്യാജപ്രവാചക ന്മാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട വരെപ്പോലും വഴി തെററിക്കത്തക്കവിധം വലിയ അടയാളങ്ങ ളും അൽഭുതങ്ങളും കാണിക്കുകയും ചെയ്യും'. 1

വെറും ചില ചെപ്പിടി വിദ്യകളുടെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവ് തങ്ങളിൽ കുടികൊള്ളുന്നുവെന്നു, അവകാ ശപ്പെടുകയും കർത്താവായ ക്രിസ്തുവിൻെറ കഴിവുകൊണ്ടാ ണ് തങ്ങളിവ ചെയ്യുന്നതെന്നു് പെരുമ്പറയടിക്കുകയും ചെയ് തുകൊണ്ടു് ക്രിസ്തു പ്രബോധനം ചെയ്യാത്ത ത്രിയേകത്വവും അദ്ദേഹത്തിൻെറ ദിവ്യത്വമെന്ന മിഥ്യയും സത്യമാണെന്നു് സാധാരണക്കാർക്കിടയിൽ പ്രചരിപ്പിക്കുന്ന പെന്തക്കോസ്ത് 'സഹോദരൻ'മാരുടെ വിദ്യകളിൽ ആകൃഷ്ടരാവുന്ന വിശ്വാ സികൾ ഈ ക്രിസ്തുവചനം സഗൗരവം ശ്രദ്ധിക്കുക.

## ക്രിസ്തു ഒരു ഇസ്രായീൽ പ്രവാചകൻ:—

ക്രിസ്തു ഇസ്രായീല്യർക്കിടയിൽ നിയുക്തനായ ഒരു പ്രവാചകൻ മാത്രമായിരുന്നു. ഇതു പറയുമ്പോൾ യേശു ക്രിസ്തു

1. മത്തായി 24 : 24.

പറഞ്ഞ സന്ദേശങ്ങൾ ഇസ്രായീല്യരല്ലാത്തവർക്ക് ബാധകമല്ലെന്നോ അദ്ദേഹത്തിലൂടെ ജാതികൾ 1 ക്ക് സ്വർഗ്ഗരാജ്യത്തിലേക്കുള്ള മാർഗ്ഗം ലഭിക്കുകയില്ലെന്നോ അർത്ഥമില്ല. ഇസ്രായീല്യർക്കിടയിലേക്ക് അയക്കപ്പെട്ട മോശെ പ്രവാചകൻ ഫറോവാ ചക്രവർത്തിയോട് സത്യമത പ്രബോധനം നടത്തിയത്പോലെ ക്രിസ്തുവും തന്റെ പരിധിയിൽപെട്ട യഹൂദരല്ലാത്തവരോടും സത്യം —'നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്' എന്ന യാഥാർത്ഥ്യം— പ്രബോധനം ചെയ്തിരിക്കാം. പക്ഷെ, അദ്ദേഹത്തിന്റെ ആഗമനോദ്ദേശം ഇസ്രായീല്യരെ ഉദ്ധരിക്കുകയെന്നതായിരുന്നു. ഇക്കാര്യത്തിലേക്ക് ഖുർആൻ ഇങ്ങനെ വെളിച്ചം വീശുന്നു 'അവനെ (യേശുവെ) ഗ്രന്ഥവും വിജ്ഞാനവും തൗറാത്തും ഇഞ്ചീലും അവൻ (അല്ലാഹു) പഠിപ്പിക്കുകയും ഇസ്രായീൽ സന്തതികളിലേക്ക് ഒരു ദൂതൻ (ആക്കുകയും ചെയ്യും)'. 2

ഇക്കാര്യം ബൈബിളും സമ്മതിക്കുന്നുണ്ട്. മതപ്രബോധനത്തിന് തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ ചുമതലപ്പെടുത്തി അയക്കുമ്പോൾ ക്രിസ്തു പറഞ്ഞതിങ്ങനെയാണ്. 'നിങ്ങൾ വിജാതീയരുടെ അടുത്തേക്ക് പോകരുത്; സമരിയക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്. പ്രത്യുത ഇസ്രായീൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്ക് പോകുവിൻ.' 3

'യേശു അവിടെനിന്ന് പുറപ്പെട്ട് ടയിർ, സീദോൻ, എന്നീ പ്രദേശങ്ങളിലെത്തി. അപ്പോൾ ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി 4 വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവെ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയേണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു. എന്നാൽ അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യന്മാർ അവനോട് അഭ്യ

1. യഹൂദരല്ലാത്തവർ.
2. ആലു ഇംറാൻ 48 , 49. 3. മത്തായി 10 : 5.
4. യഹൂദ സമുദായത്തിൽ പെടാത്ത ഒരു വർഗ്ഗത്തിൽപെട്ട സ്ത്രീ.

ത്ഥിച്ചു. അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ. അവൻ മറുപടി പറഞ്ഞു: ഇസ്രായീൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അവൾ അവനെ പ്രണമിച്ച് കർത്താവെ, എന്നെ സഹായിക്കേണമേ എന്നു് അപേക്ഷിച്ചു. അവൻ പറഞ്ഞു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല.' 1

ക്രിസ്തുവിൻെറ ദൗത്യം ഇസ്രായീല്യർക്കിടയിലേക്കാണെങ്കിലും ആ സ്ത്രീയുടെ ആവർത്തിച്ചുള്ള അഭ്യർത്ഥന മാനിച്ച് അവളുടെ മകളുടെ അസുഖം മാററിക്കൊടുത്തതായി 2 തുടർന്നു വിശദീകരിക്കുന്നതിൽനിന്നും അദ്ദേഹം വിജാതീയരെ തീരെ അവഗണിച്ചിരുന്നില്ലെന്നു് മനസ്സിലാകുന്നുണ്ട്. എങ്കിലും 'ഇസ്രായീൽ ഗൃഹത്തിലെ കാണാതെപോയ ആടുകളെ' അഥവാ യഹൂദന്മാർക്കിടയിൽനിന്നും വഴി പിഴച്ചുപോയവരെ നേരെയാക്കുകയായിരുന്നു ക്രിസ്തുവിൻെറ നിയോഗത്തിൻെറ പ്രധാന ഉദ്ദേശമെന്നു് ഈ വചനങ്ങളിൽനിന്നു് സുതരാം വ്യക്തമാകുന്നു.

യേശു, മോശെ പ്രവാചകൻ കൊണ്ടുവന്ന ന്യായ പ്രമാണത്തിൻെറ അടിസ്ഥാനത്തിൽ ജനങ്ങളെ നയിക്കാനാണ് നിയോഗിക്കപ്പെട്ടത്. ജീവിത കർമ്മങ്ങളും നിയമങ്ങളും നിരോധങ്ങളുമെല്ലാം മോശെയുടെത് പിന്തുടരുക മാത്രമാണ് ക്രിസ്തു ചെയ്തത്. 'ന്യായ പ്രമാണത്തെയോ പ്രവാചകൻമാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്നു് നിങ്ങൾ വിചാരിക്കരുത് അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്'' 3 എന്ന ക്രിസ്തുവിൻെറ വചനം ന്യായ പ്രമാണത്തിൻെറ നടത്തിപ്പ് മാത്രമാണ്; പുതിയ നിയമങ്ങൾ ഉണ്ടാക്കുകയല്ല തൻെറ ആഗമനോദ്ദേശം എന്ന് വ്യക്തമാക്കുന്നു. 'ഈ പ്രമാണങ്ങളിൽ നിസ്സാരമായ ഒന്നു് ലംഘിക്കുകയോ ലംഘിക്കുവാൻ

1. മത്തായി 15 : 21 – 26. 2. മത്തായി 15 : 27 , 28.
3. മത്തായി 5 : 17.

മററുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ചെറിയവനെന്ന് വിളിക്കപ്പെടും 1 എന്ന ക്രിസ്തു വചനത്തെ വകവെക്കാതെ ന്യായ പ്രമാണത്തിലെ കൽപ്പനകളിൽ പലതും അവഗണിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് വിശുദ്ധ പൗലോസ് തൻെറ 'അഭിനവ ക്രിസ്തുമതം' സ്ഥാപിച്ചത്.

## ക്രിസ്തു എന്ന മനുഷ്യൻ

മറേറതൊരു പ്രവാചകനെയും പോലെത്തന്നെ ക്രിസ്തുവും ഒരു മനുഷ്യൻ മാത്രമായിരുന്നു. സമൂഹത്തിനിടയിൽ ജീവിക്കുകയും മാനുഷികമായ കർമ്മങ്ങൾ ചെയ്യുകയും സകല വികാരങ്ങളുമുള്ളവനുമായിരുന്നു, ബൈബിൾ പറയുന്ന ക്രിസ്തു. അദ്ദേഹം ഇസ്രായീൽ മക്കൾക്ക് വഴികാട്ടിയായിരുന്നു; നിഷ്കളങ്കനായിരുന്നു; സ്വന്തം മാതൃകയിലൂടെ സമൂഹത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ ശ്രമിച്ച മഹാനായിരുന്നു. പക്ഷേ, ദൈവമല്ല. ദൈവത്തിൻെറ അവതാരവുമല്ല. ത്രിയേക ദൈവങ്ങളിൽ ഒരുവനുമല്ല. ഒരു പ്രവാചകൻ മാത്രം. മുമ്പ് കഴിഞ്ഞുപോയതും ക്രിസ്തുവിനു് ശേഷം വരാനിരിക്കുന്നതുമായ പ്രവാചകൻമാരെപ്പോലുള്ള ഒരു പ്രവാചകൻ.

ക്രിസ്തു ഒരു മനുഷ്യനായിരുന്നു. ദൈവത്തിനുണ്ടാവാൻ പാടില്ലാത്ത പല സ്വഭാവങ്ങളും യേശുവിൽ നാം കാണുന്നു.

— അബ്രഹാമിൻെറയും ദാവീദിൻെറയും പുത്രപരമ്പരയിൽ യേശു ജനിക്കുന്നു. 2 (ദൈവത്തിനു് മുൻഗാമികളും ജനനവും!)

— ക്രിസ്തു പരിഛേദനയേൽക്കുന്നു. 3

— യേശു മുല കുടിക്കുന്നു. 4

— ക്രിസ്തു കഴുതപ്പുറത്ത് യാത്ര ചെയ്യുന്നു. 5

1. മത്തായി 5 : 19. 2. മത്തായി 1 : 1.
3. ലൂക്കോസ് 2 : 21. 4. ലൂക്കോസ് 11 : 27. 5. മത്തായി 21 : 5.

—ക്രിസ്തു ഭക്ഷണവും പാനീയവും ഉപയോഗിക്കുന്നു. 1
—കിടപ്പാടമില്ലാത്ത ക്രിസ്തു.2
—യേശു വസ്ത്രങ്ങളുപയോഗിക്കുന്നു.3
—സഹോദരീ സഹോദരന്മാരുള്ള ക്രിസ്തു.4
—ക്രിസ്തുവിന്റെ വളർച്ചക്കനുസരിച്ച് ജ്ഞാനം വർദ്ധിക്കുന്നു.5
—സ്വമേധയാ ഒന്നും ചെയ്യാത്ത ക്രിസ്തു.6
—അന്ത്യനാളിനെക്കുറിച്ച് ഒന്നുമറിയാത്ത യേശു. 7
—അത്തിമരത്തിന്റെ ഫലദായക സമയം പോലും അറിയാത്ത മിശിഹ 8
—സഹനത്തിലൂടെ അനുസരണം അഭ്യസിക്കുന്ന ക്രിസ്തു9
—യേശുവിന് വിശപ്പ് അനുഭവപ്പെടുന്നു.10
—ക്രിസ്തുവിന് ദാഹം അനുഭവപ്പെടുന്നു.11
—യേശു ഉറങ്ങുന്നു.12
—യേശുക്രിസ്തു യാത്ര ചെയ്ത് ക്ഷീണിക്കുന്നു.13
—യേശു അസ്വസ്ഥനായി നെടുവീർപ്പിടുന്നു.14
—ക്രിസ്തു കരയുന്നു.15
—ദുഃഖിക്കുന്നവനായ യേശു 16
—അസത്യത്തിനെതിരെ ശക്തി പ്രയോഗിക്കുന്ന യേശു17
—വാളെടുക്കുവാൻ ആഹ്വാനം ചെയ്യുന്ന ക്രിസ്തു.18
—യഹൂദരെ ഭയക്കുന്ന യേശു.19
—യേശു ഒററു കൊടുക്കപ്പെടുന്നു.20

1. മത്തായി 11 : 19. 2. മത്തായി 8 : 20. 3. യോഹന്നാൻ 19 : 23.
4. മത്തായി 13 : 55, 56. 5. ലൂക്കോസ് 21 : 40.
6. യോഹന്നാൻ 5 : 30. 7. മാർക്കോസ് 13 : 32.
8. മാർക്കോസ് 11 : 12, 13. 9. എബ്രായർ 5 : 8.
10. മാർക്കോസ് 11 : 12, മത്തായി 4 : 2, മത്തായി 21 : 18.
11. യോഹന്നാൻ 19 : 28. 12. മത്തായി 8 : 24, ലൂക്കോസ് 8 : 23, മാർക്കോസ് 4 : 38. 13. യോഹന്നാൻ 4 : 6. 14. യോഹന്നാൻ 11 : 33
15. യോഹന്നാൻ 11 : 35. 16. മത്തായി 26 : 37.
17. യോഹന്നാൻ 2 : 13–15. 18. ലൂക്കോസ് 22 : 36.
19. യോഹന്നാൻ 11 : 53–54. 20. യോഹന്നാൻ 18 : 2.

—യേശു ബന്ധിക്കപ്പെടുന്നു.1
—യേശു അപമാനിക്കപ്പെടുന്നു.2
—യേശുവിനു് അടി കിട്ടുന്നു.3
—ക്രിസ്തു മരണത്തെ ഭയക്കുന്നു.4
—ക്രിസ്തു ദൈവത്തോട് പ്രാർത്ഥിക്കുന്നു.5
—ക്രിസ്തുവിനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്നും ദൂതൻ പ്രത്യക്ഷപ്പെടുന്നു.6

ഇനി നമുക്ക് ചിന്തിക്കാം. ക്രിസ്തു ദൈവമാണോ? അതോ മനുഷ്യനോ? ബുദ്ധിശക്തി സഭകൾക്ക് പണയം വെച്ചിട്ടില്ലാത്തവരെല്ലാം പറയും 'ക്രിസ്തു, ഒരു മനുഷ്യൻ മാത്രം' എന്നു്.

'ദൈവം തിൻമയാൽ പരീക്ഷിക്കപ്പെടുന്നില്ല. അവിടുന്നു് ആരെയും പരീക്ഷിക്കുന്നുമില്ല. ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നതു് സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ടു് കുടുക്കിലാകുമ്പോഴാണ്'7 എന്ന പുതിയ നിയമത്തിലെ തന്നെ പ്രസ്താവനയും 'അവൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ടു് നാൽപതു് ദിവസം അവിടെ കഴിഞ്ഞുകൂടി.'8 എന്ന ലൂക്കോസിൻെറ വചനവും കൂട്ടി വായിക്കുമ്പോഴും ക്രിസ്തു ദൈവമല്ലെന്ന യാഥാർത്ഥ്യം നമുക്ക് മുമ്പിൽ അനാവൃതമാകുന്നു. ദൈവം തിൻമയാൽ പരീക്ഷിക്കപ്പെടുന്നില്ലെങ്കിൽ, പിശാചിനാൽ പരീക്ഷിക്കപ്പെട്ട ക്രിസ്തു ഏതായിരുന്നാലും ദൈവിക സ്വഭാവം ഉൾക്കൊള്ളുന്നില്ലെന്നും അതിനാൽതന്നെ അദ്ദേഹം ദൈവമല്ലെന്നും വ്യക്തമാണല്ലോ.

വേദ പുസ്തക നിഘണ്ടു എഴുതുന്നു. 'ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ യേശു യഥാർത്ഥ മനുഷ്യത്വമുള്ളവനാണെന്നു്

---

1. യോഹന്നാൻ 18 : 12, 13.
2. മത്തായി 26 : 67.
3. യോഹന്നാൻ 18 : 22.
4. മാർക്കോസ് 14 : 36.
5. മത്തായി 26 : 42.
6. ലൂക്കോസ് 22 : 43.
7. യാക്കോബ് 1 : 13, 14.
8. ലൂക്കോസ് 4 : 2.

കാണുന്നു. അവൻ ശരീരത്തിലും ബുദ്ധിയിലും സ്വാഭാവികമായി വളർച്ച പ്രാപിച്ചു. വിശപ്പും ദാഹവും അനുഭവിച്ചു ഉപദ്രവങ്ങൾ സഹിച്ചു. സന്തോഷം, ദുഃഖം, സ്നേഹം, കോപം ആദിയായവ എല്ലാ മനുഷ്യരെയുംപോലെ അവനും ഉണ്ടായിരുന്നു സാധാരണ മനുഷ്യരേക്കാളും ജ്ഞാനിയായിരുന്നുവെങ്കിലും സർവ്വജ്ഞത ഉണ്ടായിരുന്നില്ല'. 1 നിഘണ്ടു തുടരുന്നു. 'അത്തിവൃക്ഷത്തിൽ ഫലമുണ്ടായിരിക്കുമെന്നു വിചാരിച്ച് ചെന്നു് നോക്കുമ്പോൾ ഫലമുണ്ടായിരുന്നില്ല. അവൻ പ്രവർത്തിച്ച അൽഭുതങ്ങൾ സ്വന്തം ശക്തിയാലല്ല, ദൈവ വിശ്വാസത്താലാണ് ചെയ്തതെന്നു് വിചാരിപ്പാൻ ന്യായമുണ്ട്. യേശു അവതാര പുരുഷനായി വന്നപ്പോൾ അവനു മനുഷ്യചിത്തവും ദൈവ ചിത്തവും എന്നിങ്ങനെ രണ്ടു ചിത്തങ്ങൾ ഉണ്ടായിരുന്നുവെന്നു് ചിലർ അഭിപ്രായപ്പെടുന്നു. അതിന്നു് ഈ സുവിശേഷങ്ങളിൽ യാതൊരു ആധാരവുമില്ല.'2

മനുഷ്യനായ പ്രവാചകനായിരുന്ന യേശുക്രിസ്തുവിൻെറ പ്രസ്താവന നോക്കുക. 'സാത്താനേ, എന്നെ വിട്ടു പോ, നിൻെറ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ എന്നു എഴുതിയിരിക്കുന്നുവല്ലോ'3 ഇതിൽ നിന്നും മനസ്സിലാകുന്ന യാഥാർത്ഥ്യമെന്താണ്?

— കർത്താവിനെ നമസ്കരിക്കണം.

— അവനെ മാത്രമെ ആരാധിക്കാവൂ.

ഈ കൽപ്പനകൾ കാററിൽ പറത്തിക്കൊണ്ട്, ക്രിസ്തു പ്രതിമക്കുമുന്നിൽ നമസ്കരിക്കുന്നവരും പുണ്യവാളന്മാരെ വിളിച്ചു പ്രാർത്ഥിക്കുന്നവരുമായ യാഥാസ്ഥിതിക ക്രിസ്ത്യാനികളും ക്രിസ്തുവിനോട് പ്രാർത്ഥിക്കുകയും അവൻെറ നാമത്തിൽ അസുഖങ്ങൾ മാററിക്കൊടുക്കാൻവേണ്ടി അവനോട് കരഞ്ഞു പറയുകയും ചെയ്യുന്ന പ്രൊട്ടസ്റ്റൻറ് വിഭാഗങ്ങളും, പരിശു

1. റവ: എ.സി. ക്ലേയിററൻ: വേദപുസ്തക നിഘണ്ടു. പേജ്: 413
2. Ibid. പേജ്: 414. 3. മത്തായി 4 : 10, 11.

ദ്ധാത്മാവ് നിറഞ്ഞവരായതിനാൽ സഭക്കും സഭാദ്ധ്യക്ഷന്മാർക്കും അപ്രമാദിത്വം കൽപ്പിക്കുന്ന വ്യത്യസ്ത സഭാ വിഭാഗങ്ങളും ചെയ്യുന്നത് ക്രിസ്തുവിനോടുള്ള വ്യക്തമായ ധിക്കാരമല്ലാതെ മറ്റൊന്നുമല്ല.

## ത്രിത്വം; അൽപ്പം ചരിത്രം

ക്രിസ്തു ദൈവമാണെന്ന് അദ്ദേഹമോ സമകാലികരായ സുവിശേഷ കർത്താക്കളോ മററു അപ്പോസ്തലന്മാരോ അവകാശപ്പെട്ടിട്ടില്ലെന്നു നാം മനസ്സിലാക്കി. ദൈവം ജഡത്തിൽ വെളിപ്പെട്ടതാണ്, ക്രിസ്തുവെന്ന വാദം നാം ആദ്യമായി കാണുന്നത് പൗലോസിൻെറ ലേഖനങ്ങളിലാണ്. പൗലോസ് എഴുതുന്നു:

'ദൈവത്തിൻെറ രൂപത്തിലായിരുന്നുവെങ്കിലും അവൻ ദൈവവുമായി സമാനത നില നിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസൻെറ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു'.1

'അവൻ അദൃശ്യനായ ദൈവത്തിൻെറ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്''.2

---

1. ഫിലിപ്പി 2 : 6, 7. 2. കൊളോസോസ് 1 : 15.

ക്രിസ്തുവോ അനുചരൻമാരോ പഠിപ്പിക്കാത്ത 'ദൈവം ജഡത്തിൽ വെളിപ്പെട്ടു'വെന്ന കാര്യം ക്രിസ്തു വിശ്വാസികൾക്കിടയിൽ പ്രചരിപ്പിച്ച്, അവരെ ബഹുദൈവ വിശ്വാസികളാക്കി മാററിയ പൗലോസ് ആരാണ്?

—കിലിക്യായിലെ താർഡോസിൽ ജനിച്ച ഒരു യഹൂദൻ.1

—ക്രിസ്തുവിൽ വിശ്വസിച്ചവരെ ബന്ധിച്ച് കാരാഗൃഹത്തിലടച്ചു.1

—ക്രിസ്തു മാർഗ്ഗത്തെ നാമാവശേഷമാക്കാൻ വേണ്ടി ശ്രമിച്ചു.1

—സഭയെ കഠിനമായി പീഡിപ്പിച്ചു.2

—മററു സമകാലികരേക്കാൾ ക്രിസ്തുമാർഗ്ഗ പീഡനത്തിന് മുൻപന്തിയിൽ നിൽക്കുകയും യഹൂദ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുകയും ചെയ്തു 2

—സിനഗോഗുകൾതോറും ചെന്ന്‌വിശ്വാസികളെയെല്ലാം ബന്ധനസ്ഥരാക്കുകയും പ്രഹരിക്കുകയും ചെയ്യുകയും ക്രിസ്തു വിശ്വാസിയായ സ്തേഫാനോസിൻെറ രക്തം ചിന്തിയപ്പോൾ അത് അംഗീകരിക്കുകയും ചെയ്തു.3

—വർഷങ്ങൾക്കുശേഷം, ക്രിസ്തുവിൽ വിശ്വസിച്ചവരെ പീഡിപ്പിച്ചതുകൊണ്ടുമാത്രം അധർമ്മം നശിക്കില്ലെന്നു മനസ്സിലാക്കി.4

—ക്രിസ്തു മതത്തിനകത്തുകടന്ന് അതിലെ വിശ്വാസങ്ങൾ നശിപ്പിക്കാമെന്നു തീരുമാനിച്ചു.4

---

1. അപ്പോസ്തല പ്രവർത്തികൾ 22 : 1—5.
2. ഗലാത്തിയാ 13—17.
3. അപ്പോസ്തല പ്രവർത്തനങ്ങൾ 22 : 17—20.
4. നിഗമനങ്ങൾ.

—ഒരു ദിവസം യാത്രാമധ്യത്തിൽ ദമാസ്കസിനടുത്ത് വെച്ച് തനിക്ക് ക്രിസ്തുവിൻെറ വെളിപ്പാടുണ്ടായെന്നും സ്നാനം സ്വീകരിച്ച് ക്രിസ്തുമാർഗ്ഗം സ്വീകരിക്കാൻ അദ്ദേഹം തന്നോടാവശ്യപ്പെട്ടുവെന്നും സ്വയം അവകാശപ്പെട്ടു 1

—വിജാതീയരുടെ അപ്പോസ്തലനായി യേശുക്രിസ്തു തന്നെ നിശ്ചയിച്ചിരിക്കുന്നുവെന്ന് സ്വയം അവകാശവാദം ഉന്നയിച്ചു.2

—ക്രിസ്തുവോ അപ്പോസ്തലൻമാരോ പഠിപ്പിക്കാത്ത, യേശു ജഢത്തിൽ വെളിപ്പെട്ട ദൈവമാണെന്ന് വിശ്വാസം വളർത്തി.3

—ന്യായപ്രമാണത്തെ അസാധുവാക്കാനല്ല താൻ വന്നത്, പ്രത്യുത ബലപ്പെടുത്താനാണെന്ന ക്രിസ്തുവചന 4 ത്തിനു വിരുദ്ധമായി 'ക്രിസ്തു, നിയമത്തിൻെറ ശാപത്തിൽ നിന്നും നമ്മെ രക്ഷിച്ചവനാണ്' 5 എന്ന വിശ്വാസം പ്രബോധനം ചെയ്തു.

—ന്യായപ്രമാണത്തിലെ നിയമങ്ങൾ ഇനി പാലിക്കേണ്ടതില്ലയെന്ന് പ്രചരിപ്പിച്ചു 6

—'ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും നിറവേറുവോളം നിയമത്തിൽനിന്നു വള്ളിയോ, പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോട് പറയുന്നു'7 എന്ന ക്രിസ്തു വചനത്തിന് വിരുദ്ധമായി 'പുതിയ ഒരു ഉടമ്പടിയെപ്പററി പറയുന്നത്

---

1. അപ്പോസ്തല പ്രവർത്തികൾ 22 : 6 – 16.
2. അപ്പോസ്തല പ്രവർത്തികൾ 22 : 21.
3. കൊളോസോസ് 1 : 15.
4. മത്തായി 5 : 17.
5. ഗലാത്തിയ 3 : 13.
6. ഗലാത്തിയ 3 : 23 - 25,
7. മത്തായി 5 : 18.

കൊണ്ട് ആദ്യത്തേതിനെ അവൻ കാലഹരണപ്പെട്ടതായിരിക്കുന്നു. കാലഹരണപ്പെട്ടതും പഴക്കം ചെന്നതുമാകട്ടെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നുവെന്ന് 1 തെററിദ്ധരിപ്പിച്ചു.

— 'നിങ്ങളിൽ പുരുഷൻമാരെല്ലാവരും പരിഛേദനം (ചേലാകർമ്മം) ചെയ്യണം' 2 എന്ന അബ്രഹാം മുതൽ സകല പ്രവാചകൻമാരും (ക്രിസ്തു ഉൾപ്പടെ) പാലിച്ചുപോന്ന ന്യായപ്രമാണത്തിലെ കൽപ്പനയെ ധിക്കരിച്ചുകൊണ്ട് 'നിങ്ങൾ പരിഛേദനം സ്വീകരിക്കുന്നുവെങ്കിൽ ക്രിസ്തു നിങ്ങൾക്ക് ഒന്നിനും പ്രയോജനപ്പെടുകയില്ല' 3 യെന്നും 'പരിഛേദനം നടത്തുന്നതിലോ നടത്താതിരിക്കുന്നതിലോ കാര്യമില്ല' 4 യെന്നും പഠിപ്പിച്ച് വിശ്വാസികളെ വഴിപിഴപ്പിച്ചു.

ഈ പൗലോസാണ്, ക്രിസ്തു, ദൈവത്തിൻെറ ജഢാവതാരമാണ് എന്ന വിശ്വാസം പഠിപ്പിച്ചത്; പ്രചരിപ്പിച്ചത്; അങ്ങനെ ക്രിസ്തുമതത്തെ ബഹുദൈവ വിശ്വാസത്തിലേക്ക് നയിച്ചത്.

ഇവിടെ ഒരഭിപ്രായമുണ്ടാവുക സ്വാഭാവികമാണ്. അപ്പോസ്തലനായ യോഹന്നാനും തൻെറ സുവിശേഷത്തിൽ ക്രിസ്തു ദൈവത്തിൻെറ ജഢാവതാരമാണെന്ന് പറയുന്നുണ്ടല്ലോ. അപ്പോസ്തലൻമാർ മുതൽക്കുതന്നെ ക്രിസ്തു, ദൈവത്തിൻെറ ജഢാവതാരമാണെന്ന് വിശ്വാസമുണ്ടായിരുന്നുവെന്നല്ലേ ഇതിനർത്ഥം.

നമുക്ക് പരിശോധിക്കാം.

'ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദി

1. ഹെബ്രായർ 8 : 13.
2. ഉൽപ്പത്തി 17 : 10.
3. ഗലാത്തിയ 5 : 2.
4. ഗാലത്തിയ 6 : 15.

യിൽ ദൈവത്തോട് കൂടെയായിരുന്നു' 1 എന്ന വചനം ക്രിസ്തു ശിഷ്യനായ യോഹന്നാൻേറതാണെന്ന് ഉറപ്പുണ്ടെങ്കിൽ അപ്പോസ്തലൻമാരിൽതന്നെ ക്രിസ്തു ദൈവത്തിൻെറ ജഢാവതാരമാണെന്ന വിശ്വാസമുണ്ടായിരുന്നുവെന്ന് നമുക്ക് സമ്മതിക്കാം.

പക്ഷെ, യോഹന്നാൻെറ സുവിശേഷമെഴുതിയത് ക്രിസ്തു ശിഷ്യനായ യോഹന്നാനാണെന്ന് ആർക്കാണുറപ്പുള്ളത്?

യോഹന്നാൻെറ സുവിശേഷത്തിൻെറ ആധികാരികതയെ സംബന്ധിച്ച് ക്രൈസ്തവ പണ്ഡിതൻമാരിൽതന്നെ പലരും സംശയാലുക്കളാണ്. റവ: എ.സി. ക്ലേയീററൻ എഴുതുന്നു. 'ഇതിൻെറ കർത്താവ് ആരെന്നും ഇതിൽ എഴുതപ്പെട്ടിരിക്കുന്നവ യഥാർത്ഥ ചരിത്ര സംഭവങ്ങളാണോ അല്ലയോ എന്നും സംഹിത സുവിശേഷങ്ങൾ 2 ക്കും വെളിപ്പാട് പുസ്തകത്തിനും ഇതിനും തമ്മിലുള്ള ബന്ധമെന്താണ് എന്നും ഇതിൽപറയപ്പെടുന്ന യേശു സാക്ഷാൽഅപ്രകാരമുള്ളവനാണോ എന്നുമുള്ള പലമാതിരി തർക്കങ്ങൾ കഴിഞ്ഞ രണ്ടു നൂററാണ്ടുകളിൽ വൈദിക പണ്ഡിതൻമാരുടെ ഇടയിലുണ്ടായിട്ടുണ്ട്. ഇപ്പോഴും ഈനാലാം സുവിശേഷത്തെ സംബന്ധിച്ച് ചില സംശയങ്ങൾ തീർന്നിട്ടില്ല.3

യോഹന്നാൻെറ സുവിശേഷം അപ്പോസ്തലനായ യോഹന്നാൻേറതല്ലെന്നും സെറിന്തസിൻേറതാണെന്നും ആദ്യനൂററാണ്ടുകളിലെ ക്രിസ്ത്യാനികൾക്കിടയിൽതന്നെ ഒരു വിഭാഗത്തിന് അഭിപ്രായമുണ്ടായിരുന്നുവെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാണിക്കയിൽനിന്നു് മൗലാന താക്കി ഉസ്മാനി ഉദ്ധരിക്കുന്നു.4

1. യോഹന്നാൻ 1 : 1, 2, 3.
2. ആദ്യത്തെ മൂന്ന് (മത്തായി, മാർക്കോസ്, ലൂക്കോസ്) സുവിശേഷങ്ങൾ.
3. റവ : എ.സി. ക്ലേയീററൻ : വേദപുസ്തക നിഘണ്ടു പേജ് 430.
4. Moulana Taqi Usmani : What is Christianity. Page: 42.

യോഹന്നാൻെറ സുവിശേഷം ഒരാവൃത്തി പരിശോധിച്ചാൽ യഹൂദ സമുദായത്തെക്കുറിച്ചും അവരുടെ വിശ്വാസാചാരങ്ങളെക്കുറിച്ചും നന്നായറിയുന്ന യഹൂദ പണ്ഡിതൻമാരാരോ ആണ് അത് രചിച്ചതെന്ന് ബോധ്യമാകും. യേശുവിൻെറ സമകാലികനായ യോഹന്നാനെപ്പോലുള്ള ഒരു വിദ്യാവിഹീനനിൽ 1 നിന്ന് ഈ സുവിശേഷത്തിൻെറ രചനയുണ്ടാവുക അസാധ്യമാണെന്ന് വ്യക്തമാണ്.

ഇത്തരം അനേകം പ്രശ്നങ്ങളുടെ വെളിച്ചത്തിലാണ്, യോഹന്നാൻ സുവിശേഷം യേശുക്രിസ്തുവിൻെറ ശിഷ്യനായിരുന്ന യോഹന്നാനല്ല മറേറതോ യോഹന്നനാണ് എഴുതിയതെന്ന നിഗമനത്തിൽ, ക്രൈസ്തവ പണ്ഡിതൻമാരിൽ നല്ലൊരു വിഭാഗം എത്തിച്ചേർന്നത്. അതുകൊണ്ട്തന്നെ യോഹന്നാൻ സുവിശേഷത്തിലെ യേശു ജഡത്തിൽ അവതരിച്ചുവെന്ന കാര്യത്തിലേക്ക് സൂചന നൽകുന്ന വാക്യം അപ്പോസ്തലൻമാർക്കിടയിൽ ആ വിശ്വാസമുണ്ടെന്നതിലേക്കുള്ള തെളിവായി സ്വീകരിക്കാൻ കഴിയില്ല.

വിശുദ്ധ പൗലോസെന്ന് ജനങ്ങൾ വിളിക്കണമെന്ന് സ്വയം ആഗ്രഹിച്ച പൗലോസിൻെറ സൃഷ്ടിയാണ് യേശു, ജഡത്തിൽ വെളിപ്പെട്ട ദൈവമാണെന്ന ആശയം. പക്ഷെ, ത്രിയേകത്വമെന്ന ആശയം പൗലോസിനുപോലും അറിയുമായിരുന്നില്ലെന്നാണ് അദ്ദേഹത്തിൻെറ ലേഖനങ്ങളിൽനിന്നും മനസ്സിലാകുന്നത്.

ദൈവം പിതാവും യേശു ദൈവപുത്രനുമാണെന്ന വാദം അതിൻെറ തുടക്കം മുതൽക്കേ എതിർക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിൻെറ അധ്യാപനങ്ങൾ വിശ്വസിക്കുന്നത് മാത്രമാണ് നിത്യജീവന് നിദാനമാകുന്നതെന്ന വസ്തുത വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവരെ അടിച്ചമർത്തുകയും അവർക്കെതിരെ അക്രമങ്ങൾ അഴിച്ചുവിടുകയും ചെയ്തുകൊണ്ടാണ്

1. അപ്പോസ്തല പ്രവർത്തനങ്ങൾ 4 : 13.

പൗലോസും അനുയായികളും ക്രിസ്തു ദൈവാവതാരമാണെന്ന വാദം പ്രചരിപ്പിച്ചത്. ക്രിസ്താബ്ദം 250 നും 336നുമിടയിൽ ജീവിച്ച ബിഷപ്പ് അരിയൂസ് വാദിച്ചു:

1) യേശു ദൈവത്തിന്റെ പുത്രനും ദൈവം യേശുവിന്റെ പിതാവുമാണെങ്കിൽ പിതാവിനു ശേഷമല്ലേ പുത്രനുണ്ടാവുക? പിതാവ് പുത്രനുമുമ്പ് ഉണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നെങ്കിൽ പുത്രനില്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അപ്പോൾ, പുത്രൻ എന്നും നിലനിന്നിട്ടില്ലാത്ത ഒരു സൃഷ്ടിയാണ് എന്നു വരുന്നു. അതേസമയം ദൈവം എന്നെന്നും നിലനിന്നിരുന്നു; എന്നും നിലനിൽക്കുകയും ചെയ്യും. അതുകൊണ്ട് പുത്രൻ ദൈവമല്ല.

2) ദൈവത്തിന് മാററമില്ല; പക്ഷെ യേശുവിന് മാററമുണ്ടായിരുന്നു. യേശു ജനിക്കുകയും വളരുകയും മരിക്കുകയും ചെയ്തു. കൂടാതെ യേശു ഇങ്ങനെ പറയുകയും ചെയ്തു. 'പിതാവ് എന്നെക്കാൾ വലിയവനല്ലോ' (യോഹ. 14 : 28) അപ്പോൾ, യേശുവും പിതാവും തുല്യരാണെന്ന് വിശ്വസിക്കുന്നത് ശരിയല്ല.1

സത്യം പറഞ്ഞ അരിയൂസിനെ മഹറോൺ ചൊല്ലി പുറത്താക്കുകയും മർദ്ദിക്കുകയും ചെയ്തുകൊണ്ട് സഭ, അസത്യം പ്രചരിപ്പിച്ചു. അരിയൂസ് എഴുതി. 'നാം മർദ്ദിക്കപ്പെടുന്നു; കാരണം യേശുവിന് ആരംഭമുണ്ടെന്നും ദൈവത്തിന് ആരംഭമില്ലെന്നും നാം പറയുന്നു'.2

ജാതികളുടെ അപ്പോസ്തലനായി സ്വയം ചമഞ്ഞുകൊണ്ട് രംഗത്തുവന്ന പൗലോസിന്റെ കാലംമുതല്ക്കു തുടങ്ങിയ, വിജാതീയരുടെ ആചാരങ്ങളുടെ തള്ളിക്കയററത്തിന് ഔദ്യോഗികാംഗീകാരം നൽകിയത് AD 325 ൽ 'നിസിയാ'യിൽ (NICAEA)

1. Quoted by പ്രൊഫ: ഷാഹുൽഹമീദ്: in യേശുവിന്റെ പാത; മുഹമ്മദിന്റെയും പേജ് : 41.
2. J.B. Firth : Constantine the Great: Quoted in Ibid Page: 15.

നടന്ന ബിഷപ്പുമാരുടെ സമ്മേളനമായിരുന്നു. നിസിയാ കൗൺസിൽ എന്ന നാമത്തിൽ പ്രസിദ്ധമായ പ്രസ്തുത സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ റോമാചക്രവർത്തിയായിരുന്ന കോൺസ്ററൈൻറനായിരുന്നു. റോമാ സാമ്രാജ്യം മുഴവൻ നിലനിന്നിരുന്ന സൂര്യദേവനെ ആരാധിക്കുന്ന സമ്പ്രദായത്തെയും, ക്രിസ്തുമതത്തെയും സമന്വയിപ്പിക്കുകയും സൂര്യദേവന്റെ പ്രതിബിംബമായി കണക്കാക്കപ്പെട്ടിരുന്ന കോൺസ്റ്റൈൻറനിനെ പ്രീണിപ്പിക്കുകയും ചെയ്തുകൊണ്ട് നിസിയാ കൗൺസിൽ പല നിയമങ്ങളും അംഗീകരിക്കുകയുണ്ടായി. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1 ക്രിസ്തുവിന്മുമ്പുള്ള യഹൂദർ മുതൽക്ക് എ ഡി 325 വരെയുള്ള ക്രൈസ്തവർവരെ 'ശാബാത്ത്' ദിനമായി കൊണ്ടാടിയിരുന്ന ശനിയാഴ്ചയിൽനിന്ന് വിരുദ്ധമായി സൂര്യദേവന്റെ പുണ്യദിനമായി റോമാക്കാർ കൊണ്ടാടിയിരുന്ന ഞായറാഴ്ച 'ശാബാത്ത്' കൊണ്ടാടുവാൻ തീരുമാനിച്ചു.

2 യേശു ജനിച്ച തിയതിയോ വർഷമോ ഏതെന്ന് വ്യക്തമായി അറിയില്ലെന്നിരിക്കെ, സൂര്യദേവന്റെ ജൻമദിനമായി ആഘോഷിക്കപ്പെട്ടിരുന്ന ഡിസംബർ 25ാം തിയ്യതിയെ ക്രിസ്തുമസ് ആയി ആഘോഷിക്കാൻ തീരുമാനിച്ചു.

3 സൂര്യദേവന്റെ അടയാളമായിരുന്ന പ്രകാശത്തിന്റെ കുരിശിന് സമാനമായ, ക്രിസ്തുവിന്റെ രക്തംചിന്തിയ കുരിശ് ക്രിസ്തുമതത്തിന്റെ ചിഹ്നമായി അംഗീകരിക്കപ്പെട്ടു.

ഇതേ നിസിയാ കൗൺസിലാണ് ത്രിയേകത്വം ക്രൈസ്തവദർശനത്തിന്റെ അടിസ്ഥാന പ്രമാണമായി അംഗീകരിച്ചത്.

നമുക്ക് ചോദിക്കാം—

ക്രിസ്തുവോ അപ്പോസ്തലൻമാരോ മററു അനുയായികളോ ഒന്നും പഠിപ്പിക്കാത്ത ത്രിയേക വിശ്വാസം വിശ്വസിക്കുവാൻ യഥാർത്ഥ ക്രിസ്തുമതാനുയായികൾ ബാധ്യസ്ഥരാണോ?

നിസിയാ കൗൺസിൽ എന്തിനുവേണ്ടിയാണ് 'ത്രിത്വം' അംഗീകരിച്ചത്? ക്രിസ്തു ദൈവമാണെന്ന പൗലോസിൻെറ കണ്ടുപിടുത്തവും ക്രിസ്തുപഠിപ്പിച്ച 'നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്' എന്ന യാഥാർത്ഥ്യവും സമന്വയിപ്പിച്ച് രണ്ടും ശരിയാണെന്നും രണ്ടും ക്രിസ്തുമതത്തിൻെറ സിദ്ധാന്തമാണെന്നും രണ്ടും തമ്മിൽ വൈരുദ്ധ്യമില്ലെന്നും വരുത്തിത്തീർക്കാൻവേണ്ടിയാണ് ത്രിയേകത്വമെന്ന പുതിയ ആശയം നിസിയാ (NICAEA) കൗൺസിൽ മുന്നോട്ടുവെച്ചത്.

പരിശുദ്ധാത്മാവിനെക്കൂടി ഏകദൈവത്തിലെ ആളത്വമായി പ്രതിഷ്ഠിക്കുന്നതിലൂടെ പരിശുദ്ധാത്മാവ് നിറഞ്ഞവരാണെന്നവകാശപ്പെടുന്ന സഭാദ്ധ്യക്ഷൻമാർക്കും പണ്ഡിത പുരോഹിതൻമാർക്കും തങ്ങളുടെ വാക്യങ്ങളിൽ ദിവ്യത്വമുണ്ടെന്നുകൂടി അവകാശപ്പെടാൻ കഴിഞ്ഞു. കുമ്പസാരം ഫാദറിനു മുമ്പിലാണെങ്കിലും അദ്ദേഹം പരിശുദ്ധാത്മാവ് നിറഞ്ഞവനായതിനാൽ ദൈവത്തിനു മുമ്പിലാണ് തങ്ങൾ നിൽക്കുന്നതെന്ന ധാരണ വിശ്വാസികൾക്കുണ്ടായി. അതിൽനിന്നും മുതലെടുക്കാൻ പൗരോഹ്യത്തിനു കഴിഞ്ഞു. പരിശുദ്ധാത്മാവു നിറഞ്ഞവരായി, രോഗം മാററിക്കൊടുക്കുന്ന പെന്തക്കോസ്തു 'സഹോദരൻ'മാരും ചെയ്യുന്നത് ഇതിൻെറ മറെറാരു രൂപം മാത്രം. പൗരോഹിത്യം 'ഒന്നു' അനുവദനീയമാക്കിയാൽ അതു അനുവദനീയവും നിഷിദ്ധമാക്കിയാൽ അതു നിഷിദ്ധവുമാണെന്ന അവസ്ഥയുണ്ടായി. പരിശുദ്ധാത്മാവ് നിറഞ്ഞവരായ ദൈവത്തിൻെറ പ്രതിനിധികളാണ് പുരോഹിതൻമാരെന്നതിനാൽ അവരെ അനുസരിക്കാതിരിക്കുന്നത് ത്രിയേകദൈവത്തെ അനുസരിക്കാതിരിക്കുന്നതിന് തുല്യമാണെന്ന് അവസ്ഥവന്നു. അതുകൊണ്ടുതന്നെയാണ് ഖുർആൻ 'തങ്ങളുടെ പണ്ഡിതൻമാരെയും തങ്ങളുടെ പുരോഹിതൻമാരെയും മർയമിൻെറ മകൻ

മസീഹിനെയും അല്ലാഹുവിനു പുറമെ അവർ റബ്ബുകളാക്കി വെച്ചു' 1 വെന്ന് പറഞ്ഞത്.

ത്രിയേകത്വം സഭ അംഗീകരിച്ചിരുന്നുവെങ്കിലും അതിനെ എതിർക്കുകയും ദൈവത്തിന്റെ ഏകത്വത്തിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്ത ക്രിസ്തുമത വിശ്വാസികൾ പലപ്പോഴായി രംഗത്തു വന്നിട്ടുണ്ട്. അവരിൽ പലരുടെയും ശബ്ദം സഭയൊരുക്കിയ കൽത്തുറുങ്കുകളിൽ മാറ്റൊലികളായി മാറിയിട്ടുമുണ്ട്. എ ഡി. 1615നും 1662നും ഇടക്ക് ജീവിച്ച ജോൺ ബ്രിഡിൽ എന്ന ഇംഗ്ലീഷുകാരൻ ഇങ്ങനെ വാദിച്ചു.

1 പരിശുദ്ധാത്മാവിനെ ഇസ്രായീൽ മക്കൾക്ക് യഹോവ നൽകിയതായി ബൈബിൾ പറയുന്നു. അതുകൊണ്ട് യഹോവയും പരിശുദ്ധാത്മാവും ഒന്നല്ല.

2 ദൈവം ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറുന്ന പ്രശ്നമില്ല. കാരണം ദൈവം എല്ലായിടത്തുമുണ്ട്. പക്ഷെ, പരിശുദ്ധാത്മാവ് സ്ഥലം മാറുമെന്നതിന് ബൈബിൾ തെളിവാണ്. അതുകൊണ്ട് പരിശുദ്ധാത്മാവ് ദൈവമല്ല.

3 താനെന്താണ് പറയേണ്ടതെന്ന് വേറൊരാൾ പറയുന്നത് കേട്ട് പറയുന്നയാൾ പഠിപ്പിക്കപ്പെടുന്നു. യേശു ഇങ്ങനെ പഠിപ്പിക്കപ്പെട്ടു. ദൈവം പഠിപ്പിക്കപ്പെടുകയില്ല. അതിനാൽ യേശു ദൈവമല്ല. 'എങ്കിലും എന്നെ അയച്ചവൻ സത്യവാൻ ആകുന്നു. അവനോടു കേട്ടതന്നെ ഞാൻ ലോകത്തോട് സംസാരിക്കുന്നുവെന്ന് യേശു പറഞ്ഞു'.2

ജോൺ ബ്രിഡിൽ എഴുതി. 'എല്ലാ വസ്തുക്കളുടെയും ആദ്യകാരണവും ആകാശ ഭൂമികളുടെ സ്രഷ്ടാവുമായ ഏററവും ഉന്നതനായ ദൈവം മാത്രമെ നമ്മുടെ വിശ്വാസവും ആരാധ

1. വിശുദ്ധ ഖുർആൻ 9 : 31. 2. യോഹന്നാൻ 8 : 26.

നയും അർഹിക്കുന്നുള്ളു; ആ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. നമ്മുടെ എല്ലാ ദൗർബല്യങ്ങളും മനസ്സിലാക്കി നമ്മെ സഹായിക്കാൻ തയ്യാറായ നമ്മുടെ ഒരു സഹോദരൻ എന്ന നിലയിൽ ഞാൻ യേശുവിൽ വിശ്വസിക്കുന്നു. യേശുവിന് മനുഷ്യ പ്രകൃതി മാത്രമെയുള്ളു അദ്ദേഹം ദൈവത്തിനടിമയാണ്. അദ്ദേഹം വേറൊരു ദൈവമല്ല. രണ്ടു ദൈവമില്ല ...... പരിശുദ്ധാത്മാവ് ദൈവത്തിന്റെ സന്ദേശമെത്തിക്കാൻ നിയുക്തനായ ഒരു മാലാഖ മാത്രമാണ്.1

അതെ—

സ്രഷ്ടാവായ ദൈവം ഏകനാണ്
ക്രിസ്തു ഒരു പ്രവാചകൻ മാത്രം
പരിശുദ്ധാത്മാവ് ഒരു മാലാഖയും.

ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുകയാണ് നിത്യജീവനുള്ള മാർഗ്ഗം. ക്രിസ്തു പറഞ്ഞു. 'നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ'.2

1. D.B: Parke : The Epic of Unitarianism. Quoted in യേശുവിന്റെ പാത; മുഹമ്മദിന്റെയും പേജ് 16.
2. മത്തായി 4 : 10.

## തെളിവ് ഖുർആനിലും!

ആദിപിതാവായ ആദം മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് (സ)വരെ ലോകത്ത് പ്രബോധനം ചെയ്ത മതമാണ് ഇസ്ലാം. നോഹയും അബ്രഹാമും ഇശ്മയേലും യിസ്ഹാഖും മോശെയും ദാവീദും ശലമോനും യേശുവുമെല്ലാം ഇസ്ലാം പ്രബോധനം ചെയ്യാൻവേണ്ടി നിയുക്തരായ പ്രവാചക പരമ്പരയിലെ കണ്ണികൾ മാത്രം. ഇവരെല്ലാവരും പ്രബോധനം ചെയ്തത്, പ്രപഞ്ചത്തിലെ ഏറ്റവും വലിയ സത്യമായ 'നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ് എന്ന കാര്യവും, ജനങ്ങളോട് കൽപ്പിച്ചത് 'നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ' എന്ന കൽപ്പനയുമായിരുന്നു. പാരമ്പര്യത്തിന്റെയും പൗരോഹിത്യത്തിന്റെയും പണിയാളുകൾ തങ്ങളുടെ മേധാവിത്വം സ്ഥാപിക്കുവാൻവേണ്ടി പടച്ച 'മതനിയമങ്ങൾ'ക്കെതിരെ പോരാടിയ പ്രവാചക ശ്രേഷ്ഠൻമാർക്കെതിരെ ആയുധത്തിന്റെയും ആൾബലത്തിന്റെയും ഇമ്പാച്ചിയുമായി എന്നും സ്ഥാപനമതത്തിന്റെ സ്വന്തക്കാർ നിലയുറപ്പിച്ചതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. പക്ഷെ, ദിവ്യബോധനങ്ങളിലൂടെ തങ്ങൾ

മനസ്സിലാക്കിയ സത്യം പ്രചരിപ്പിക്കുന്നതിൽ നിന്നു് തടയാൻ മർദ്ദനങ്ങൾക്കോ കൊലക്കയറുകൾക്കോ കഴിഞ്ഞില്ല. ഏക ദൈവത്തെ മാത്രം ആരാധിക്കുകയെന്ന യാഥാർത്ഥ്യം സ്വീകരിച്ചവർ എണ്ണത്തിൽ പരിമിതമായിരുന്നെങ്കിലും സമൂഹത്തിന്റെ വെല്ലുവിളികളെ തങ്ങളുടെ വിശ്വാസത്തിനു മുമ്പിൽ തകർത്തു തരിപ്പണമാക്കിയതിന്നാണ് ചരിത്രത്തിൽ അധികവും ഉദാഹരണങ്ങളുള്ളത്. നംറൂദിന്റെ തീകുണ്ഠത്തിൽനിന്ന് ദൈവസഹായത്താൽ അത്ഭുതകരമായി അബ്രഹാം രക്ഷപ്പെട്ടതും പിലാത്തോസിന്റെ കുരിശിൽനിന്നു് യേശു, ദൈവസഹായത്താൽ അത്യൽഭുതകരമായി രക്ഷപ്പെട്ടതുമെല്ലാം വേദഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ട ചില സംഭവങ്ങൾമാത്രം. സത്യമതചരിത്രത്തിൽ ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ നടന്നിട്ടുണ്ടാവണം?

നിർഭാഗ്യകരമെന്ന് പറയട്ടെ, ഏകനായ ദൈവത്തെ മാത്രമെ ആരാധിക്കാവൂയെന്ന് കൽപ്പിച്ച പ്രവാചകൻമാരെയും അനുയായികളെയും തന്നെ ആരാധിക്കുകയെന്ന വൈചിത്ര്യത്തിനാണ് ചരിത്രം പിന്നെ സാക്ഷ്യം വഹിച്ചത്. വിഗ്രഹാരാധനക്കെതിരെ ശക്തമായി പോരാടിയ അബ്രഹാമിന്റെ വിഗ്രഹത്തെയായിരുന്നു മുഹമ്മദ് നബി (സ)ക്ക് ആദ്യമായി കഅ്ബാലയത്തിൽനിന്നു് നശിപ്പിക്കേണ്ടി വന്നത്. ഈ വൈചിത്ര്യം ക്രിസ്തുവിന്റെ കാര്യത്തിലും സംഭവിച്ചു. ദൈവത്തെ മാത്രമെ ആരാധിക്കാവൂയെന്ന് കൽപ്പിച്ച ക്രിസ്തുവിനെതന്നെ ദൈവ പുത്രനും ദൈവം തന്നെയുമായി അവരോധിച്ചുകൊണ്ട് കർത്താവായ ദൈവത്തിന് മാത്രം അർപ്പിക്കേണ്ട ആരാധനകൾ അദ്ദേഹത്തിന് മുന്നിൽ അർപ്പിക്കുന്ന അവസ്ഥയുണ്ടായി. ഇത് ക്രിസ്തുവിന്റെ അധ്യാപനങ്ങൾക്കെതിരാണ്. അദ്ദേഹം പഠിപ്പിച്ചത് ഏകനായ കർത്താവ് മാത്രമാണ് ആരാധനക്കർഹൻ എന്നായിരുന്നു. ആരാധനയുടെ മജ്ജയായ പ്രാർത്ഥനകൾ അവനോട് മാത്രമെ പാടുള്ളവെന്നായിരുന്നു. പിലാത്തോസും പൗരോഹിത്യവും ചേർന്നൊരുക്കിയ കുരിശിൽനിന്നും തന്നെ രക്ഷിക്കാൻവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചത് ദൈവത്തോട് മാത്രമായിരുന്നു. 'എന്റെ

പിതാവെ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നക ന്ന് പോകട്ടെ' 1 യെന്ന ക്രിസ്തുവിൻെറ പ്രാർഥന ദൈവം കേ ട്ടുവെന്നും 2 അവനെ രക്ഷിക്കാൻ ദൈവം ഒരു ദൂതനെ അയച്ചു 3 വെന്നും ബൈബിളിൽനിന്നും നാം മനസ്സിലാക്കുന്നു. ത്രിത്വ ത്തിലെ മറെറാരു ആളത്വമായി അവരോധിക്കപ്പെടുന്ന പരിശു ദ്ധാത്മാവിനോട് തന്നിൽ വന്നു നിറയാനോ തന്നെ ശക്തി പ്പെടുത്താനോ എന്തുകൊണ്ട് ക്രിസ്തു പ്രാർത്ഥിച്ചില്ല? പിതാ വായ ദൈവത്തോട് മാത്രമെ പ്രാർത്ഥിക്കാൻ പാടുള്ളൂവെന്ന കാര്യം പ്രായോഗികമായി പഠിപ്പിക്കുകയായിരുന്നു മഹാ നായ ക്രിസ്തു. ക്രിസ്തുവിൻെറ അധ്യാപനങ്ങളിൽ നിന്ന കന്ന് അദ്ദേഹത്തെയും മാതാവിനെയും പരിശുദ്ധാത്മാവ് നി റയപ്പെട്ട പുണ്യവാളന്മാരെയും ആരാധിക്കുന്ന ക്രിസ്ത്യാനിക ളെ പരലോകത്തുവെച്ച് ക്രിസ്തു തന്നെ വിമർശിക്കും. അ പ്പോൾ പശ്ചാത്തപിച്ചിട്ട് കാര്യമുണ്ടാവില്ല. 'അല്ലാഹു പറ യുന്ന സന്ദർഭം' മർയമിൻെറ മകൻ ഈസാ... നീയാണോ മനു ഷ്യരോട് തന്നെയും തൻെറ ഉമ്മയെയും നിങ്ങൾ അല്ലാഹുവിനു പുറമെ ആരാധ്യന്മാരാക്കിക്കൊള്ളുവിൻ എന്നു പറഞ്ഞത്. അ ദ്ദേഹം പറയും. 'നീ മഹാ പരിശുദ്ധൻ! എനിക്ക് ഒരവകാശവു മില്ലാത്തത് പറയുവാനെനിക്ക് പാടില്ലല്ലോ. ഞാനത് പറ ഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയതറിഞ്ഞിട്ടുണ്ടാകും. എ ൻെറ സ്വന്തത്തിൽ പെട്ടത് നീ അറിയുന്നു. നിൻെറ സ്വന്ത ത്തിൽ പെട്ടത് എനിക്കറിയുകയുമില്ല. നിശ്ചയമായും നീ തന്നെയാണ് അദൃശ്യകാര്യങ്ങളെ നന്നായറിയുന്നവൻ. നീ എന്നോട് എന്തു കൽപ്പിച്ചുവോ അതല്ലാതെ ഞാനവരോട് പറ ഞ്ഞിട്ടില്ല; അതായത് എൻെറ രക്ഷിതാവും നിങ്ങളുടെ രക്ഷി താവുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കണമെന്ന് (അ ല്ലാതെ)'. 4

ക്രിസ്തു ദൈവ പുത്രനാണെന്ന വാദത്തെ ഒന്നിലധികം തവണ ഖുർആൻ വിമർശിക്കുന്നുണ്ട്. 'ഒരു സന്താനത്തെ സ്വീ

1. മത്തായി 26 : 39. 2. ഹെബ്രായർ 5 : 7.
3. ലൂക്കോസ് 22 : 43. 4. വി: ഖുർആൻ 5 : 119, 120.

കരിക്കുകയെന്നത് അല്ലാഹുവിന് ഉണ്ടാവുകയില്ല തന്നെ' 1 യെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്ന ഖുർആൻ, 'നിശ്ചയമായും, അല്ലാഹു തന്നെയാണ് മർയമിന്റെ മകൻ മസീഹെന്നു പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു' 1 വെന്ന് പഠിപ്പിക്കുകയും അവർ പറഞ്ഞു കൊണ്ടിരിക്കുന്നതിൽ നിന്ന് പിന്തിരിഞ്ഞില്ലെങ്കിൽ വേദനയേറിയ 'ശിക്ഷ ലഭിക്കുമെന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്യുന്നു.'ഉസൈർ ദൈവ പുത്രനാണെന്ന് യഹൂദികളും മസീഹ് ദൈവ പുത്രനാണെന്ന് ക്രിസ്ത്യാനികളും പറയുന്നു അതവരുടെ വായകൊണ്ടുള്ള ഒരു വാക്കത്രെ, മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനോട് ഇവർ സാമ്യം പുലർത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവരെ ശപിക്കട്ടെ. എങ്ങനെയാണിവർ തെററിക്കപ്പെടുന്നത്'.2 മുമ്പ് അവിശ്വസിച്ചവരായ റോമക്കാരുടെയും മററും ആചാരങ്ങളെയും വിശ്വാസങ്ങളെയും കടമെടുത്തുകൊണ്ട് ക്രിസ്തുവിനെ ദൈവ പുത്രനായി അവരോധിച്ചവർക്കുള്ള ശക്തമായ താക്കീതാണീ വചനം.

ത്രിയേക ദൈവ വിശ്വാസത്തെയും ഖുർആൻ ശക്തമായി വിമർശിക്കുന്നു. 'നിശ്ചയമായും, അല്ലാഹു മൂന്നിൽ ഒരുവനാകുന്നുവെന്നു പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. ഒരേയൊരാരാധ്യനല്ലാതെ ഒരു ആരാധ്യനും ഇല്ലതാനും. അവർ പറഞ്ഞു കൊണ്ടിരിക്കുന്നതിൽനിന്ന് അവർ വിരമിക്കുന്നില്ലെങ്കിൽ, അവരിൽ നിന്ന് അവിശ്വസിച്ചവരെ വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും'.3

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും കേരളത്തിലെ ക്രിസ്തുമതപ്രചാരകർ ക്രിസ്തുവിന്റെ ദിവ്യത്വത്തിനും ത്രിയേകത്വത്തിനുമെല്ലാം ഖുർആനിൽനിന്ന് തെളിവ് (?) കണ്ടുപിടിച്ചതായി കാണാൻ കഴിയും. ക്രിസ്തുവിനെ ഒരു പ്രവാചകനായി പരിചയപ്പെടുത്തുന്ന വാക്യങ്ങളും അദ്ദേഹത്തിന്

1. ഖുർആൻ 5 : 75.
2. വി. ഖുർആൻ 9 : 30.
3. വി. ഖുർആൻ 5 : 76.

നൽകപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ വിവരിക്കുന്ന ഖുർആനിക വചനങ്ങളും അവയുടെ മൂലത്തോടുകൂടി ഉദ്ധരിച്ചുകൊണ്ടാണ് ക്രിസ്തുവിൽ ദിവ്യത്വമുണ്ടെന്ന് ഖുർആൻ സമ്മതിക്കുന്നുവെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഖുർആൻ മൂലത്തോടുകൂടി ഉദ്ധരിച്ചുകൊണ്ട് പുസ്തകമച്ചടിച്ചാൽ സാധാരണക്കാരായ മുസ്ലിംകളെ ആശയക്കുഴപ്പത്തിലാക്കാമെന്നാണ് ഇവർ കരുതുന്നത്. മഞ്ചേരി, മർക്കസുൽ ബിഷാറ പ്രസിദ്ധീകരിക്കുന്നതിലധികവും സ്വിററ്സർലാൻറിലെ Good Way , ഓസ്ട്രിയയിലെ Light of Life എന്നീ സംഘടനകൾ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് പുസ്തകങ്ങളുടെ പരിഭാഷകളാണ്. ഈ പുസ്തകങ്ങളുടെ മൂലഗ്രന്ഥങ്ങളിൽ ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചിടത്ത് വെറും നമ്പറുകൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷെ, ബിഷാറ പ്രസിദ്ധീകരിച്ച പരിഭാഷാ ഗ്രന്ഥങ്ങളിൽ ഈ സൂക്തങ്ങളുടെയെല്ലാം ഖുർആനിക മൂലം കൊടുത്തിരിക്കുന്നത് കാണാം. ഖുർആനിക സൂക്തങ്ങളുടെ ദിവ്യത്വത്തിലുള്ള കേരള മുസ്ലിംകളുടെ ആചഞ്ചലമായ വിശ്വാസത്തെ ചൂഷണം ചെയ്യാമെന്നാണ് ബിഷാറ പ്രവർത്തകർ ഇതുകൊണ്ട് വിചാരിക്കുന്നത്.

ക്രിസ്തുമത പ്രചാരകരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിൻെറ ദിവ്യത്വത്തിന് ഖുർആനിക വചനങ്ങളെ തെളിവായുദ്ധരിക്കുന്നതിൻെറ അനൗചിത്യത്തെക്കുറിച്ച് ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. മുഹമ്മദുനബി ഒരു വ്യാജപ്രവാചകനും വിശുദ്ധ ഖുർആൻ 'ആ മനുഷ്യൻെറ' ചില 'പുലഭ്യ'ങ്ങളുമാണെന്ന് വിശ്വസിക്കുന്നവരാണ് ക്രിസ്ത്യാനികൾ. ഈ കള്ളപ്രവാചകൻെറ (അല്ലാഹുവിൽ ശരണം) പുലഭ്യങ്ങളിൽനിന്നും ക്രിസ്തുവിൻെറ ദിവ്യത്തിന് തെളിവുകളുദ്ധരിക്കുന്നത് ഏതടിസ്ഥാനത്തിലാണ്? മുഹമ്മദ് നബി കള്ള പ്രവാചകനും ഖുർആൻ അദ്ദേഹത്തിൻെറ സൃഷ്ടിയുമാണെന്നുള്ള വാദങ്ങൾ ഉപേക്ഷിച്ചതിനുശേഷമേ ഖുർആനിക സൂക്തങ്ങൾ ഏതു വിഷയത്തിനും തെളിവായുദ്ധരിക്കാൻ അവർക്ക് അർഹതയുള്ളു.

വിശുദ്ധ ഖുർആനിൽ ത്രിയേകത്വം, ക്രിസ്തുവിൻെറ

ദിവ്യത്വം തുടങ്ങിയ 'ദൈവിക സത്യങ്ങൾ' പറയുന്നുവെന്ന് വാദിക്കുമ്പോൾ, ക്രൈസ്തവ മിഷനറിമാർ യഥാർത്ഥത്തിൽ ഖുർആനിന്റെ ആധികാരികതയും അപ്രമാദിത്വവും പരോക്ഷമായി സമ്മതിക്കുകയാണ് ചെയ്യുന്നത്. ഇവ ദൈവിക സത്യങ്ങളാണെങ്കിൽ, ദൈവിക ബോധനം കൂടാതെ മുഹമ്മദ് നബിക്ക് സ്വയം ഇക്കാര്യങ്ങൾ പറയാൻ കഴിയുന്നതെങ്ങനെ? അപ്പോൾ, വ്യംഗ്യമായി മുഹമ്മദ് നബിയുടെ പ്രവാചകത്വവും അംഗീകരിക്കുകയാണ്, ഖുർആൻ സൂക്തങ്ങൾ തെളിവായുദ്ധരിക്കുന്നതിലൂടെ 'അലവി'മാർ ചെയ്യുന്നത്.

മുസ്ലിംകൾ ബൈബിൾ വചനങ്ങൾ തെളിവായുദ്ധരിക്കുന്നതിലൂടെ ബൈബിളിന്റെ അപ്രമാദിത്വവും ആധികാരികതയും അംഗീകരിക്കുകയല്ലേ ചെയ്യുന്നതെന്ന് തീർച്ചയായും സംശയമുന്നയിക്കാം. ക്രൈസ്തവരുടെ കൈവശമുള്ള പഴയ നിയമമോ പുതിയ നിയമമോ ഉത്തര കാനോനിക ഗ്രന്ഥങ്ങളോ ഒന്നുംതന്നെ പൂർണ്ണമായി ദൈവികമാണെന്ന് മുസ്ലിംകൾ വിശ്വസിക്കുന്നില്ല. അവ പ്രമാദമുക്തങ്ങളാണെന്ന് ക്രൈസ്തവസഭകളിൽതന്നെ പലതിനും അഭിപ്രായമില്ലല്ലോ. പക്ഷെ, യേശുവും മോശെയും ദാവീദും മററു പ്രവാചകൻമാരുമെല്ലാം മാനവരാശിക്കാകമാനം മാതൃകയായി വർത്തിച്ചുകൊണ്ട് അവർക്ക് മോചനത്തിന്റെ പാത കാണിച്ചുകൊടുത്ത മഹാൻമാരായിരുന്നുവെന്ന് മുസ്ലിംകൾ വിശ്വസിക്കുന്നു. പ്രവാചകൻമാർക്കെല്ലാം ദിവ്യബോധനവും നൽകപ്പെട്ടിരുന്നു അവരിൽ ചിലർ വേദഗ്രന്ഥങ്ങളുമായി വന്നു. മോശെ 'തൗറാത്തും' ദാവീദ് 'സബൂറും' യേശു 'ഇൻജീലും' ദൈവത്തിങ്കൽ നിന്ന് വേദഗ്രന്ഥമായി കൊണ്ടുവന്നു. അവ സമ്പൂർണ്ണങ്ങളും സ്ഖലിതരഹിതവുമായിരുന്നു. പക്ഷെ പിന്നീട വന്ന പൗരോഹിത്യം പ്രവാചകൻമാർ കൊണ്ടുവന്ന ഗ്രന്ഥങ്ങളിൽ മാററങ്ങൾ വരുത്തി. അവർ പ്രവാചകൻമാർ എഴുതിയതാണെന്ന പേരിൽ സ്വന്തം അഭീഷ്ടത്തിനൊത്ത് വേദഗ്രന്ഥങ്ങളിൽ പലതും എഴുതിച്ചേർത്തു. റവ: എ.സി. ക്ലേയിററൻ എഴുതുന്നു. 'പുരാതന ഗ്രന്ഥകർത്താക്കൻമാരിൽ ചിലർ വിശിഷ്ടമായ ഒരു പാഠഭാഗത്തെ പ്രതിവാദിക്കുന്നതിന്ന് ആഗ്രഹിച്ചാൽ അവർ

തങ്ങൾ പറയുന്ന ഉപദേശം ദാവീദ്, ഹാനോക്ക്, യെശയ്യാവ് മുതലായ മഹാൻമാർ പറയുന്നവെന്ന് ഭാവിച്ച് വാസ്തവത്തിൽ തങ്ങൾ തന്നെ എഴുതുന്നവയെ ആ മഹാൻമാർ എഴുതിയെന്ന് പറയുന്നത് അബദ്ധമാണെന്ന് വിചാരിച്ചിരുന്നില്ല' 1 ഇതാണവസ്ഥ! പ്രവാചകൻമാരുടെയും ദീർഘദർശിമാരുടെയും പേരിൽ സ്വയം എഴുതിയുണ്ടാക്കിയവയെ വേദഗ്രന്ഥങ്ങളായി അംഗീകരിക്കാൻ മുസ്ലിംകൾക്ക് പ്രയാസമുണ്ട്.

മോശെ എഴുതിയതെന്ന് പറയപ്പെടുന്ന 'തോറ' പൂർണ്ണമായും എഴുതിയത് മോശെയല്ല. 'വേദ പണ്ഡിതൻമാരിൽ പലരും ഇതിൽ മോശെ ഉപദേശിച്ച പലതുമുണ്ടെങ്കിലും ഈ പുസ്തകം മോശയാലല്ല, പിൽക്കാലത്താണെഴുതപ്പെട്ടതെന്ന് അഭിപ്രായപ്പെടുന്നു; ഇത് എഴുതിയത് ആരാണെന്ന് നമുക്കറിഞ്ഞുകൂട' 2 എന്നാണ് റവ: എ സി. ക്ലേയീററൻ എഴുതുന്നത്. ഇതുതന്നെയാണ് ദാവീദിൻെറ സങ്കീർത്തനങ്ങളുടെയും ക്രിസ്തുവിൻെറ സുവിശേഷങ്ങളുടെയും സ്ഥിതി. അവയിൽ പ്രവാചകൻമാർ പറഞ്ഞ വാക്യങ്ങളുണ്ട്. അവർക്ക് ലഭിച്ച ബോധനങ്ങളിൽ ചിലവയുണ്ട്. പക്ഷെ, അവ പൂർണ്ണമായും ദൈവിക ബോധനങ്ങളോ പ്രവാചക പ്രബോധനങ്ങളോ അല്ല. ക്രിസ്തുസുവിശേഷം പ്രസംഗിച്ചുവെന്ന് വ്യക്തമാക്കുന്ന ബൈബിളിൽ 3 ക്രിസ്തുവിൻെറ വചനങ്ങൾതന്നെ തുലോം വിരളമാണ്. നാലു സുവിശേഷങ്ങളിലും പ്രധാനമായും നാം കാണുന്നത് ക്രിസ്തുവിൻെറ ജീവിതത്തിലെ ചില സംഭവങ്ങളുടെ വിവരണമാണ്. ക്രിസ്തുവിൻെറ അൽഭുത സംഭവങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന സുവിശേഷ കർത്താക്കൾ, അദ്ദേഹത്തിൻെറ പ്രബോധനങ്ങൾക്ക് വേണ്ടത്ര സ്ഥലം നീക്കിവെച്ചിട്ടില്ല. നാലു സുവിശേഷങ്ങളിലും കൂടിയുള്ള ക്രിസ്തുവിൻെറ വചനങ്ങൾ ക്രോഡീകരിച്ചാൽ ഏതാനും പേജുകൾ മാത്രമെ ഉണ്ടാവുകയുള്ളു.

1. വേദ പുസ്തക നിഘണ്ടു : പേജ് 41.
2. Ibid Page: 41. 3. ആവർത്തനം 18 : 18.

ബൈബിൾ വാക്യങ്ങളെ പ്രധാനമായും മൂന്നായി തരം തിരിക്കാം.

1 ദൈവവചനങ്ങളെന്ന് ബൈബിൾ സാക്ഷ്യം വഹിക്കുന്നവ.

ഉദാ:- 'നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരൻമാർക്കിടയിൽ നിന്നും എഴുന്നേൽപ്പിച്ച് എന്റെ വചനങ്ങളെ അവന്റെ നാവിൻമേൽ ആക്കും'.1

2 പ്രവാചക വചനങ്ങളെന്ന് എഴുത്തുകാർ പറഞ്ഞവ.

ഉദാ:- 'യേശു പറഞ്ഞു ഇതാണ് ഒന്നാമത്തെ കൽപ്പന, ഇസ്രായീലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ് നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക'.2

3 കേട്ടുകേൾവി മുഖേനയും ദൃക്സാക്ഷി വിവരണങ്ങളിലൂടെയും എഴുതപ്പെട്ട ചരിത്രകാരന്റെ വിശദീകരണങ്ങൾ.

ഉദാ:- അവൻ യെരൂശലേമിൽ എത്തിയപ്പോൾ അവൻ ദേവാലയത്തിൽ കടന്നു. ദേവാലയത്തിൽ വിൽക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കിത്തുടങ്ങി.3

ബൈബിൾ പ്രകാരം തന്നെ, ഇതിൽ ഒന്നാമത്തേത് മാത്രമെ ദൈവവചനമായി അംഗീകരിക്കാൻ പററൂ. രണ്ടാമത്തെ

1. ആവർത്തനം 18 : 18.
2. മാർക്കോസ് 12 : 29 , 30. 3. മാർക്കോസ് 11 : 15.

വിഭാഗത്തിൽപെട്ട വാക്യങ്ങളും മൂന്നാമത്തെ വിഭാഗത്തിലെ ദൃക്സാക്ഷി വിവരണങ്ങളും ക്രിസ്തുവിൻെറ, അഥവാ പ്രവാചകൻെറ വാക്യങ്ങളും പ്രവർത്തനങ്ങളുമാണ്. മൂന്നാമത്തെ വിഭാഗത്തിൽപെട്ട കേട്ടുകേൾവി അർദ്ധസത്യങ്ങൾ എന്നിവ പ്രമാണങ്ങളാക്കാൻ തീരെ അയോഗ്യമാണ്. ഇത് മൂന്നും കൂടാതെ അപ്പോസ്തലൻമാരുടെയും ക്രിസ്തുമത സ്ഥാപകനായ പൗലോസിൻെറയും വചനങ്ങളും പ്രവർത്തികളും മററു കാര്യങ്ങളെല്ലാം പുതിയ നിയമത്തിൻെറ ഉള്ളടക്കത്തിൽ ഉൾപ്പെടുന്നു. ഇതിലെ പ്രത്യേകം എടുത്തുപറഞ്ഞ മൂന്നു വിഭാഗങ്ങളും വിശ്വസ്തർ മുഖേന ഉദ്ധരിക്കപ്പെട്ടതാണെങ്കിൽ മാത്രമാണല്ലോ തെളിവിനു യോഗ്യമാകൂ. എന്നാൽ അവ റിപ്പോർട്ട് ചെയ്തവരിൽ പലരുടെയും ചരിത്രം പരിശോധിച്ചാൽ അവയുടെ വിശ്വാസ്യതക്ക് പ്രാബല്യം സിദ്ധിക്കുന്നില്ലെന്ന് വ്യക്തമാകും.

മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽപ്പെടുന്നതാണ് ഖുർആൻ. രണ്ടാമത്തെ വിഭാഗത്തിൽ ഹദീസും മൂന്നാമത്തെ വിഭാഗത്തിൽ ചരിത്ര ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു.

ബൈബിളിലെ വാക്യങ്ങളിൽ പലതും നഷ്ടപ്പെടുകയും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും അതിൽ ദൈവികവെളിപാടിൻെറ ചില അംശങ്ങളെങ്കിലും അവശേഷിക്കുന്നുവെന്ന വിശ്വാസം കൊണ്ടാണ് മുസ്ലിംകൾ ബൈബിൾ ഉദ്ധരിക്കുന്നത്. ഖുർആനിനെ സംബന്ധിച്ച ക്രിസ്തീയ വിശ്വാസംപോലെ ബൈബിൾ ഒരു വ്യാജവാദിയുടെ ജൽപ്പനങ്ങൾ മാത്രമാണെന്ന വിശ്വാസം മുസ്ലിംകൾക്കില്ലെന്നർത്ഥം.

വിശ്വാസാചാരങ്ങളിൽ ബഹുദൈവ വിശ്വാസത്തിൻെറ ലാഞ്ഛനപോലും അനുവദിക്കാത്ത ഖുർആനിൽനിന്ന് ത്രിയേകത്വത്തിന് തെളിവുണ്ടാക്കുവാൻ ക്രൈസ്തവ മിഷിനറിമാക്കു മാത്രമെ കഴിയൂ. ക്രിസ്തുവിൻെറ ദിവ്യത്വത്തിന് അദ്ദേഹത്തിൻെറ അത്ഭുത പ്രവർത്തനങ്ങൾ തെളിവാക്കുന്നതിൻെറ അല്പത്വം നടേ നാം മനസ്സിലാക്കി. ഇതുപോലെത്തന്നെയാണ് ത്രിത്വത്തിന് ഖുർആനിൽനിന്നുദ്ധരിക്കുന്ന തെളിവുകളും.

അർക്ക് പ്രീസ്റ്റ് സക്കരിയാ ബ്യൂട്രസ് എഴുതുന്നു: 'സൂറാ 4 : 171- മർയമിന്റെ മകനായ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും, മർയമിൽ അർപ്പിച്ചതായ അവന്റെ വചനവും അവങ്കൽനിന്നുമുള്ള ആത്മാവുമത്രെ' ഈ വാക്യത്തിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ദൈവത്തിൽ ഉള്ളതായി കാണാം.

ഒരു വ്യക്തിത്വം — ദൈവത്തിന്റെ ദൂതൻ

ഒരു വചനം — അവന്റെ വചനം

ഒരു ആത്മാവ് — അവങ്കൽ നിന്നുള്ള ആത്മാവ്

അങ്ങനെ ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ത്രിത്വോപദേശത്തിനുള്ള ഒരു സൂചന ഈ വാക്യത്തിൽ ഉണ്ട്''.1

ഇവിടെ സുപ്രധാനമായ ഒരു തിരിമറി വളരെ കൃത്രിമമായി നിർവ്വഹിച്ചിരിക്കുന്നു. ഈ ആയത്തിൽ ഈസാ (അ)യെ കുറിച്ച് മൂന്ന് വിശേഷണങ്ങളാണ് പറഞ്ഞിരിക്കുന്നത്. അത് ദൈവത്തിൽ ഉള്ള വ്യക്തിത്വങ്ങളാണെന്ന് വരുത്തിത്തീർക്കാനാണ് സുവിശേഷകർ വളരെ സമർത്ഥമായി പരിശ്രമിച്ചിരിക്കുന്നത്. ഈ വാക്യത്തിൽനിന്നും താഴെ പറയുന്ന കാര്യങ്ങൾ ദൈവത്തിൽ ഉള്ളതായിക്കാണാം എന്നുപറയുന്നത് ശുദ്ധമായ അസത്യം മാത്രമാണ്. അത് മാററി ഈ വാക്യത്തിൽനിന്നും താഴെ പറയുന്ന കാര്യങ്ങൾ യേശുവിൽ ഉള്ളതായിക്കാണാം. എന്നാക്കി മാററിയാലേ ഖുർആനിക വചനത്തോട് നീതിപുലർത്തപ്പെടൂ. ഖുർആൻ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് 'ക്രിസ്തുമതം' പ്രചരിപ്പിക്കുന്ന മിഷിനറി നടപടിയെ മുസ്ലിംകൾ സഗൗരവം വീക്ഷിക്കേണ്ടതുണ്ട്.

ഈ സൂക്ത (ഖുർആൻ 4 : 171) ത്തിന്റെ പൂർണ്ണരൂപം

1. വിശുദ്ധ ത്രിത്വത്തിൽ ദൈവം ഏകനാണ് പേജ് 17.

നോക്കുക: 'വേദക്കാരെ, നിങ്ങൾ അല്ലാഹുവിൻെറ മതത്തിൽ അതിരു കവിയരുത്; നിങ്ങൾ അല്ലാഹുവിൻെറ പേരിൽ യഥാർത്ഥമല്ലാതെ പറയുകയും ചെയ്യരുത്. നിശ്ചയമായും മർയമിൻെറ മകൻ ഈസാ മസീഹ് അല്ലാഹുവിൻെറ ദൂതനും അവൻ മർയമിലേക്ക് ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ റസൂലുകളിലും വിശ്വസിക്കുവിൻ. 'ത്രിത്വം' എന്നു നിങ്ങൾ പറയുകയും അരുത്. നിങ്ങൾ വിരമിക്കുവീൻ. നിങ്ങൾക്ക് ഗുണകരമായ നിലക്ക്. നിശ്ചയമായും, അല്ലാഹു ഒരേയൊരു ആരാധ്യൻ മാത്രമാകുന്നു അവന് ഒരു സന്താനമുണ്ടായിരിക്കുന്നതിൽനിന്നും അവൻ മഹാ പരിശുദ്ധൻ! അവൻെറതാണ് ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും. (കൈകാര്യം) ഏൽപ്പിക്കപ്പെടുന്നവനായി അല്ലാഹുതന്നെ മതി'.

വേദക്കാരോട് അതിരു കവിയരുതെന്ന് പറഞ്ഞുകൊണ്ട് തുടങ്ങുന്ന ഈ സൂക്തം, ഈസാ മസീഹ് ദൂതനും വചനവും ആത്മാവുംമാത്രമാണെന്നും, ദൈവമാണെന്നോ ത്രിയേകദൈവങ്ങളിലെ ഒരു ആളത്വമാണെന്നോ ദൈവപുത്രനാണെന്നോ ഉള്ള വിശ്വാസം 'അതിരു കവിയൽ' ആണെന്നാണ് പഠിപ്പിക്കുന്നത്. ഈ സൂക്തത്തിലെ 'മസീഹ്ബനു മർയം' എന്ന പ്രയോഗം വ്യക്തമാക്കുന്നതുപോലെ മർയമിൻെറ മകനായ യേശുവിനെക്കുറിച്ച് മാത്രമാണ് വചനവും ആത്മാവും ദൂതനുമാണെന്ന് പറഞ്ഞത്. അല്ലാതെ ദൈവത്തെക്കുറിച്ചല്ല. ഈ സൂക്തം 'വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ഖുർആൻെറ സാക്ഷ്യം' ആണെന്ന് എഴുതിവിടുന്നവർ നട്ടുച്ചക്ക് പാതിരാത്രിയാണെന്ന് പറയാനും ധൈര്യപ്പെടാതിരിക്കില്ല.

എല്ലാ പ്രവാചകൻമാരും, ദൈവത്തിൻെറ അടിമകളും മനുഷ്യരുമാണെന്ന് ഖുർആൻ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നുണ്ട്. അവരിലാരിലും ദൈവാംശമില്ലെന്നും അവരൊന്നും ദൈവമോ ദൈവപുത്രൻമാരോ അല്ലെന്നും ക്രൈസ്തവരും

സമ്മതിക്കുന്നുണ്ടല്ലോ. അവരെപ്പോലെ ഒരു പ്രവാചകൻ മാത്രമാണ് യേശുവെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തിൽ ദിവ്യത്വമില്ലെന്ന് വ്യക്തമാക്കുകയാണ് ഖുർആൻ ഇവിടെ ഒന്നാമതായി ചെയ്യുന്നത്.

പടച്ചതമ്പുരാൻ, ഏതൊരു വസ്തുവും ഉണ്ടാകണമെന്നുദ്ദേശിച്ചാൽ അതുണ്ടായിത്തീരുമെന്ന കാര്യം ഖുർആൻ ഒന്നിലധികം തവണ പ്രസ്താവിക്കുന്നുണ്ട്. ആദാമി (അ) നെ മണ്ണുകൊണ്ട് രൂപപ്പെടുത്തുകയും അതിനോട് ഉണ്ടാവുകയെന്ന് പറയുകയും ചെയ്തപ്പോൾ അതുണ്ടായി 1 എന്ന് ഖുർആൻ പറയുന്നു. ഈസാ (അ) യുടെ ഉപമ ആദമിനെ പോലെയാണെന്നും ഈ സൂക്തത്തിൽ പറയുന്നുണ്ട്. സാധാരണ പ്രകൃതി നിയമങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായി, കാര്യകാരണബന്ധങ്ങൾക്കതീതമായി, ഒരു പിതാവിന്റെ ബന്ധം കൂടാതെ, അല്ലാഹുവിന്റെ 'ഉണ്ടാവുക' എന്ന വചനം (കലിമത്ത്) കൊണ്ട് ഉണ്ടായ വ്യക്തിയാണ് ഈസ (അ). അതുകൊണ്ടാണ് അദ്ദേഹത്തെ 'കലിമത്തുല്ലാ' എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത്. അതല്ലാതെ, ദൈവവചനം ജഡരൂപം പ്രാപിച്ച് ഭൂമിയിൽ ഇറങ്ങിയതാണ് യേശുവെന്ന അബദ്ധജഡിലമായ ക്രൈസ്തവ വിശ്വാസം ഖുർആൻ അംഗീകരിക്കുകയല്ല ചെയ്യുന്നത്.

'അതുകൊണ്ട് ഞാൻ അവനെ രൂപം നൽകി ശരിപ്പെടുത്തുകയും അവനിൽ ഞാൻ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങൾ അവന് സുജൂദ് ചെയ്തുകൊള്ളണം.' 2 എന്ന് ആദം (അ) മിനെക്കുറിച്ച് അല്ലാഹു മലക്കുകളോട് പറഞ്ഞതായി ഖുർആൻ വ്യക്തമാക്കുന്നു. ഇതേ രൂപത്തിൽതന്നെ, 'എന്നിട്ട് നാം അവളിൽ നമ്മുടെ ആത്മാവിൽനിന്ന് ഊതി' 3 എന്ന് മർയമിനെക്കുറിച്ചും അല്ലാഹു പറയുന്നു.

---

1. ആലുഇംറാൻ : 59. 2. സ്വാദ് 72. 3. അമ്പിയാഅ് 91.

ഇവിടെ രണ്ട് സൂക്തങ്ങളിലും 'എന്റെ ആത്മാവിൽനിന്ന് ഊതി' എന്ന് പ്രസ്താവിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്. പിതാവും മാതാവുമില്ലാതെ സൃഷ്ടിക്കപ്പെട്ട ആദമിൽ ദൈവം അവന്റെ ആത്മാവ് ഊതിയപ്പോൾ അദ്ദേഹം മനുഷ്യ ജീവിയായതുപോലെ, മാതാവിൽനിന്ന മാത്രമായി ജനിച്ച ഈസാ (അ) യുടെ മാതാവായ മർയമി (അ) ൽ അല്ലാഹു അവന്റെ ആത്മാവ് ഊതിയപ്പോൾ അദ്ദേഹം മനുഷ്യ ജീവിയായി ജനിച്ചുവെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. ഈസാ (അ) യുടെ വിശേഷ നാമമായി ഖുർആനിൽ 'റൂഹുൻമിൻഹു' (അവങ്കൽ നിന്നുമുള്ള ആത്മാവ്) എന്ന പറഞ്ഞതിന്റെയും സാരം ഇതല്ലാതെ മറ്റൊന്നല്ല. അതല്ലാതെ, ഈസാ (അ) നബിക്ക് ദിവ്യത്വമുള്ളതായി ഈ ആയത്തുകൊണ്ട് വാദിക്കുകയാണെങ്കിൽ ആദ (അ) മിന്നും ദിവ്യത്വമുണ്ടെന്ന് സമ്മതിക്കേണ്ടി വരും. അങ്ങനെയൊരു അബദ്ധവാദം ക്രൈസ്തവർക്കുമില്ലല്ലോ.

ഖുർആൻ, യേശുക്രിസ്തു ദൈവത്തിന്റെ മഹാനായ പ്രവാചകനും മാതൃകായോഗ്യനായ മനുഷ്യനുമായിരുന്നെന്ന് സമർത്ഥിക്കുന്നു. ഇതിന വിരുദ്ധമായി യേശു ദൈവമാണെന്നോ, ത്രിയേക ദൈവത്തിൽ ഒരുവനാണെന്നോ അർത്ഥമുള്ള ഒരു സൂക്തംപോലും ബൈബിളിൽ നിന്നുമുദ്ധരിക്കുക സാധ്യമല്ല.

ക്രിസ്തു പ്രബോധനം ചെയ്തത് ഇസ്ലാമായിരുന്നു. തന്നെ വിളിച്ച പ്രാർത്ഥിക്കാനോ ആരാധിക്കാനോ അദ്ദേഹം ഒരിക്കലും തന്റെ അനുയായികളോട് പറഞ്ഞിട്ടില്ല. പിലാത്തോസും യഹൂദ പൗരോഹിത്യവുമൊരുക്കിയ കുരിശിൽ നിന്നും രക്ഷപ്പെടുവാൻവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചത് പരമോന്നതനും പരമ കാരുണികനുമായ പിതാവിനോടായിരുന്നുവെന്ന് സുവിശേഷങ്ങൾ ഘോഷിക്കുന്നു. ക്രിസ്തുവിന്റെ പാത പിന്തുടർന്ന് നിത്യജീവൻ പ്രാപിക്കണമെന്നാശിക്കുന്ന വിശ്വാസികൾ, ക്രിസ്തുവിന്റെ ഈ മാതൃക സ്വീകരിച്ച്, ഏകദൈവത്തെ മാത്രം ആരാധിക്കുവാൻ ആഹ്വാനം ചെയ്യുന്ന

ഇസ്ലാമികാശയങ്ങൾ ജീവിതത്തിൽ പകർത്തുകയാണ് ചെയ്യേണ്ടത്. വേദപുസ്തകത്തിൽ പ്രതിപാദിക്കുകയോ ക്രിസ്തു പഠിപ്പിക്കുകയോ ചെയ്യാത്ത ആശയങ്ങൾ ജീവിത പ്രമാണമായി സ്വീകരിക്കുന്നവർ ക്രിസ്തു താക്കീതു ചെയ്ത നിത്യ ദുഃഖത്തിലകപ്പെടുമെന്ന കാര്യം മനസ്സിലാക്കുക. 'സകലതിനെയും ശോധന ചെയ്തു നല്ലതിനെ മുറുകെപ്പിടിക്കുവിൻ' എന്ന വചനം വേദപ്രമാണമായി അംഗീകരിക്കുന്നവർ ഇസ്ലാമിനെക്കുറിച്ച് പഠിക്കുവാനും അതു സത്യമെങ്കിൽ സ്വീകരിക്കുവാനും തയ്യാറാകുമോ? അസത്യത്തിന്റെ അപ്പോസ്തലൻമാർ ഒരുക്കുന്ന കുരിശിൽനിന്നും രക്ഷപ്പെടാനവർ സന്നദ്ധമാകുമോ?

○

## REFERENCES


1) The Holy Bible, King James Version
2) The Holy Bible, Revised Standard Version
3) Christian – Muslim Debate: H.M. Baggil
4) Christian Reply to Muslim Objections: W. St. Clair Tisdall
5) What is Christianity: Moulana Muhammad Taqi Usmani
6) The Islam Debate: Josh Mc Dowell
7) The Infalibility of the Torah and the Gospal:
—Iskander Jadeed.
8) The God that Never was: Ahmed Deedath
9) Is the Bible God's word: Ahmed Deedath
10) Christ in Islam: Ahmed Deedath
11) Jesus A Prophet of Islam: M.A.Rahim
12) Muhammed in the Bible: David Benjamin Keldani
13) വിശുദ്ധ ഖുർആൻ വിവരണം: മൗലവി മുഹമ്മദ് അമാനി
14) മീസാനുൽ ഹഖ്; സത്യത്തിന്റെ തുലാസ്: സി.ജി. ഫാൻഡർ
15) നിങ്ങളുടെ ചോദ്യം ഇതാണെങ്കിൽ: എം.എച്ച്. ഫിൻലെ
16) വിശുദ്ധ ത്രിത്വത്തിൽ ദൈവം ഏകനാണ്:
—ആർക്ക് പ്രീസ്റ്റ് സക്കരിയാ ബ്യൂട്രസ്
17) ദൈവത്തിന് പുത്രനോ: കെ.കെ. അലവി
18) യേശുവിന്റെ പാത; മുഹമ്മദിന്റെയും:
—പ്രൊഫ: പി.പി. ഷാഹുൽഹമീദ്
19) ബൈബിൾ നൂറ്റാണ്ടുകളിലൂടെ: പി.റ്റി. കുരുവിള
20) വേദ പുസ്തക നിഘണ്ടു: റവ: എ.സി. ക്ലേയീറ്റൻ
21) ബൈബിളിന്റെ വിശ്വസനീയത: മൗലവി മുഹമ്മദ് അമാനി
22) ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു:
— അബ്ദുൽ മസീഹ്
23) സത്യവേദ പുസ്തകം: (ഇന്ത്യാ ബൈബിൾ സൊസൈറ്റി; ബാംഗ്ലൂർ)
24) ബൈബിൾ: (പാസ്ചറൽ ഓറിയന്റേഷൻ സെന്റർ, കൊച്ചി)
25) മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ:
—സയ്യിദ് സനാഉല്ല മക്തി തങ്ങൾ
26) മക്തി തങ്ങൾ; ജീവചരിത്രം:
—കെ.കെ. മുഹമ്മദ് അബ്ദുൽ കരീം
27) ഭഗവദ് ഗീത: (പരിഭാഷ)
28) ഹിന്ദു ധർമ്മ പരിചയം: കെ. പരമേശ്വരൻ പിള്ള
29) തത്ത്വവും മനുഷ്യനും: സുകുമാർ അഴീക്കോട്